പതിനഞ്ചാം കേരള നിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2021-2023)

മൂന്നാമത് റിപ്പോർട്ട്

(2021 ആഗസ്റ്റ് മാസം 10-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07, 2015-16 എന്നീ വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള പാലക്കാട് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കിയുള്ളത്]


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021


mc

# പതിനഞ്ചാം കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2021-2023)

## മൂന്നാമത് റിപ്പോർട്ട്

(2021 ................ മാസം ............-ാം തീയതി സഭയിൽ സമർപ്പിച്ചത് )

mc

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | |
| മുഖവുര | : | |
| റിപ്പോർട്ട് | : | |
| അനുബന്ധം I | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/തുടർ ശിപാർശകളും | : | |
| അനുബന്ധം II | | |
| സർക്കാരിൽ നിന്നും ലഭിച്ച മറുപടി | | |


mc

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

## ഘടന

**അദ്ധ്യക്ഷൻ**

ശ്രീ. ടി.പി.രാമകൃഷ്ണൻ

**അംഗങ്ങൾ**

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

ഡോ.എൻ.ജയരാജ്

ശ്രീ.കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ.ടി.ഐ. മധുസൂദനൻ

ശ്രീ.എ.സി.മൊയ്തീൻ

ശ്രീ.മോൻസ് ജോസഫ്

ശ്രീ.ഐ.ബി. സതീഷ്

ശ്രീ.ഷാഫി പറമ്പിൽ

ശ്രീ.ഇ.കെ.വിജയൻ

ശ്രീ.പി.സി.വിഷ്ണുനാഥ്

**നിയമസഭാ സെക്രട്ടേറിയറ്റ്**

ശ്രീ. എസ്.വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. പി.പി. ഷാനവാസ്, ജോയിന്റ് സെക്രട്ടറി

ശ്രീ.ഹരി വിശ്വൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ. ജി, അണ്ടർ സെക്രട്ടറി

mc

## മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2021-2023) യുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07, 2015-16 എന്നീ വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള പാലക്കാട് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2021 ജൂലായ് മാസം 15-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി.പി.രാമകൃഷ്ണൻ,
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2021, ആഗസ്റ്റ് 10

mc

SET III

# റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07, 2015-16 എന്നീ വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പാലക്കാട് ജില്ലയിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കിയത്.

**പാലക്കാട് ജില്ലാ പഞ്ചായത്ത്**

**ഓഡിറ്റ് ഖണ്ഡിക**

**തരിശുഭൂമിയിൽ കൂട്ടുകൃഷി-ധനവിനിയോഗം-പദ്ധതിനിർദ്ദേശത്തിനവിരുദ്ധം**

**ഓഡിറ്റ് റിപ്പോർട്ട് 2000-01 ഖണ്ഡിക 2(9)**

കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഹോർട്ടികൾച്ചർ) നിർവ്വഹണ ഉദ്യോഗസ്ഥനായി 1998-99 വർഷത്തിൽ ആരംഭിച്ച തരിശുഭൂമിയിൽ കൂട്ടുകൃഷി എന്ന പദ്ധതി പ്രകാരം 2000-01 വർഷത്തിൽ വാഴ പരിപാലന സബ്സിഡിയായും പാട്ട തുകയായും ഒട്ടാകെ രൂപ 6,08,403/- ചെലവഴിച്ചിട്ടുണ്ട്. പാട്ടത്തുക ഇനത്തിൽ നൽകിയ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | കൃഷി ഓഫീസിന്റെ പേര് | തുക (രൂപ) |
|---|---|---|
| 1 | കാവശ്ശേരി | 80,000 |
| 2 | മുതുതല | 80,000 |
| 3 | മുതലമട | 80,000 |
| 4 | കോട്ടായി | 80,000 |
| 5 | പട്ടിത്തറ | 38,200 |
| | ആകെ | 3,58,200 |

പ്രോജക്ട് പ്രകാരം ഗുണഭോക്താക്കൾ തന്നെയാണ് പാട്ടത്തുക വഹിക്കേണ്ടത്. ആയതിനാൽ 6,08,403 രൂപയിൽ പാട്ടത്തുകയായി നൽകിയ 3,58,200/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ബാക്കി തുകയായ 2,50,203/- രൂപ വാഴ പരിപാലനത്തിനുള്ള സബ്സിഡിക്കാണ് നൽകിയിട്ടുള്ളത്. പ്രോജക്ട് പ്രകാരം കുഴിയെടുക്കൽ, ജൈവവളം എന്നിവക്ക് മാത്രമേ സബ്സിഡി നൽകുന്നതിന് തുക

വകയിരുത്തിയിട്ടുള്ളൂ. എന്നാൽ പ്രവൃത്തി കണക്കിലെടുക്കാതെ ഓരോ വാഴച്ചെടിക്കും ഗ്രൂപ്പ് കൺവീനർമാർ മുഖേന ഗുണഭോക്താക്കൾക്ക് 4.20 രൂപ വീതം സബ്സിഡി അനുവദിച്ചിട്ടുണ്ട്. ഈ പ്രോജക്ടിന് ആസൂത്രണ സമിതിയുടെയും വിദഗ്ദ്ധസമിതിയുടേയും അംഗീകാരം ലഭിച്ചതായും കാണുന്നില്ല. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട വിവിധ രേഖകളുടെ അഭാവത്തിൽ സബ്സിഡിയിനത്തിൽ നൽകിയ 2,50,203/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട്. അന്വേഷണത്തിന്റെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമായിട്ടില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക നമ്പർ 3.61.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

1. പ്രസ്തുത പദ്ധതി പ്രകാരം ഗുണഭോക്താക്കൾ തന്നെയാണ് പാട്ടത്തുക വഹിക്കേണ്ടത് എന്നിരിക്കെ പട്ടികജാതി വിഭാഗത്തിലുള്ള കർഷകർക്ക് കൃഷിഭൂമി പാട്ടത്തിനെടുക്കുന്നതിനുള്ള പാട്ടത്തുക ഇനത്തിൽ സബ്സിഡി നൽകി എന്ന് ഓഡിറ്റിൽ പരാമർശിച്ചിരിക്കുന്നത് സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് 5 പഞ്ചായത്തുകളാണ് അങ്ങനെ ചെയ്തിരിക്കുന്നതെന്നും പ്രസ്തുത പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ അന്നത്തെ ഡെപ്യൂട്ടി ഡയറക്ടറായിരുന്ന ശ്രീ. വി.ഒ. ഡേവിഡാണെന്നും അദ്ദേഹം റിട്ടയർ ചെയ്തതായും പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമിതിയിൽ മറുപടി നൽകി. വാഴവിത്ത് വാങ്ങിയതുമായി ബന്ധപ്പെട്ടാണ് വിജിലൻസ് കേസുള്ളതെന്നും അതിന്മേൽ ശ്രീ. വി.ഒ. ഡേവിഡിനെ സസ്പെന്റ് ചെയ്യുകയും പാട്ടത്തുക നൽകിയത് മറ്റൊരു വിഷയമാണെന്നും പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

2. അംഗീകരിച്ച പദ്ധതിയിൽ നിന്നും വ്യതിചലിച്ച് സബ്സിഡി നൽകിയതിലെ ക്രമക്കേടുകളാണ് ഓഡിറ്റ് ഖണ്ഡികയിൽ പ്രധാനമായും പരാമർശിച്ചിട്ടുള്ളതെന്നും ആയതിന് വ്യക്തമായ മറുപടി സമർപ്പിച്ചിട്ടില്ല എന്നും വിലയിരുത്തിയ സമിതി വ്യക്തമായ മറുപടി സമർപ്പിക്കണമായിരുന്നു എന്ന് അഭിപ്രായപ്പെട്ടു. ഒരു പ്രോജക്ടുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഡി.പി.സി. അംഗീകരിച്ചു കഴിഞ്ഞാൽ നിർവ്വഹണോദ്യോഗസ്ഥന് അതിൽ മാറ്റം വരുത്താനോ സബ്സിഡി നൽകാനോ അധികാരമില്ലെന്നും അങ്ങനെ ചെയ്യണമെങ്കിൽ പഞ്ചായത്ത് പ്രോജക്ടിൽ ഭേദഗതി വരുത്തണമെന്നും ഇക്കാര്യത്തിൽ

അങ്ങനെ ചെയ്തതായി കാണുന്നില്ലെന്നും സമിതി നിരീക്ഷിച്ചു. സർക്കാരിന്റെ അനുമതിയില്ലാതെ പാട്ടത്തുക അനുവദിച്ചതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്ന് വ്യതിചലനത്തിനുള്ള സാധൂകരണം ഇതുവരെ വാങ്ങിയിട്ടില്ല എന്നും സമിതി കണ്ടെത്തി. ആയതിനാൽ സബ്സിഡിയായി പാട്ടത്തുക അനുവദിച്ച നടപടിക്ക് സർക്കാരിന്റെ സാധൂകരണം വാങ്ങി റിപ്പോർട്ട് സമിതിയിൽ സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

3. അംഗീകരിച്ച പദ്ധതിയിൽ നിന്നും വ്യതിചലിച്ച് സബ്സിഡി നൽകിയ നടപടിയാണ് ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ളതെന്നും എന്നാൽ അപ്രകാരം സബ്സിഡി നൽകിയതിന് വ്യക്തമായ മറുപടി സമർപ്പിച്ചിട്ടില്ലായെന്ന് സമിതി നിരീക്ഷിക്കുന്നു. ഒരു പ്രോജക്ടുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഡി.പി.സി. അംഗീകരിച്ചു കഴിഞ്ഞാൽ നിർവ്വഹണോദ്യോഗസ്ഥന് അതിൽ മാറ്റം വരുത്താനോ സബ്സിഡി നൽകാനോ അധികാരമില്ല. അപ്രകാരം മാറ്റം വരുത്തണമെങ്കിൽ പഞ്ചായത്ത് പ്രോജക്ടിൽ ഭേദഗതി വരുത്തേണ്ടത് അനിവാര്യമാണ്. എന്നാൽ ഈ വിഷയത്തിൽ ഇത്തരമൊരു നടപടി കൈക്കൊള്ളാതിരുന്ന ജില്ലാ പഞ്ചായത്തിന്റെ നടപടിയെ സമിതി രൂക്ഷമായി വിമർശിക്കുന്നു. സർക്കാരിന്റെ അനുമതിയില്ലാതെ പാട്ടത്തുക അനുവദിച്ചതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും വ്യതിചലനത്തിനുള്ള സാധൂകരണവും വാങ്ങിയിട്ടില്ല എന്നത് സമിതി ശ്രദ്ധയിൽപ്പെടുത്തുന്നു. ആയതിനാൽ സബ്സിഡി പാട്ടത്തുക അനുവദിച്ച നടപടിക്ക് സർക്കാരിന്റെ സാധൂകരണം വാങ്ങി റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**ഓഡിറ്റ് ഖണ്ഡിക.**

**അട്ടപ്പാടി പയറു വർഗ്ഗ കൃഷി ഉൽപ്പന്നങ്ങളുടെ സംഭരണവും വിതരണവും-പദ്ധതി നടപ്പിലായില്ല.**

(ഓഡിറ്റ് റിപ്പോർട്ട് 2000-01 ഖണ്ഡിക 2(16))

ജില്ലാ വ്യവസായ കേന്ദ്രം മാനേജർ നിർവ്വഹണ ഉദ്യോഗസ്ഥനായി 1998-99 വർഷത്തിൽ രൂപം നൽകിയ ഈ പ്രോജക്ട് 2000-01 വർഷത്തിൽ സ്പിൽ ഓവർ ആയി ഉൾപ്പെടുത്തുകയും

5,00,000/- രൂപ മാറ്റി വെയ്ക്കുകയും ചെയ്തു. 1998-99, 1999-2000 സാമ്പത്തിക വർഷങ്ങളിൽ പദ്ധതി നിർവ്വഹണത്തിനായി 13,50,000/- രൂപ പി.ഡി.സി. ബാങ്ക് , അഗളി ബ്രാഞ്ചിൽ ഡി.ഐ.സി. മാനേജരുടെയും അട്ടപ്പാടി ബ്ലോക്കിലെ എസ്.റ്റി. കാർഷിക സംസ്കരണ വിപണന വ്യവസായ സഹകരണ സംഘം പ്രസിഡന്റിന്റെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിച്ചു. സ്ഥിരം മൂലധനമായി അനുവദിച്ച 5,00,000/-രൂപയിൽ നിന്നും 3 ലക്ഷം രൂപയ്ക്ക് 2001-ൽ ഒരേക്കർ സ്ഥലം കോട്ടത്തറ വില്ലേജിലെ വട്ടുലക്കിയിൽ കെട്ടിട നിർമ്മാണം നടത്താനായി സംഘം വാങ്ങി. കെട്ടിട നിർമ്മാണ ചുമതല കോസ്റ്റ് ഫോർഡ് എന്ന സ്ഥാപനത്തെ 28.08.2002-ന് ഏൽപ്പിച്ചുവെങ്കിലും 3 വർഷത്തിന് ശേഷവും പണി തുടങ്ങാത്തതിനാൽ റവന്യൂ റിക്കവറി മുഖേന തുക തിരിച്ചു പിടിക്കുകയുണ്ടായി. സംഘത്തിന്റെ ബാങ്ക് അക്കൗണ്ടിൽ 02.09.2002-ൽ 11,38,395/- രൂപ ചെലവഴിക്കാതെ അവശേഷിച്ചിട്ടുണ്ട്.

അട്ടപ്പാടി ബ്ലോക്കിൽപ്പെട്ട എസ്.റ്റി. കാർഷിക സംസ്കരണ വിപണന വ്യവസായ സഹകരണ സംഘത്തിലെ 20-ഓളം വരുന്ന ഗിരിവർഗ്ഗ യുവതീയുവാക്കൾക്ക് തൊഴിൽ ലഭിക്കുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്യപ്പെട്ട ഈ പദ്ധതിയ്ക്കായി 3 ലക്ഷം രൂപ മാത്രം ചെലവഴിച്ച്, പ്രവർത്തനം ആരംഭിക്കാതിരുന്നത് പദ്ധതി നടത്തിപ്പിൽ സംഭവിച്ച പാളിച്ചയാണ്. സ്ഥലം വാങ്ങുന്നതിന് മാത്രമായി 2,82,005/- രൂപ ചെലവഴിച്ചത് പാഴ്ചെലവായി വിലയിരുത്തുന്നു. സഹകരണ സംഘത്തിന്റെ അക്കൗണ്ടിൽ അവശേഷിക്കുന്ന 11,38,395/- രൂപ പലിശ സഹിതം ഈടാക്കേണ്ടതും പദ്ധതിയ്ക്കായി വാങ്ങിയ സ്ഥലം ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കേണ്ടതുമാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക നമ്പർ 3.61.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

4. ഓഡിറ്റ് പരാമർശപ്രകാരമുള്ള തുക ഈടാക്കുകയും തിരിച്ചെടുക്കുകയും ചെയ്തെങ്കിലും പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ലെന്നത് ന്യൂനതയായി അവശേഷിക്കുന്നു എന്ന് വിലയിരുത്തിയ സമിതി പ്രസ്തുത പദ്ധതി നടപ്പിലാക്കാനുള്ള ശുഷ്കാന്തി കാണിക്കാത്തതുകൊണ്ട് ഫണ്ട് ലാപ്സായിരിക്കുകയാണെന്നും പദ്ധതി നടപ്പാക്കാത്തതിനെക്കുറിച്ച് ആർക്കും ഖേദമൊന്നുമില്ലെന്നും അഭിപ്രായപ്പെട്ടു. പ്രസ്തുത പദ്ധതിക്കായി വാങ്ങിയ സ്ഥലം ജില്ലാ പഞ്ചായത്ത്

സെക്രട്ടറിയുടെ പേരിൽ ആധാരം രജിസ്റ്റർ ചെയ്ത് ഹാൻഡ് ഓവർ ചെയ്തശേഷം അട്ടപ്പാടിയിലെ ആദിവാസി വിഭാഗങ്ങൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനായി 2007-08 കാലഘട്ടത്തിൽ കെട്ടിടം നിർമ്മിച്ചതായി പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി തുടർന്ന് സമിതിയെ അറിയിച്ചു.

5. ഓഡിറ്റ് പരാമർശവിധേയമായ പദ്ധതി നടപ്പിലാക്കാൻ പഞ്ചായത്ത് അധികൃതർ ശുഷ്കാന്തി കാണിക്കാതിരുന്നതിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തിയ സമിതി പട്ടികവർഗ്ഗക്കാർക്കുവേണ്ടി മാറ്റിവയ്ക്കുന്ന തുക കൃത്യമായി വിനിയോഗിക്കുന്നുണ്ടോയെന്നും നിർവ്വഹണോദ്യോഗസ്ഥർ അതിൽ കൃത്യ വിലോപം നടത്തിയിട്ടുണ്ടോയെന്നും സൂക്ഷ്മമായി നിരീക്ഷിക്കുന്നതിനുള്ള സംവിധാനം വകുപ്പുതലത്തിൽ ഉണ്ടാകണമെന്ന് നിർദ്ദേശിച്ചു.

<u>നിഗമനങ്ങൾ/ശിപാർശകൾ</u>

**6. കോട്ടത്തറ വില്ലേജിലെ വട്ടലക്കിയിൽ കെട്ടിടം നിർമ്മാണം നടത്തുന്നതിനായി വാങ്ങിയ ഒരേക്കർ സ്ഥലം തിരിച്ചെടുക്കുകയും പ്രസ്തുത തുക തിരിച്ചടവാക്കുകയും ചെയ്തെങ്കിലും പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ലെന്നത് ന്യൂനതയായി സമിതി വിലയിരുത്തുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ പഞ്ചായത്ത് അധികൃതർ ശുഷ്കാന്തി കാണിക്കാതിരുന്ന നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.**

**7. പട്ടികവർഗ്ഗക്കാർക്കുവേണ്ടി മാറ്റി വയ്ക്കുന്ന തുക കൃത്യമായി വിനിയോഗിക്കുന്നുണ്ടോയെന്നും നിർവ്വഹണോദ്യോഗസ്ഥർ അതിൽ കൃത്യവിലോപം നടത്തിയിട്ടുണ്ടോയെന്നും സൂക്ഷ്മമായി നിരീക്ഷിക്കുന്നതിനുള്ള സംവിധാനം വകുപ്പുതലത്തിൽ ഉണ്ടാകണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

**അട്ടപ്പാടി മേഖലയിലെ ആദിവാസികൾക്കുള്ള ഭവന നിർമ്മാണ പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല.**

(ഓഡിറ്റ് റിപ്പോർട്ട് 2001-02 ഖണ്ഡിക 3(5))

<u>പ്രോജക്ട് നമ്പർ 380/99-00</u>

അട്ടപ്പാടി മേഖലയിലെ അർഹരായ 109 ആദിവാസികൾക്ക് ഭവന നിർമ്മാണത്തിനായി 1999-00 വർഷത്തിൽ വിഭാവനം ചെയ്ത ഈ പദ്ധതിയുടെ

നിർവ്വഹണത്തിനായി 24.03.2000-ന് കോസ്റ്റ് ഫോർഡ്, തൃശ്ശൂർ എന്ന സ്ഥാപനവുമായി 6 മാസത്തിനകം പണി പൂർത്തീകരിക്കണമെന്ന നിബന്ധനയോടെ സമ്മതപത്രം ഒപ്പുവച്ചു. 3/2000-ൽ രണ്ടു ഘട്ടങ്ങളിലായി ആകെ 18,31,200/- രൂപ കോസ്റ്റ് ഫോർഡിനു കൈമാറി. എന്നാൽ 25.05.00, 07.06.00, 14.06.00 എന്നീ തീയതികളിൽ മാത്രമാണ് പുതൂർ, ഷോളയൂർ, അഗളി ഗ്രാമപഞ്ചായത്തുകളിൽ നിന്നും ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാകുന്നതിനുമുമ്പ് തന്നെ 18,31,200/- രൂപ നൽകിയത് ക്രമപ്രകാരമല്ല. നാളിതുവരെയുള്ള വീട് നിർമ്മാണം സംബന്ധിച്ച റിപ്പോർട്ടും, ചെലവാക്കിയ സംഖ്യയും ഹാജരാക്കാൻ ജില്ലാ പഞ്ചായത്ത് ആവശ്യപ്പെട്ടതിൽ 20.03.2002-ലെ കോസ്റ്റ് ഫോർഡിന്റെ മറുപടിയിൽ 71 വീടുകളുടെ പണി തുടങ്ങിയതായും, 38 വീടുകൾ കോൺക്രീറ്റ് ചെയ്തതായും അറിയിച്ചിട്ടുണ്ട്. എന്നാൽ ജില്ലാ പഞ്ചായത്ത് നടത്തിയ അന്വേഷണത്തിൽ 31.03.2002 വരെ 44 വീടുകളുടെ പണി ആരംഭിച്ചതായി കാണുന്നില്ല എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. ഇത്തരത്തിൽ നിർവ്വഹണ ഏജൻസി തെറ്റായ വിവരം നൽകിയതും, കരാർ ലംഘനം നടത്തിയതും ജില്ലാ പഞ്ചായത്തിന് നേരിട്ട് ബോദ്ധ്യമായിട്ടും സമയബന്ധിതമായ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. പദ്ധതിപ്പണം മുൻകൂർ കൈമാറിയിട്ടും നിർവ്വഹണ ഏജൻസിയുടെയും ജില്ലാ പഞ്ചായത്ത് അധികൃതരുടെയും വീഴ്ചമൂലം ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ആനുകൂല്യം അനുഭവവേദ്യമാക്കാനായില്ല.

<u>പ്രോജക്ട് നമ്പർ 353/2000-01</u>

കുറുംബ സമുദായത്തിൽപ്പെട്ട 37 ആദിവാസി കുടുംബങ്ങൾക്ക് ഭവനം നിർമ്മിച്ചു നൽകുക എന്ന ലക്ഷ്യത്തോടെ 2000-01 വർഷത്തിൽ വിഭാവനം ചെയ്ത ഈ പദ്ധതിയുടെ നിർവ്വണത്തിനായി 31.03.01-ന് കോസ്റ്റ് ഫോർഡ്, തൃശൂർ എന്ന സ്ഥാപനവുമായി കരാർ ഒപ്പുവെച്ചു. 31.03.01-ന് മുൻകൂറായി 3,10,800/- രൂപ കോസ്റ്റ് ഫോർഡിനു നൽകിയെങ്കിലും നാളിതുവരെ പദ്ധതി നിർവ്വഹണം നടത്തിയിട്ടില്ല. റോഡുകളുടെ അപര്യാപ്തതമൂലം വീട് പണിക്കാവശ്യമായ വസ്തുക്കൾ ഓരോ സ്ഥലത്തേക്കും എത്തിക്കുവാൻ സാധ്യമല്ലെന്നും, മുൻകൂർ തിരിച്ചടയ്ക്കുവാൻ തയ്യാറാണെന്നും 20.03.2002-ൽ കോസ്റ്റ് ഫോർഡ് ജില്ലാ പഞ്ചായത്തിനെ അറിയിക്കുകയുണ്ടായി. ഏറ്റെടുക്കുന്ന പദ്ധതികളുടെ ഫലപ്രാപ്തിയെ സംബന്ധിച്ച സാധ്യതാ പഠനം നടത്താതെ പദ്ധതികൾക്കായി തുക ചെലവഴിക്കുന്ന നടപടി ആശാസ്യമല്ല. ആയതിനാൽ അയഥാർത്ഥമായി വിഭാവനം ചെയ്യപ്പെട്ട ടി പദ്ധതിയ്ക്കായി മുൻകൂർ നൽകിയ തുക പിഴപലിശ സഹിതം തിരിച്ചു പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക നമ്പർ 3.61.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

8. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ആദ്യഘട്ടത്തിൽ 109 വീടുകൾ നിർമ്മിക്കുന്നതിനായി കോസ്റ്റ് ഫോർഡ് തൃശ്ശൂർ എന്ന സ്ഥാപനത്തിന് നൽകിയിരുന്ന അഡ്വാൻസ് തുകയായ 18,31,200/- രൂപയ്ക്ക് 44 വീടുകൾ നിർമ്മിച്ചിട്ടുള്ളതായും ബാക്കിയുള്ള വീടുകൾ ലൈഫ് മിഷനിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതായും പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

9. അട്ടപ്പാടിയിലെ ആദിവാസി മേഖല ഉൾപ്പെടുന്ന പ്രദേശങ്ങളിലെ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി നിയോഗിച്ച പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഉദ്യോഗസ്ഥർക്ക് ഇതു സംബന്ധിച്ച വിശദാംശങ്ങൾ അറിയാൻ സാധിക്കില്ലേയെന്ന് സമിതി ആരാഞ്ഞതിന് പ്രസ്തുത പദ്ധതി 1999-2000 നടപ്പിലാക്കിയതാണെന്നും ലിസ്റ്റ് പ്രകാരം വീട് ലഭിച്ചവർ തന്നെയാണോ അവിടെ താമസിക്കുന്നതെന്ന് അന്വേഷിച്ച് സമിതിയെ അറിയിക്കാമെന്നും അട്ടപ്പാടി ഐ.ടി.ഡി.പി പ്രോജക്ട് ഓഫീസർ സമിതിയെ അറിയിച്ചു. കൂടാതെ 2014-15 കാലഘട്ടത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് 2517 വീടുകൾ അട്ടപ്പാടിയിലെ ആദിവാസികൾക്ക് നിർമ്മിച്ചു നൽകിയിരുന്നതായും നേരത്തെ പല പദ്ധതിയിലൂടെയും വീട് ലഭിച്ചവരും ഈ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നതായും അദ്ദേഹം അറിയിച്ചു. പഴയ വീടുകൾ പൊളിച്ച് അതേ സ്ഥലത്തുതന്നെയാണ് പുതിയ വീടുകൾ നിർമ്മിച്ചിട്ടുള്ളതെന്നും ഒരിക്കൽ വീട് അനുവദിച്ചാൽ 10 വർഷത്തിനുശേഷം മാത്രമേ വീട് അനുവദിക്കാവൂ എന്നതാണ് പട്ടികവർഗ്ഗവികസന വകുപ്പിന്റെ നിലപാടെന്നും പട്ടികവർഗ്ഗ വികസന വകുപ്പ് പ്രോജക്ട് ഓഫീസർ കൂട്ടിച്ചേർത്തു. ആയതിനാൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെയും പട്ടികവർഗ്ഗ വികസന വകുപ്പ് പ്രോജക്ട് ഓഫീസറുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**10. അട്ടപ്പാടി മേഖലയിലെ ആദിവാസികൾക്ക് ഭവന നിർമ്മാണത്തിനായി കോസ്റ്റ് ഫോർഡ് തൃശ്ശൂർ എന്ന സ്ഥാപനത്തിന് മുൻകൂർ നൽകിയ തുകയിൽ നിന്നും ചെലവായ തുക, വീടുകളുടെ പൂർത്തീകരണം എന്നിവ സംബന്ധിച്ചുള്ള**

റിപ്പോർട്ട് ഏജൻസി ലഭ്യമാക്കാതിരുന്നിട്ടും സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിൽ ജില്ലാ പഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുള്ളതായും സാധ്യതാപഠനം നടത്താതെ പദ്ധതികൾക്കായി തുക ചെലവഴിച്ചതായും പരാമർശ വിധേയമായ ഖണ്ഡികകളിൽ നിന്നും സമിതി മനസ്സിലാക്കുന്നു. ഇത്തരം പ്രവണതകൾ ഭാവിയിൽ ആവർത്തിക്കരുതെന്ന് സമിതി കർശന നിർദ്ദേശം നൽകുന്നു. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവർ തന്നെയാണോ വീടുകളിൽ താമസിക്കുന്നതെന്ന് അന്വേഷിച്ച് റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കാമെന്ന് നൽകിയ ഉറപ്പ് നാളിതുവരെ പാലിക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. എന്നിരുന്നാലും പരാമർശ ഖണ്ഡികകളിൽ ഉൾപ്പെട്ടിട്ടുള്ള ബാക്കി വീടുകൾ ലൈഫ് മിഷനിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയും പുതിയ വീടുകൾ നിർമ്മിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് നിലവിൽ സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ സംബന്ധിച്ച വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

**സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്ക് - പദ്ധതി പരാജയം**

(ഓഡിറ്റ് റിപ്പോർട്ട് : 2001-02 ഖണ്ഡിക നമ്പർ ; 3-17)

20 ഇൻഫർമേഷൻ ടെക്നോളജി യൂണിറ്റുകൾ സ്ഥാപിച്ച് 200 പേർക്ക് തൊഴിൽ നൽകുവാൻ ലക്ഷ്യമിട്ട ഈ പദ്ധതിയുടെ നടത്തിപ്പിനായി ജില്ലാ പഞ്ചായത്തിൽ നിന്നും 35.75 ലക്ഷം രൂപയും പാലക്കാട് നഗരസഭയിൽ നിന്നും 15 ലക്ഷം രൂപയും ജില്ലാ വ്യവസായ കേന്ദ്രം മാനേജരുടെ അക്കൗണ്ടിലേക്ക് കൈമാറുകയുണ്ടായി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനർ ആയും ഒരു ചാരിറ്റബിൾ സൊസൈറ്റി 12.01.99-ന് രൂപീകരിക്കപ്പെട്ടു.

കമ്പ്യൂട്ടറുകൾക്കും, അനുബന്ധ സാമഗ്രികൾക്കും, എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജിനത്തിലുമായി 20,75,000/- രൂപ സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്ക് ഓഫ് ഇന്ത്യ, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് നൽകിയെങ്കിലും ഇതിൽ 18,09,342/- രൂപ ചെലവഴിച്ചതായി മാത്രമേ കാണുന്നുള്ളൂ. ബാക്കി തുകയായ 2,65,658/- രൂപയുടെ

വിനിയോഗത്തിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. പ്രതിമാസം 31,576.50 രൂപ നിരക്കിൽ വാടക നിശ്ചയിച്ച് 17.05.1999-ന് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചുവെങ്കിലും 31.03.2003-ന് വാടക കെട്ടിടം ഒഴിഞ്ഞതോടെ കെട്ടിടത്തിൽ പ്രവർത്തിച്ചുവന്ന 5 യൂണിറ്റുകളുടെയും പ്രവർത്തനം നിലച്ചു. 17.05.1999 മുതൽ 31.03.2003 വരെയുള്ള 45 മാസത്തെ വാടകയായ 14,20,942.50 രൂപയുടെ അധിക ബാദ്ധ്യത ഈ ഇനത്തിൽ ഉണ്ടായിട്ടുണ്ട്. കെട്ടിടം ഒഴിയുമ്പോൾ ഉണ്ടായിരുന്ന കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ സാമഗ്രികളും ജില്ലാ പഞ്ചായത്തിന് തിരിച്ചേൽപ്പിച്ചതിന് രേഖകളില്ല.

1,77,000/- രൂപ ചെലവഴിച്ച് 1 ഏക്കർ സ്ഥലം കഞ്ചിക്കോട് വ്യവസായ മേഖലയിൽ 04/02-ൽ വാങ്ങുകയും, കെട്ടിട നിർമ്മാണത്തിനായി 15,65,359/- രൂപ ചെലവഴിക്കുകയും ചെയ്തു. വൈദ്യുതീകരണത്തിനായി 1,88,599/- രൂപയും ചെലവു വന്നു. 06/04-ൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും ഈ കെട്ടിടത്തിൽ നാളിതുവരെ ഒരു ഐ.ടി. യൂണിറ്റ് പോലും പ്രവർത്തനം ആരംഭിച്ചിട്ടില്ല. അനുദിനം മാറിക്കൊണ്ടിരിക്കുന്ന ഐ.ടി. മേഖലയിൽ എസ്.റ്റി.പി. പോലെയുള്ള സംരംഭങ്ങൾ തുടങ്ങുമ്പോൾ പ്രകടിപ്പിക്കേണ്ടിയിരുന്ന ദീർഘവീക്ഷണം നിർവ്വഹണാധികാരികൾക്ക് ഇല്ലാതെ പോയതാണ് ഈ പദ്ധതിയുടെ പരാജയത്തിന് കാരണം. ഈ സംരംഭത്തിനായി ചെലവിട്ട തുക പാഴ്ചെലവായി വിലയിരുത്തുന്നു. നഷ്ടം തിട്ടപ്പെടുത്തുവാൻ ഉന്നതതല അന്വേഷണത്തിന് ഓഡിറ്റ് ശിപാർശ ചെയ്യുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.61.4).

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

11. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുകയും പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

## നിഗമനങ്ങൾ/ശിപാർശകൾ

12. പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

**അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത്**

**എസ്.ജി.ആർ.വൈ. പ്രത്യേക ഘടക പദ്ധതി - ധാന്യ വിഹിതം അധികമായി അനുവദിച്ചു.**

(ഓഡിറ്റ് റിപ്പോർട്ട് : 2002-03 ഖണ്ഡിക നമ്പർ :3-12(എ.ബി.സി.))

പാലക്കാട് ജില്ലയിലെ വരൾച്ച ബാധിത പ്രദേശങ്ങളിൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനും അതുവഴി വരൾച്ച മൂലമുണ്ടാകുന്ന കെടുതികളെ ഫലപ്രദമായി തടയുവാനും ലക്ഷ്യമിട്ട് എസ്.ജി.ആർ.വൈ. പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് നടപ്പിലാക്കിയ പദ്ധതിയാണിത്. പ്രത്യേക ഘടക പദ്ധതി അനുസരിച്ച് 1000 ടൺ അരി പാലക്കാട് ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം ജില്ലാ ഗ്രാമവികസന ഏജൻസി അട്ടപ്പാടി ബ്ലോക്കിന് നൽകിയിട്ടുണ്ട്. അതിൽ 921.547 ടൺ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. ബാക്കി 78.453 ടൺ ഭക്ഷ്യധാന്യത്തിന്റെ വിനിയോഗം പരിശോധിക്കുവാൻ കഴിയുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഭക്ഷ്യധാന്യ വില 9,49,281/- രൂപ (78453 x 12.10) ചെലവിനുത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കണം. ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനങ്ങളുടെ രേഖ പരിശോധിച്ചതിൽ അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്ട് ഗോഡൗണിൽ നിന്നും അട്ടപ്പാടി സഹകരണ ഫാമിംഗ് സംഘത്തിൽ ഇറക്കി സംഭരിച്ചത് 1856 ക്വിന്റലും ട്രാൻസ്പോർട്ട് ചെയ്തത് 2000 ക്വിന്റലുമാണ്. 144 ക്വിന്റൽ അരിയുടെ വില 14400 x 12.10 = 1,74,240 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കണം.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.62.1).

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

13. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ മറുപടി പരിശോധിച്ച സമിതി ജില്ലാ ദാരിദ്ര്യ ലഘൂകരണ ഏജൻസി, എഫ്.സി.ഐ., വിവിധ ഗോഡൗണുകൾ, ബ്ലോക്ക് പഞ്ചായത്ത് എന്നീ ഏജൻസികളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് വിശദമായ അന്വേഷണം സർക്കാർ തലത്തിൽ നടത്തി അന്തിമ റിപ്പോർട്ട് രണ്ട് മാസത്തിനകം സമിതിയ്ക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു.

<u>09.05.2018-ലെ സമിതി തീരുമാനം താഴെ ചേർക്കുന്നു.</u>

14. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങൾ അടിയന്തരമായി സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ആയതിന് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

" സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെ നേതൃത്വത്തിൽ വിശദമായ അന്വേഷണം നടത്തുകയുണ്ടായി. അന്വേഷണം നടത്തിയതിൽ അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന എസ്.ജി.ആർ.വൈ. സ്കീം സംബന്ധിക്കുന്ന ഫയലുകൾ പൂർണ്ണമല്ല. 2003-ന് ശേഷമുള്ള ധാന്യശേഖരണത്തിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. പദ്ധതി നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന പ്രാഥമിക രേഖകൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ, അന്വേഷണം നടത്തുന്നതിന് അനുബന്ധ രേഖകളെ ആശ്രയിക്കേണ്ടി വന്നു. എസ്.ജി.ആർ.വൈ. സ്കീം പ്രകാരം നടപ്പിലാക്കിയ വിവിധ പ്രവൃത്തികളുടെ ധാന്യവിഹിതം വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധിക്കുകയും അവയുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്ത ധാന്യത്തിന്റെ അളവ് കണക്കാക്കുകയും ചെയ്യുകയുണ്ടായി. പ്രസ്തുത കണക്ക് പ്രകാരം അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് ശേഖരിച്ചതിനേക്കാൾ കൂടുതൽ ധാന്യം വിതരണം ചെയ്തതായി കാണുന്നു (ലഭ്യമായ രേഖകൾ പ്രകാരം ശേഖരിച്ചത് 2270 ടൺ, വിതരണം ചെയ്തത് 2720 ടൺ, അധികമായി വിതരണം ചെയ്തത് 450 ടൺ). ഈ വ്യത്യാസം എഫ്.സി.ഐ.യിൽ നിന്നുള്ള ഇൻവോയ്സ് രേഖകൾ ഫയലിൽ കൃത്യമായി സൂക്ഷിക്കാത്തതിൽ വന്ന വ്യത്യാസമാണെന്ന് അനുമാനിക്കുന്നു. മനഃപൂർവ്വമായ ധാന്യ തിരിമറി നടന്നതായി കാണാൻ കഴിയാത്തതിനാലും ധാന്യം വിതരണം ചെയ്തതിന് രേഖകൾ ഉണ്ട് എന്നതിനാലും ഈ ഖണ്ഡികയിലെ പരാമർശം ഉപേക്ഷിക്കാൻ ശിപാർശ ചെയ്യാവുന്നതാണ്. അന്വേഷണത്തിന്റെ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.

## <u>അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് - എസ്. ജി. ആർ. വൈ. സ്കീം നടത്തിപ്പ് സംബന്ധിച്ച അന്വേഷണ റിപ്പോർട്ട്</u>

**അന്വേഷണത്തിലെ പ്രധാന കണ്ടെത്തലുകൾ**

1. 2001-02 മുതൽ 2004-05 വരെയുള്ള കാലഘട്ടത്തിൽ എസ്.ജി.ആർ.വൈ. പദ്ധതി നടപ്പിലാക്കിയെങ്കിലും, പദ്ധതി നടത്തിപ്പ് സംബന്ധിച്ച രേഖകൾ പ്രത്യേകിച്ച് 2003-ന് ശേഷമുള്ള ഫയലിൽ പരിശോധനയ്ക്ക് ലഭ്യമായില്ല.
2. എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് ധാന്യം ശേഖരിച്ച് വച്ച സ്വകാര്യ ഗോഡൗണുകളിൽ നിന്നും ധാന്യവിതരണം സംബന്ധിക്കുന്ന രേഖകൾ ഒന്നുതന്നെ ലഭ്യമായിട്ടില്ല.
3. എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്നും ധാന്യം കൈപ്പറ്റുമ്പോൾ ലഭിക്കുന്ന Release Order കൾ എല്ലാം ബ്ലോക്ക് പഞ്ചായത്ത് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇക്കാരണത്താൽ ആകെ ലഭ്യമായ ധാന്യത്തിന്റെ കൃത്യമായ അളവ് തിട്ടപ്പെടുത്താൻ കഴിയുന്നില്ല.

4. ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ, ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമായതിൽ (2270 ടൺ) കൂടുതൽ ധാന്യം വിതരണം ചെയ്തതായി (2720 ടൺ) കാണുന്നു (അധികം വിതരണം ചെയ്തത് 450 ടൺ). ഇത് എഫ്.സി.ഐ.യിൽ നിന്നും ലഭിക്കുന്ന Release Order കൾ കൃത്യമായി ഫയലിൽ സൂക്ഷിക്കുന്നതിൽ വന്ന വീഴ്ചമൂലം കണക്കുകളിൽ കാണുന്ന വ്യതിയാനം മാത്രമാണെന്ന് അനുമാനിക്കാം.

5. 2001-02 മുതൽ 2004-05 വരെ ഏറ്റെടുത്ത എസ്.ജി.ആർ.വൈ. പ്രവൃത്തികളുടെയെല്ലാം ധാന്യവിഹിതം കൃത്യമായി വിതരണം ചെയ്തതായി രജിസ്റ്ററുകളിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നുണ്ട്.

## നിഗമനം

2001-05 കാലയളവിൽ അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ എസ്.ജി.ആർ.വൈ. പദ്ധതിയിൽ, രേഖകളുടെയും ഫയലുകളുടെയും സൂക്ഷിപ്പിൽ അപാകത ഉണ്ടായിട്ടുണ്ട്. എന്നാൽ എസ്.ജി.ആർ.വൈ. സ്കീമുകളിൽ ഏറ്റെടുത്ത എല്ലാ പ്രവൃത്തികളുടെയും ധാന്യവിഹിതം വിതരണം ചെയ്തതായി കാണുന്നതിനാൽ, ധാന്യതിരിമറി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. 2001-05 കാലഘട്ടത്തിലെ രേഖകൾ ഇനിയും കണ്ടെത്താനുള്ള സാദ്ധ്യതകൾ വിരളവുമാണ്. ധാന്യ വിതരണത്തിൽ നഷ്ടം ഒന്നും കണ്ടെത്താത്തതിനാലും, പഴയ രേഖകൾ കണ്ടെത്താനുള്ള സാദ്ധ്യത വിരളമായതിനാലും ഓഡിറ്റ് ഖണ്ഡിക തീർപ്പാക്കാൻ സമിതിയോടഭ്യർത്ഥിക്കാവുന്നതാണ്."

15. പ്രസ്തുത അധിക വിവരം പരിഗണിച്ച 08.05.2019-ലെ യോഗ തീരുമാനം ചുവടെ ചേർക്കുന്നു.

പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അംഗീകരിക്കുന്നതായി സമിതി അറിയിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**16. അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിൽ എസ്.ജി.ആർ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 2001-02 വർഷത്തിലേക്ക് ഏറ്റെടുത്ത 45 പ്രവൃത്തികളുടെ ധാന്യ വിഹിതം അനുവദിച്ചതു സംബന്ധിച്ച് സമിതി നിർദ്ദേശ പ്രകാരം സർക്കാർ**

**ലഭ്യമാക്കിയ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

**പുതുശ്ശേരി ഗ്രാമപഞ്ചായത്ത്**

**തൊഴിൽ നികുതി - കുടിശ്ശിക പിരിവ് - പിഴപലിശ ഈടാക്കിയില്ല**

(ഓഡിറ്റ് റിപ്പോർട്ട് : 2000-01 ഖണ്ഡിക നമ്പർ : 2-8)

പുതുശ്ശേരി ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി യഥാസമയം ഒടുക്കാതെ കുടിശ്ശിക വരുത്തി ഒടുക്കിയപ്പോൾ കേരളാ പഞ്ചായത്ത് രാജ് ആക്ട് 209-ഇ വകുപ്പ് പ്രകാരം ഈടാക്കേണ്ടിയിരുന്ന പിഴപലിശ ഈടാക്കാതിരുന്നതുമൂലം 1,42,374/- രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായതായി കണ്ടെത്തി. പിഴപലിശ ഈടാക്കുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് സർക്കുലർ നം. 51457/എൻ-1/തഭവ. തീയതി : 24.08.2000 പ്രകാരം സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. നിയമാനുസൃതമായി ഈടാക്കേണ്ട പിഴപലിശ ഈടാക്കാതിരുന്നതുമൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.63.1).

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

17. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് പുതുശ്ശേരി ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി പിഴപ്പലിശയിനത്തിൽ 1,42,374/- രൂപയാണ് പിരിച്ചെടുക്കാനുണ്ടായിരുന്നതെന്നും അതിൽ 98,583/- രൂപ 22 സ്ഥാപനങ്ങളിൽ നിന്നും ഇപ്പോൾ പിരിച്ചെടുത്തിട്ടുള്ളതായും സിലിക്കൽ മെറ്റലർജിക്, ടാറ്റാഫോൺ എന്നീ സ്ഥാപനങ്ങൾ 2002-ൽ അടച്ചു പൂട്ടുകയാണുണ്ടായതെന്നും പാലക്കാട്ടുള്ള ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്ന് പിരിച്ചെടുക്കാനുള്ള 26,944/- രൂപയ്ക്ക് ആർ.ആർ. നടപടി സ്വീകരിച്ചിട്ടുള്ളതായും പുതുശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. തുടർന്ന് തുക ഈടാക്കിയതിനു ശേഷം സർക്കാരിൽ നിന്നും മറുപടി ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

18. പുതുശ്ശേരി ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി യഥാസമയം പിരിച്ചെടുക്കാതിരുന്നതിനാൽ 1,42,374/- രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ ഇതിൽ 98,583/- രൂപ 22 സ്ഥാപനങ്ങളിൽ നിന്നും പിരിച്ചെടുത്തിട്ടുള്ളതായും സിലിക്കൽ മെറ്റലർജിക്, ടാറ്റാഫോൺ എന്നീ സ്ഥാപനങ്ങൾ 2002-ൽ അടച്ചുപൂട്ടുകയുണ്ടായെന്നും പാലക്കാട്ടുള്ള ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്ന് പിരിച്ചെടുക്കാനുള്ള 26,944/- രൂപയ്ക്ക് പുതുശ്ശേരി ഗ്രാമപഞ്ചായത്ത് അധികൃതർ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സമിതിക്ക് ബോധ്യപ്പെട്ടു. ആയതിനാൽ തൊഴിൽ നികുതിയിനത്തിലെ കുടിശ്ശിക തുക അടിയന്തരമായി ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**അകത്തേത്തറ ഗ്രാമപഞ്ചായത്ത്**

**വരവിനങ്ങളിലെ ക്രമക്കേടുകൾ - പണാപഹരണം**

(ഓഡിറ്റ് റിപ്പോർട്ട് : 2001-02 ഖണ്ഡിക നമ്പർ : 2-8(എ), 8(ബി))

അകത്തേത്തറ ഗ്രാമപഞ്ചായത്തിലെ 2001-02 വർഷത്തെ വാർഷിക ഓഡിറ്റിന്റെ ഭാഗമായി വരവിനങ്ങളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചപ്പോൾ തൊഴിൽ നികുതി, കെട്ടിട നികുതി തുടങ്ങിയ പ്രധാന വരവിനങ്ങൾ അക്കൗണ്ട് ചെയ്യുന്നതിൽ വ്യാപകമായ ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി. 01/99 മുതൽ 07/2003 വരെയുള്ള കാലയളവിൽ നികുതി ദാതാവിന് നൽകുന്ന രസീതിയിൽ കാണിച്ചിട്ടുള്ള തുകയേക്കാളും കുറഞ്ഞ തുക പഞ്ചായത്തിലെ രേഖകളിൽ കാണിച്ച് ശ്രീ. എം. പി. ശരത്ചന്ദ്രൻ, യു.ഡി. ക്ലാർക്ക് ₹ 4,31,776/- അപഹരിച്ചതായി ശ്രദ്ധയിൽപ്പെട്ടു. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നിർദ്ദേശപ്രകാരം രസീതി നം. 70633/63 തീയതി : 04.07.03 അനുസരിച്ച് 4,00,000/- രൂപ ടിയാൻ അകത്തേത്തറ സഹകരണ ബാങ്കിൽ അടച്ചിട്ടുള്ളതായി ബോധ്യപ്പെട്ടു. എന്നാൽ അപഹരിക്കപ്പെട്ട 31,776/- രൂപ പിഴപ്പലിശ സഹിതം ഈടാക്കിയിട്ടില്ല. 01/99 മുതൽ 7/03 വരെയുള്ള കാലയളവിൽ ഇപ്രകാരം വ്യാപകമായ രീതിയിൽ തിരിമറി നടന്നിട്ടും ഉന്നതാധികാരികൾ ഈ വിഷയം ശ്രദ്ധിച്ചതായോ നടപടികൾ സ്വീകരിച്ചതായോ കാണുന്നില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.64.1).

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

19. ധനാപഹരണം നടത്തിയതിന്റെ പേരിൽ ശ്രീ. എം. പി. ശരത്ചന്ദ്രനിൽ നിന്നും ഈടാക്കേണ്ട തുക പ്രതിമാസ തവണകളായി ഒടുക്കിയതിന്റെ പ്രാദേശിക പരിശോധന നടത്തി ഓഡിറ്റ് വകുപ്പിന് ബോധ്യപ്പെട്ടിട്ടുണ്ട് എന്ന സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയിന്മേൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**20. അകത്തേത്തറ ഗ്രാമപഞ്ചായത്തിൽ ധനാപഹരണം നടത്തിയ ഉദ്യോഗസ്ഥനായ ശ്രീ. എം. പി. ശരത്ചന്ദ്രനിൽ നിന്നും ഈടാക്കേണ്ട തുക പ്രതിമാസ തവണകളായി ഒടുക്കിയതിന്റെ രേഖകൾ സംസ്ഥാന ഓഡിറ്റ് വകുപ്പ് പ്രാദേശിക പരിശോധന നടത്തിയതായി സമിതിയ്ക്ക് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

**പട്ടാമ്പി ഗ്രാമപഞ്ചായത്ത്**

**വാർഷിക വാടക വർദ്ധനവ് വ്യവസ്ഥ ചെയ്യാതെ ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ ലേലത്തിൽ നൽകിയതുമൂലം നഷ്ടം.**

(ഓഡിറ്റ് റിപ്പോർട്ട് : 2002-03, ഖണ്ഡിക നമ്പർ : 2-7)

പട്ടാമ്പി ഗ്രാമപഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിലെ 46 മുറികൾ 2000-01, 2001-02, 2002-03 വർഷങ്ങളിലേക്ക് കരാർ ലേലത്തിലൂടെ വാടകയ്ക്ക് നൽകുകയുണ്ടായി. പ്രതിമാസ വാടകയിൽ 5% വാർഷിക വർദ്ധനവ് കരാറിൽ വ്യവസ്ഥ ചെയ്യാതിരുന്നതു മൂലം പഞ്ചായത്തിന് കുറഞ്ഞത് 1,89,648/- രൂപയുടെ നഷ്ടമുണ്ടായതായി ഓഡിറ്റിൽ കണ്ടെത്തി. പഞ്ചായത്ത് ഡയറക്ടറുടെ 13.12.94-ലെ സർക്കുലർ നമ്പർ സി 2-28497/94, ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 20.06.02 എസ്.എ. നം. 380-1991 (സി) കേസിന്റെ വിധിന്യായം എന്നിവയിൽ വാർഷിക വാടക വർദ്ധനവ് സംബന്ധിച്ച നിർദ്ദേശങ്ങൾ നിലവിലുണ്ടെങ്കിലും ആയത് പാലിക്കപ്പെട്ടിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.65.1).

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

21. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ 17.04.2018-ൽ ചേർന്ന നഗരസഭാ കൗൺസിലിന്റെ തീരുമാനമെന്തായിരുന്നു എന്ന് സമിതി ആരാഞ്ഞതിന് അന്വേഷണത്തിനായി ഒരു സബ് കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടെന്ന് പട്ടാമ്പി ഗ്രാമപഞ്ചായത്ത് മുനിസിപ്പൽ സെക്രട്ടറി മറുപടി നൽകി. ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്ക് കൊടുത്തിട്ട് ഇതുവരെ വാടക പുതുക്കി നിശ്ചയിച്ചിട്ടില്ലേയെന്ന് സമിതി ചോദിച്ചതിന് 2000 മുതൽ 2003 വരെയുള്ള മൂന്ന് വർഷങ്ങളിലാണ് പ്രതിമാസ വാടകയിൽ വർദ്ധനവ് വരുത്താതിരുന്നതെന്നും അതിനുശേഷം എല്ലാ വർഷവും 5 ശതമാനം കൂട്ടിയാണ് വാടക നിശ്ചയിക്കുന്നതെന്നും പട്ടാമ്പി മുനിസിപ്പൽ സെക്രട്ടറി സമിതിയ്ക്ക് മറുപടി നൽകി. അന്വേഷണത്തിനായി നിയോഗിച്ച സബ്കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചതിനുശേഷം പ്രസ്തുത വിഷയത്തിന്മേൽ തീരുമാനമെടുക്കുന്നതിന് സമിതി തീരുമാനിച്ചു.

22. ആയതിന് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

" പട്ടാമ്പി ഗ്രാമപഞ്ചായത്തിനുണ്ടായ വരുമാന നഷ്ടം പരാതിക്കാരനായ ശ്രീ. കെ. ആർ. നാരായണ സ്വാമിയിൽ നിന്ന് ഈടാക്കേണ്ടതുണ്ടോ എന്ന് നിർണ്ണയിക്കുന്നതിന് കൗൺസിലിന് അധികാരമുണ്ടെന്ന് വിധിന്യായത്തിൽ സൂചിപ്പിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച സബ് കമ്മിറ്റി 23.04.2018-ന് ആദ്യയോഗം കൂടുകയും തുടർന്ന് 07.05.2018-ന് അന്ന് ഉണ്ടായിരുന്ന മെമ്പർമാരെ നോട്ടീസ് അയച്ച് ഹിയറിംഗ് നടത്തി അന്വേഷണവും തെളിവുകളും ശേഖരിച്ചു. ബന്ധപ്പെട്ടവരുടെ മൊഴികൾ രേഖപ്പെടുത്തി. മൊഴികളും തെളിവുകളും രേഖകളും പരിശോധിച്ച് താഴെപ്പറയുന്ന സംഗതികൾ കണ്ടെത്തി.

1) 2003 കാലത്തിൽ പട്ടാമ്പിയിൽ ധാരാളം കെട്ടിടങ്ങൾ വാടകയ്ക്ക് കിട്ടാനുള്ളതിനാലും അവയുടെ വാടക പഞ്ചായത്ത് നിശ്ചയിച്ചതിനേക്കാളും കുറവാണെന്നും ബോധ്യപ്പെട്ടു.

2) വാടക കൂട്ടുന്നപക്ഷം നിലവിലെ കച്ചവടക്കാർ കെട്ടിടഭാഗം ഒഴിയുമെന്നും അവർ മറ്റ് സ്വകാര്യ വ്യക്തികളുടെ കെട്ടിടങ്ങളിലേക്ക് മാറുമെന്നും ടി അവസ്ഥ ഉണ്ടായാൽ പഞ്ചായത്തിന് നഷ്ടം സംഭവിക്കുമായിരുന്നുവെന്നും ബോധ്യപ്പെട്ടു.

3) 2003 കാലത്ത് പട്ടാമ്പിയിലെ മറ്റ് കെട്ടിടങ്ങളുടെ വാടകയുമായി താരതമ്യപ്പെടുത്തിയതിൽ പഞ്ചായത്ത് അംഗീകരിച്ച വാടക നീതീകരിക്കാവുന്നതും യുക്തമായതാണെന്നും കമ്മിറ്റിക്ക് ബോധ്യപ്പെട്ടു.

4) 2003 കാലത്തെ പഞ്ചായത്ത് കമ്മിറ്റി വാടകയിൽ കുറവ് വരുത്തിയിട്ടില്ലെന്നും നടപ്പ് വാടകയിൽ നിന്നും 5 ശതമാനം വർദ്ധനവ് വരുത്തി വാടക നിശ്ചയിച്ചിട്ടുണ്ടെന്നും കണ്ടെത്തി. ടി തീരുമാനം പഞ്ചായത്തിന്റെ കെട്ടിടത്തിൽ നിന്നും വാടകക്കാരെ ഒഴിഞ്ഞുപോകുന്നത് തടയാനും പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടാകരുതെന്നും കരുതി ഉത്തമ വിശ്വാസത്തിൽ കൈക്കൊണ്ടെന്ന എടുത്തതാണെന്നും ബോധ്യപ്പെട്ടു.

5) 2003 കാലത്തെ പഞ്ചായത്ത് കമ്മിറ്റി അംഗങ്ങൾക്കോ സെക്രട്ടറിക്കോ വ്യക്തിപരമായ സ്ഥാപിത താല്പര്യങ്ങൾ ഉണ്ടായിരുന്നതായോ അവർക്ക് വ്യക്തിപരമായ സാമ്പത്തിക നേട്ടം ഉണ്ടാക്കുന്നതിനായോ എടുത്ത തീരുമാനം അല്ലെന്ന് കമ്മിറ്റിക്ക് ബോധ്യപ്പെട്ടു.

6) ടി കാലത്തെ പഞ്ചായത്ത് സെക്രട്ടറി, അംഗങ്ങൾക്ക് പഞ്ചായത്തിന് സാമ്പത്തിക നഷ്ടം വരുത്തണമെന്ന നിർബന്ധ താല്പര്യം ഉണ്ടായിരുന്നതായോ ആയതിന് വേണ്ടി വാടക കുറച്ച തീരുമാനം എടുത്തതായോ ബോദ്ധ്യപ്പെട്ടിട്ടില്ല.

7) അന്നത്തെ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിൽ അന്നത്തെ പഞ്ചായത്ത് സെക്രട്ടറി കാലാകാലങ്ങളിൽ വാടക സംബന്ധിച്ച ഉത്തരവുകളിൽ വന്ന വ്യത്യാസം ശ്രദ്ധയിൽപ്പെടുത്തുകയോ വിയോജനക്കുറിപ്പ് എഴുതുകയോ ചെയ്തതായി കാണാൻ കഴിഞ്ഞില്ല.

8) മേല്പറഞ്ഞ കാരണങ്ങൾ മിനട്ട്സിൽ വേറെ രീതിയിൽ രേഖപ്പെടുത്താ ത്തതിനാലാണ് ഓഡിറ്റ് ഒബ്ജക്ഷൻ ഉണ്ടായതെന്നും കമ്മിറ്റിക്ക് ബോദ്ധ്യപ്പെട്ടു.

മേൽപ്പറഞ്ഞ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ ശ്രീ. കെ. ആർ. നാരായണസ്വാമി അടക്കമുള്ള പഞ്ചായത്ത് മെമ്പർമാരോ പഞ്ചായത്ത് സെക്രട്ടറിയോ പഞ്ചായത്തിന് നഷ്ടം സംഭവിക്കുന്ന രീതിയിൽ പ്രവർത്തിച്ചിട്ടില്ല എന്നത് സബ് കമ്മിറ്റിക്ക് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ അന്തിമ തീരുമാനം എടുക്കുന്നതിനും ചർച്ചയ്ക്കും വേണ്ടി ഈ റിപ്പോർട്ട് മുനിസിപ്പൽ കൗൺസിൽ മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാണ്.

<u>22.05.2018-ലെ സാധാരണ കൗൺസിൽ യോഗത്തിലെ 4-ാം നമ്പർ തീരുമാനം</u>

സബ് കമ്മിറ്റിയുടെ റിപ്പോർട്ട് കൗൺസിൽ വിശദമായി ചർച്ച ചെയ്തു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന തീരുമാനം എടുത്തു. അന്നത്തെ പഞ്ചായത്ത് മെമ്പർമാരോ ഭരണസമിതിയോ ഉദ്യോഗസ്ഥന്മാരോ കുറ്റം ചെയ്തിട്ടില്ലെന്നും ബോദ്ധ്യപ്പെട്ടു. ശ്രീ. കെ. ആർ നാരായണസ്വാമി കോടതിയിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ അദ്ദേഹം വ്യക്തിപരമായി കുറ്റങ്ങൾ ഒന്നും ചെയ്തിട്ടില്ലെന്നും പഞ്ചായത്തിന് നഷ്ടം ഉണ്ടാക്കുകയോ ചെയ്തിട്ടില്ലെന്നും ആയതിനാൽ ശ്രീ. കെ. ആർ. നാരായണസ്വാമി ഇതിലേക്ക് ഒടുക്കിയ സംഖ്യ 25,000/- രൂപ പലിശ കൂടാതെ (ഇരുപത്തി അഞ്ചായിരം രൂപ മാത്രം) തിരിച്ചുനൽകേണ്ടതാണെന്നും തീരുമാനിച്ചു.

ടി വിഷയത്തിൽ നാലംഗങ്ങൾ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടുള്ളതാണ്. "

<u>അധിക വിവരം പരിഗണിച്ച 19.07.2018-ലെ യോഗ തീരുമാനം ചുവടെ ചേർക്കുന്നു.</u>

23. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ അന്വേഷണം നടത്തുന്നതിനായി നിയോഗിച്ച സബ് കമ്മിറ്റിയുടെ റിപ്പോർട്ട് നഗരസഭ കൗൺസിൽ വിശദമായി ചർച്ച ചെയ്യുകയാണുണ്ടായതെന്നും അക്കാലയളവിലെ ഭരണ സമിതിയോ ഉദ്യോഗസ്ഥരോ കുറ്റക്കാരല്ലെന്ന് ബോധ്യപ്പെടുകയും ചെയ്തതായും ശ്രീ. കെ. ആർ. നാരായണസ്വാമി പഞ്ചായത്തിന് നഷ്ടമൊന്നുമുണ്ടാക്കിയിട്ടില്ലെന്ന് ബോധ്യമായതിനാൽ അദ്ദേഹം നഗരസഭാ ഫണ്ടിൽ ഒടുക്കിയ 25,000/- രൂപ പലിശ കൂടാതെ തിരികെ നൽകാനും സമിതി തീരുമാനിച്ചു എന്ന് പട്ടാമ്പി നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

### <u>നിഗമനങ്ങൾ/ശിപാർശകൾ</u>

**24. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

**കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത്**

**ബിറ്റുമിൻ വാങ്ങൽ - സ്റ്റോക്ക്, വിനിയോഗം - വിവരങ്ങൾ ലഭ്യമല്ല**

(ഓഡിറ്റ് റിപ്പോർട്ട് : 1999-2000 ഖണ്ഡിക നമ്പർ : 3-7)

സിഡ്കോയിൽ നിന്നും രണ്ട് തവണയായി 18.12 മെട്രിക് ടൺ ബിറ്റുമിൻ 2,36,020/- രൂപ ചെലവഴിച്ച് വാങ്ങിയിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തി. എന്നാൽ സ്റ്റോക്ക് വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലുകൾ, അളവ് പുസ്തകം എന്നിവ പരിശോധിച്ചതിൽ 10401 കിലോഗ്രാം ടാർ വിതരണം ചെയ്തിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്. ബാക്കിയുള്ള 7719 കിലോഗ്രാം ടാറിന്റെ വിനിയോഗം സംബന്ധിച്ച യാതൊരു രേഖകളും ഹാജരാക്കിയിട്ടില്ല. ആയതിനാൽ കിലോഗ്രാമിന് 13/- രൂപ നിരക്കിൽ 7719 കിലോഗ്രാം ടാറിന്റെ വിലയായ 1,00,347/- രൂപ ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടമായി കണക്കാക്കി ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരിച്ച് പിടിക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.66.1).

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

25. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ ഉത്തരവാദിയായ ഉദ്യോഗസ്ഥൻ തുക തിരിച്ചടച്ചതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**26. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ ഉത്തരവാദിയായ ഉദ്യോഗസ്ഥൻ തുക തിരിച്ചടച്ചതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

**പദ്ധതി വിഹിതം - സെക്രട്ടറി സെൽഫ് ചെക്ക് മുഖേന പിൻവലിച്ച തുകകളുടെ വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല.**

(ഓഡിറ്റ് റിപ്പോർട്ട് : 2000-01 ഖണ്ഡിക നമ്പർ : 3(2))

താഴെ സൂചിപ്പിച്ച സെൽഫ് ചെക്കുകൾ പ്രകാരം കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പിൻവലിച്ച 75,000/- രൂപയുടെ വിനിയോഗ രേഖകൾ രേഖാമൂലം ആവശ്യപ്പെട്ടുവെങ്കിലും ഓഡിറ്റിന് ലഭ്യമായിട്ടില്ല.

| ചെക്ക് നമ്പർ/തീയതി | തുക (രൂപ) |
|---|---|
| 064132/27.03.2000 | 25000/ |
| 064147/29.08.2000 | 50000/- |
| ആകെ | 75000/- |

ഈ തുകയുടെ വിനിയോഗത്തെക്കുറിച്ച് അന്വേഷണം നടത്തേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.66.2).

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

27. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേലുള്ള തുകകളുടെ വിനിയോഗം ഓഡിറ്റ് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

<u>നിഗമനങ്ങൾ/ശിപാർശകൾ</u>

**28. ഓഡിറ്റ് പരാമർശത്തിന്മേലുള്ള തുകകളുടെ വിനിയോഗം പരിശോധിച്ച് ബോധ്യപ്പെട്ടുവെന്ന സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

**കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പമ്പ്സെറ്റ് വിതരണ പദ്ധതിയിൽ അധിക സബ്സിഡി അനുവദിച്ചു.**

(ഓഡിറ്റ് റിപ്പോർട്ട് : 1999-2000 ഖണ്ഡിക നമ്പർ : 3(14))

1999-2000 വാർഷിക പദ്ധതിയിൽ ഉല്പാദന മേഖലയിൽ ഉൾപ്പെടുത്തിയ സമഗ്ര നെൽകൃഷി വികസന പദ്ധതി പ്രകാരം 1.5 എച്ച്.പി. പമ്പ്സെറ്റ് 34 ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (എം.എസ്) നം. 20/99/പ്ലാനിംഗ് തീയതി, 05.04.99 ഖണ്ഡിക 3-1(എ) പ്രകാരം പാലിക്കേണ്ടിയിരുന്ന സബ്സിഡി മാനദണ്ഡം പാലിക്കാതിരുന്നതിനാൽ 1,14,555/- രൂപയുടെ നഷ്ടം ഉണ്ടായതായി കണ്ടെത്തി. ജനറൽ-നാമമാത്ര/ചെറുകിട കർഷകർക്ക് 50 ശതമാനം സബ്സിഡിക്കു മാത്രമേ അർഹത ഉണ്ടായിരുന്നുള്ളുവെങ്കിലും ആയത് പാലിച്ചിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.66.3).

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

29. നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ ഗുണഭോക്തൃ വിഹിതമായ തുക പഞ്ചായത്തിൽ ഒടുക്കിയതിന്റെ കൃത്യത ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ഈ ഇനത്തിൽ പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടില്ലെന്ന് ബോധ്യപ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

**<u>നിഗമനങ്ങൾ/ശിപാർശകൾ</u>**

**30. കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പമ്പ് സെറ്റ് വിതരണ പദ്ധതിയിൽ അധിക സബ്സിഡി അനുവദിച്ച തുക ടിയാൻ പഞ്ചായത്തിൽ ഒടുക്കിയതിന്റെ കൃത്യത സംസ്ഥാന ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ഈ ഇനത്തിൽ പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടില്ലെന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെയും, സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

**മങ്കര ഗ്രാമപഞ്ചായത്ത്**

**കുടിവെള്ള പദ്ധതി - വൈദ്യുതി കുടിശ്ശിക പിഴപലിശ പദ്ധതി വിഹിതത്തിൽ നിന്നും ഒടുക്കിയത് - ക്രമവിരുദ്ധം**

(ഓഡിറ്റ് റിപ്പോർട്ട് : 2003-04, ഖണ്ഡിക നമ്പർ : 3-12)

കേരള വാട്ടർ അതോറിറ്റി ഗ്രാമപഞ്ചായത്തിന് കൈമാറിയ കോട്ട, കാരാട്ടുപറമ്പ് എന്നീ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക അടയ്ക്കുവാൻ 2003-04 വാർഷിക പദ്ധതിയുടെ സേവന മേഖലയിൽ ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കുകയും പിഴപലിശയും റീകണക്ഷൻ ഫീയും ഉൾപ്പെടെ 1,37,480/- രൂപ വൈദ്യുതി ചാർജ്ജിനത്തിൽ ഒടുക്കുകയും ചെയ്തു. പിഴപലിശ, റീകണക്ഷൻ ഫീ എന്നീ ഇനത്തിൽ ഒടുക്കിയ 25,806/- രൂപ പാഴ്ചെലവായതിനാൽ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും തിരിച്ചുപിടിക്കണം.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.67.1).

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

31. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ നൽകിയ മറുപടിയിൽ സർക്കാരിൽ നിന്നും സാധൂകരണം തേടിയിട്ടുണ്ടെന്ന് മങ്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. തുടർന്ന് സാധൂകരണം ലഭിച്ചത് സംബന്ധിച്ച വിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്ന് സമിതി തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

32. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ നൽകിയ മറുപടിയിൽ സർക്കാരിൽ നിന്നും സാധൂകരണം തേടിയിട്ടുണ്ടെന്ന് മങ്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സാധൂകരണം ലഭിച്ചത് സംബന്ധിച്ച വിവരം സംസ്ഥാന ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

**ചാലിശ്ശേരി ഗ്രാമപഞ്ചായത്ത്**

**മുൻകൂർ കൈപ്പറ്റിയിട്ടും പ്രവൃത്തി പൂർത്തീകരിച്ചില്ല**

(ഓഡിറ്റ് റിപ്പോർട്ട് : 2001-02 ഖണ്ഡിക നമ്പർ: ഭാഗം 3 ഖണ്ഡിക 4, 4(2))

താഴെപറയുന്ന പ്രവൃത്തികൾക്കായി കൺവീനർമാർ മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയെങ്കിലും പ്രവൃത്തി പൂർത്തീകരിക്കുകയോ അഡ്വാൻസ് തിരിച്ചടയ്ക്കുകയോ ചെയ്തിട്ടില്ല. മുൻകൂർ ഇനത്തിൽ കൈപ്പറ്റിയ തുക പലിശ സഹിതം തിരിച്ചുപിടിക്കണം.

| ഖണ്ഡിക നം. | വൗച്ചർ നം. | തുക | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് |
|---|---|---|---|---|
| 3-4 | 26/01-02 | 15000 | കെ. കട്ടൻ | കൊല്ലയിപ്പറമ്പ് കോളനി റോഡ് മെറ്റലിംഗ്, ടാറിംഗ് |
| 3-4(2) | 37/00-01 | 18075 | ടി. പി. മുഹമ്മദ് | നരിമട വട്ടാട്ടുകുന്ന് റോഡ് മെറ്റലിംഗ്, ടാറിംഗ് |
| | 7/01-02 | 19000 | | |
| | ആകെ | 52075 | | |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.68.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

33. ഓഡിറ്റ് പരാമർശം സംബന്ധിച്ച പ്രവൃത്തികൾക്കായി കൺവീനർമാർ കൈപ്പറ്റിയ തുക തിരിച്ചടച്ചോ എന്ന് സമിതി ആരാഞ്ഞതിന് നരിമട വട്ടാട്ടുകുന്ന് റോഡ് മെറ്റലിംഗ്, ടാറിംഗ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് കൺവീനറായ ശ്രീ. ടി. പി. മുഹമ്മദ്, 37,075/- രൂപയാണ് കൈപ്പറ്റിയതെങ്കിലും 37,790/- രൂപയുടെ പാർട്ട് ബില്ല് സമർപ്പിച്ചിട്ടുണ്ടെന്നും കൊല്ലാഴിപ്പറമ്പ് കോളനി മെറ്റലിംഗ് ആന്റ് ടാറിംഗ് പ്രവൃത്തിയ്ക്കായി കൺവീനറായ ശ്രീ. കെ. കുട്ടൻ 15,000/- രൂപ അഡ്വാൻസ് വാങ്ങിയെങ്കിലും പ്രവൃത്തി ചെയ്തിട്ടില്ല എന്നും ശ്രീ. കെ. കുട്ടൻ ഇപ്പോൾ മാനസിക രോഗിയാണെന്നും 4 സെന്റ് സ്ഥലത്താണ് അദ്ദേഹം താമസിക്കുന്നതെന്നും ചാലിശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

34. ശ്രീ. ടി. പി. മുഹമ്മദ് ഏറ്റെടുത്ത പ്രവൃത്തിയുടെ പാർട്ട് ബിൽ സമർപ്പിച്ച പ്രവൃത്തി അവസാനിപ്പിക്കുകയും തുക മുൻകൂർ ക്രമീകരിച്ചത് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെടുകയും ചെയ്തിട്ടുള്ളതിനാലും ശ്രീ. കുട്ടൻ എന്നയാൾക്ക് മാനുഷിക പരിഗണന വച്ചും പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

35. **ശ്രീ. ടി. പി. മുഹമ്മദ് ഏറ്റെടുത്ത നരിമട വട്ടാട്ടുകുന്ന് റോഡ് മെറ്റലിംഗ് ടാറിംഗ് പ്രവൃത്തിയുടെ പാർട്ട് ബിൽ സമർപ്പിച്ച് പ്രവൃത്തി അവസാനിപ്പിക്കുകയും തുക മുൻകൂർ ക്രമീകരിച്ചത് സംസ്ഥാന ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെടുകയും ചെയ്തിട്ടുള്ളതിനാലും ശ്രീ. കുട്ടൻ എന്നയാൾക്ക് മാനുഷിക പരിഗണന നൽകി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

**മലമ്പുഴ ഗ്രാമപഞ്ചായത്ത്**

**സമഗ്ര നെൽകൃഷി വികസനം - സബ്സിഡി തുക സർവ്വീസ് സഹകരണ ബാങ്കിന് അനുവദിച്ചു**

ഓഡിറ്റ് റിപ്പോർട്ട് : 2000-01 ഖണ്ഡിക നമ്പർ 3-21

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 1999-2000 വർഷത്തിൽ നടപ്പിലാക്കിയ സമഗ്ര നെൽകൃഷി വികസന പദ്ധതിക്കായി ചെക്ക് നം.397322/16.03.01 മുഖേന 3,00,000/- രൂപ 12 വാർഡുകളിൽ നിലകൊള്ളുന്ന പാടശേഖര സമിതികൾക്ക് യൂറിയ, മസൂരി, പൊട്ടാഷ്, വേപ്പിൻപിണ്ണാക്ക്, കുമ്മായം എന്നിവ വിതരണം ചെയ്യുന്നതിനായി നൽകിയിട്ടുണ്ട്. 2,43,800/- രൂപ മാത്രമാണ് സബ്സിഡിയിനത്തിൽ ബാങ്കിന് നൽകേണ്ടിയിരുന്നത്. 56,200/- രൂപ അധികം നൽകിയിരിക്കുന്നു. അധികമായി നൽകിയ 56,200/- രൂപ തിരിച്ചു പിടിക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.69.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

36. ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ രേഖകൾ പരിശോധിച്ച് അധിക സബ്സിഡി നൽകിയിട്ടില്ലെന്ന് ഓഡിറ്റ് വകുപ്പിന് ബോധ്യപ്പെട്ടതിനാൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുകയും ചെയ്തു.

## <u>നിഗമനങ്ങൾ/ശിപാർശകൾ</u>

**37. ഓഡിറ്റ് പരാമർശം സംബന്ധിച്ച് മലമ്പുഴ ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ രേഖകൾ പരിശോധിച്ച് അധിക സബ്സിഡി നൽകിയിട്ടില്ലെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബോധ്യപ്പെട്ടുവെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

**കൊട്ടവായൂർ ഗ്രാമപഞ്ചായത്ത്**

**സമഗ്ര നെൽകൃഷി വികസന പദ്ധതി - രാസവള വിതരണത്തിനു മാത്രമായി പദ്ധതി നടപ്പിലാക്കി - മാർഗ്ഗരേഖയ്ക്കു വിരുദ്ധം:**

ഓഡിറ്റ് റിപ്പോർട്ട് : 2001-02 ഖണ്ഡിക നമ്പർ: 3-14(3)

2001-02 വാർഷിക പദ്ധതിയുടെ ഉല്പാദന മേഖലയിൽ ഉൾപ്പെടുത്തിയ നെൽകൃഷി വികസന പദ്ധതിക്കായി കൃഷിക്കാർക്ക് സബ്സിഡി നിരക്കിൽ രാസവളം വിതരണം ചെയ്യുന്നതിനായി സർവ്വീസ് സഹകരണ ബാങ്കിന് 8.65 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണ മാനദണ്ഡമനുസരിച്ച് രാസവളം സബ്സിഡികൾ മാത്രമായി പദ്ധതി നടപ്പിലാക്കുന്നത് വിലക്കിയിട്ടുണ്ട്. മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി അനുവദിച്ച 8.65 ലക്ഷം രൂപ ഓഡിറ്റിൽ അംഗീകരിച്ചിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.70.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

38. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുകയും പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു.

**നിഗമനങ്ങൾ/ശിപാർശകൾ**

**39. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

**മരാമത്ത് ബില്ലുകളിൽ ക്രമക്കേട്**

**സെക്ഷൻ ക്ലാർക്ക് അപഹരിച്ചത് 7,96,284/- രൂപ**

**പറളി ഗ്രാമപഞ്ചായത്ത് - പാലക്കാട് ജില്ല.**

(ഓഡിറ്റ് റിപ്പോർട്ട് 2012-13, 2013-14, 2014-15: ഖണ്ഡിക 3.15)

[illegible]

പറളി ഗ്രാമപഞ്ചായത്തിലെ എൽ.എസ്.ജി.ഡി വിഭാഗത്തിലെ സീനിയർ ക്ലാർക്കായിരുന്ന ശ്രീ. സുരേഷ് കുമാറായിരുന്നു മരാമത്ത് പ്രവൃത്തികളുടെ ബില്ല് സംബന്ധമായ എല്ലാ ജോലികളും കൈകാര്യം ചെയ്തിരുന്നത്. പ്രവൃത്തികളുടെ ബില്ലിന്റെ അലോട്ട്മെന്റ് വാങ്ങുന്നതിനും, ട്രഷറിയിൽ നിന്നും പി.ഒ.സി. വാങ്ങുന്നതിനും, ബാങ്കിൽ നിന്നും ഡിമാന്റ് ഡ്രാഫ്റ്റാക്കി കരാറുകാരന് നൽകുന്നതിനും ശ്രീ. സുരേഷ് കുമാറിനെയായിരുന്നു അസിസ്റ്റന്റ് എഞ്ചിനീയർ ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ 2015 ഫെബ്രുവരി മുതൽ മാർച്ച് വരെയുള്ള ചില പ്രവൃത്തികളുടെ ബിൽ തുകകൾ ഡിമാന്റ് ഡ്രാഫ്റ്റാക്കി മാറ്റിയത് കരാറുകാരന് നൽകിയില്ല. കരാറുകാർക്ക് നൽകേണ്ട ബിൽ തുകയുള്ള പി.ഒ.സി. ട്രഷറിയിൽ നിന്നും ക്യാഷാക്കി ബാങ്കിൽ നിക്ഷേപിച്ച്, അസിസ്റ്റന്റ് എഞ്ചിനീയറുടെ വ്യാജ ഒപ്പിട്ട ഡി.ഡി. സ്ലിപ്പ് ഉപയോഗിച്ച് ശ്രീ. സുരേഷ് കുമാർ തന്റെയും ബന്ധുക്കളുടെയും പേരിൽ ഡി.ഡി. മാറി പണാപഹരണം നടത്തുകയായിരുന്നു. താഴെപ്പറയുന്ന അഞ്ച് പ്രവൃത്തികളുടെ കരാറുകാർക്ക് നൽകാനുണ്ടായിരുന്ന 7,96,284/- രൂപയാണ് മേൽപ്പറഞ്ഞ പ്രകാരം അപഹരിച്ചത്.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | പി.ഒ.സി. തുക | പി.ഒ.സി. പണമാക്കിയ തീയതി | ട്രഷറി ബിൽ നം. |
|---|---|---|---|---|---|
| 1 | എടക്കുന്നത്ത് പടി എസ്.സി. കോളനി, കുടിവെള്ള പദ്ധതി (പ്രോജക്ട് നം.148/14-15) | ശ്രീ.സി.സുദേവൻ | 67725 | 02.04.15 | 61/14-15 |
| 2 | അയ്യപ്പൻകാവ് കുട്ടാലപ്പടി റോഡ് (പ്രോജക്ട് നം.90/14-15) | ശ്രീ.പി.എം.ശിവരാജൻ | 284605 | 02.03.15 | 38/14-15 |
| 3 | ലക്ഷംവീട് പട്ടിപടി കുടിവെള്ള പദ്ധതി | ശ്രീ.പി.എസ്.രാജേഷ് | 83960 | 31.03.15 | 51/14-15 |
| 4 | താമരക്കുന്ന് ഭാഗത്തേക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (പ്രോജക്ട് നം.105/14-15) | ശ്രീ.സി.കെ.രത്നകുമാരൻ | 137830 | 13.03.15 | 39/14-15 |
| 5 | ഗ്രാമപറമ്പ് കുടിവെള്ള പദ്ധതി | ശ്രീ. കെ.വി.കൃഷ്ണൻ | 222164 | 02.04.15 | 59/14-15 |
| | **ആകെ** | | **796284** | | |

ഇത് സംബന്ധിച്ച് മങ്കര പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചതിലുപരിയായി കേരള പഞ്ചായത്ത് രാജ് (ഉദ്യോഗസ്ഥന്മാരുടെ മേലുള്ള നിയന്ത്രണം) ചട്ടങ്ങളിലെ, ചട്ടം 8 അനുസരിച്ച് പഞ്ചായത്ത് പ്രസിഡന്റ് 18.5.2015 തീയതി മുതൽ ശ്രീ. സുരേഷ് കുമാറിനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുമുണ്ട്.

അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ പ്രസ്തുത കാലയളവിൽ ക്യാഷ് ബുക്ക്, ഡി.ഡി. ഉഷ്യൂ രജിസ്റ്റർ മുതലായ സുപ്രധാന രേഖകൾ എഴുതി സൂക്ഷിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുള്ളതായി ഓഡിറ്റ് നടത്തിയ പരിശോധനയിൽ ബോധ്യപ്പെട്ടു. ധനവിനിയോഗം, കണക്ക് സൂക്ഷിപ്പ് എന്നിവ ജി.ഒ.(പി) നം.177/2006/ധനം തീയതി 12.04.2006 പ്രകാരം കാര്യക്ഷമമായി നിർവ്വഹിക്കുന്നതിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഗുരുതരമായ വീഴ്ചയാണ് വരുത്തിയിട്ടുള്ളത്. രജിസ്റ്ററുകളും രേഖകളും ക്രമപ്രകാരം സൂക്ഷിക്കാതിരുന്നതും, അവ യഥാസമയങ്ങളിൽ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്താതിരുന്നതുമാണ് പണാപഹരണത്തിന് വഴിതെളിച്ചത് എന്നതിനാൽ ഇതിനുത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയർക്കെതിരെയും ചട്ട പ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

പ്രസ്തുത പരാമർശം സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേക്ക് ശിപാർശ ചെയ്യുന്ന വിവരം 30.4.2016-ലെ കെ.എസ്.എ.പി.കെ.ഡി/4/661/2016-ാം നമ്പർ കത്ത് പ്രകാരം പറളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 8.16)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

40. പണാപഹരണം നടത്തി ശ്രീ. സുരേഷ് കുമാർ ഇപ്പോൾ സർവ്വീസിലുണ്ടോയെന്നും ഇതു സംബന്ധിച്ച കേസിന്റെ നിലവിലെ സ്ഥിതി എന്താണെന്നും സസ്പെൻഷൻ കാലാവധി എത്രയായിരുന്നുവെന്നും സമിതി ആരാഞ്ഞതിന് പണാപഹരണം നടത്തിയ ശ്രീ. സുരേഷ്

കുമാർ ഇപ്പോൾ സർവ്വീസിലുണ്ടെന്നും ടിയാനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് പഞ്ചായത്ത് വകുപ്പിൽ നിയമിച്ചതെന്നും കാലാവധി കഴിഞ്ഞ് മാതൃവകുപ്പായ പൊതുമരാമത്ത് വകുപ്പിലേക്ക് തിരിച്ചുപോകുകയാണുണ്ടായതെന്നും ഇതു സംബന്ധിച്ച കേസ് നടക്കുന്നുണ്ടെന്നും 31.05.2016-ലാണ് ടിയാനെ സർവ്വീസിൽ തിരിച്ചെടുത്തതെന്നും വിജിലൻസ് കേസ് വരുന്ന മുറയ്ക്ക് അയാൾക്കെതിരെ നടപടിയെടുക്കാമെന്നുമാണ് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുള്ളതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി. അപഹരിച്ച തുക വിജിലൻസ് കേസിന്റെ വിധിയാകുന്നതിനുമുമ്പ് കരാറുകാർക്ക് തിരിച്ചു നൽകിയത് എന്തടിസ്ഥാനത്തിലാണെന്ന് സമിതി അന്വേഷിച്ചതിന് തുക നഷ്ടമായ കരാറുകാർ ഓംബുഡ്സ്മാനിൽ പരാതി നൽകിയപ്പോൾ ഓംബുഡ്സ്മാനിൽ നിന്ന് വിധി വരുന്നതിനു മുമ്പ് തന്നെ ഡി.ഡി. എടുത്ത് കരാറുകാർക്ക് നൽകി പരാതി ഒത്തുതീർപ്പാക്കുകയാണുണ്ടായതെന്ന് പറളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

41. വിജിലൻസ് കേസ് നിലനിൽക്കുമ്പോൾ തന്നെ കരാറുകാർക്ക് തുക തിരികെ നൽകിയ നടപടിയിൽ പഞ്ചായത്ത് വളരെ നിരുത്തരവാദപരമായ നിലപാടാണ് സ്വീകരിച്ചതെന്നും സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തയാളെ സസ്പെൻഷൻ പീരീഡ് റദ്ദാക്കി മാതൃവകുപ്പായ പൊതുമരാമത്ത് വകുപ്പിലേക്ക് തിരിച്ചെടുത്തത് ഗുരുതരമായ ക്രമക്കേടാണെന്നും സമിതി വിലയിരുത്തി.

42. വിജിലൻസ് കേസിന്റെ വിധി വരുന്ന മുറയ്ക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ നടപടി കൈക്കൊള്ളാൻ ടിയാന്റെ മാതൃവകുപ്പായ പി.ഡബ്ല്യു.ഡി.യോട് സമിതി ആവശ്യപ്പെടുന്നതിന് സമിതി നിർദ്ദേശിച്ചു. കൂടാതെ ഉത്തരവാദിയായ ഉദ്യോഗസ്ഥൻ തുക നേരിട്ട് കരാറുകാർക്ക് തിരികെ നൽകിയ നടപടി തെറ്റാണെന്ന് സമിതി വിലയിരുത്തുകയും ഇക്കാര്യത്തിൽ പഞ്ചായത്തധികൃതരുടെ മൗനാനുമതി ഉണ്ടെന്ന് സമിതി നിരീക്ഷിക്കുകയുമുണ്ടായി. പ്രസ്തുത കാലഘട്ടത്തിൽ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ഉദ്യോഗസ്ഥനെതിരെ നടപടി കൈക്കൊള്ളാനും സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

43. പറളി ഗ്രാമപഞ്ചായത്തിലെ എൽ.എസ്.ജി.ഡി സെക്ഷനിലെ സീനിയർ ക്ലാർക്കായ ശ്രീ. സുരേഷ് കുമാർ മരാമത്ത് ബില്ലുകളിൽ ക്രമക്കേട് നടത്തി 5 കരാറുകാരുടെ ഡി.ഡി. മാറി പണാപഹരണംനടത്തിയതിനു ടിയാനെതിരെ വിജിലൻസ് കേസ് നിലനിൽക്കുമ്പോൾ തന്നെ കരാറുകാർക്ക് തുക തിരികെ നൽകിയ നടപടിയിൽ പഞ്ചായത്ത് വളരെ നിരുത്തരവാദപരമായ നിലപാടാണ് സ്വീകരിച്ചതെന്നും സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തയാളെ സസ്പെൻഷൻ പീരിഡ് റദ്ദാക്കി മാതൃവകുപ്പായ പൊതുമരാമത്ത് വകുപ്പിലേയ്ക്ക് തിരിച്ചെടുത്ത നടപടി ഗുരുതരമായ ക്രമക്കേടാണെന്ന് സമിതി വിലയിരുത്തുന്നു. കൂടാതെ വിജിലൻസ് കേസിന്റെ വിധി വരുന്ന മുറയ്ക്ക് ടിയാനെതിരെ നടപടി കൈക്കൊള്ളണമെന്നും മാതൃവകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു. ഉത്തരവാദിയായ ഉദ്യോഗസ്ഥൻ തുക നേരിട്ട് കരാറുകാർക്ക് തിരികെ നൽകിയ നടപടി തെറ്റാണെന്നും ഇക്കാര്യത്തിൽ പഞ്ചായത്തധികൃതരുടെ മൗനാനുവാദം ഉണ്ടായിരുന്നുവെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ പ്രസ്തുത കാലഘട്ടത്തിൽ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ഉദ്യോഗസ്ഥനെതിരെ നടപടി കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**കുടുംബശ്രീ തൊഴിൽ പരിശീലന പദ്ധതികൾ - സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം - പദ്ധതി നടത്തിപ്പിൽ ക്രമക്കേട് - 8,33,650/- രൂപയുടെ ധനദുർവിനിയോഗം**

**തൃത്താല ഗ്രാമപഞ്ചായത്ത്**

**ഓഡിറ്റ് റിപ്പോർട്ട് 2012-13, 2013-14, ഖണ്ഡിക 3.1**

* [illegible]
* തെളിവ് നടപടിയിൽ വ്യാപക ക്രമക്കേട്
* [illegible]

തൃത്താല ഗ്രാമപഞ്ചായത്തിന്റെ 2012-13, 2013-14 വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി കുടുംബശ്രീ വനിതകൾക്ക വേണ്ടി താഴെപ്പറയുന്ന തൊഴിൽ പരിശീലന പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

**പരിശീലനം നൽകിയ സ്ഥാപനം - അപ്സര ഇൻസ്റ്റിറ്റ്യൂട്ട്, പുലാപ്പറ്റ, പാലക്കാട്**

**2012-13 വർഷം നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരം**

| ക്രമ നം. | പ്രോജക്ട് നം. പേര്, വർഷം | ചെലവഴിച്ച ഇക | ബിൽ നം. തീയതി | പരിശീലന സ്ഥാപനം എഗ്രിമെന്റ് വെച്ച തീയതി | പരിശീല നാർത്ഥികളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 073/13 - പേപ്പർ ബാഗുകൾ/നൈലോൺ ബിഗ് ഷോപ്പർ സ്ക്രീൻ പ്രിന്റിംഗ് പരിശീലനം (എസ്.സി.പി) | 90000 | 11/12-13<br>26.03.13 | 16.3.13 | 36 |
| 2 | 076/13 - പേപ്പർ ബാഗുകൾ/നൈലോൺ ബിഗ് ഷോപ്പർ സ്ക്രീൻ പ്രിന്റിംഗ് പരിശീലനം (ജനറൽ) | 74800 | 21/12-13<br>31.03.13 | 16.3.13 | 30 |
| 3 | 077/12-13 – ആഭരണ നിർമ്മാണം (എസ്.സി.പി) | 60000 | 12/12-13<br>26.03.13 | 16.3.13 | 20 |
| 4 | 078/12-13 – ആഭരണ നിർമ്മാണം ജനറൽ) | 89750 | 22/12-13<br>31.03.13 | 11.3.13 | 30 |
| 5 | 80/12-13 – കൂൺ കൃഷി പരിശീലനം (ജനറൽ) | 49350 | 9/13<br>31.03.13 | 15.3.13 | 30 |
| 6 | 081/12-13 – ടെക്സ്റ്റൈൽസ് പ്രിന്റിംഗ് (എസ്.സി.പി) | 50000 | 13/12-13<br>26.03.13 | 25.2.13 | 20 |
| 7 | 082/12-13 – ടെക്സ്റ്റൈൽസ് പ്രിന്റിംഗ് (ജനറൽ) | 74750 | 23/12-13<br>31.03.13 | 25.2.13 | 30 |
| 8 | 86/12-13 – സാനിട്ടറി നാപ്കിൻ | 105000 | 20/12-13<br>31.03.13 | 08.3.13 | 30 |
| | ആകെ | 593650 | | | |

**2013-14 വർഷം നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരം:**

| ക്രമ നം. | പ്രോജക്ട് നം. പേര്, വർഷം | ചെലവഴിച്ച ഇക | ബിൽ നം. തീയതി | പരിശീലന സ്ഥാപനം എഗ്രിമെന്റ് വെച്ച തീയതി | പരിശീല നാർത്ഥികളുടെ എണ്ണം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 160/13-14–ഗാർമെന്റ് മേക്കിംഗ് (എസ്. സി. പി.) | 100000 | 01/13-14 30.10.13 | 01.3.13 | 20 |
| 2 | 161/13-14 - ഗാർമെന്റ് മേക്കിംഗ് (ജനറൽ) | 140000 | 05/12-13 30.10.13 | - | - |
| | ആകെ | 240000 | | | |

**മേൽപ്പറഞ്ഞ പ്രോജക്ടുകളുടെ നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു**

1. 12-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ {ജി.ഒ(എം.എസ്)നം.225/2012/തസ്വഭവ. തീയതി 18.08.2012 ഖണ്ഡിക(5)} പ്രകാരം സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനു വേണ്ടി ഗ്രൂപ്പുകൾ രൂപീകരിച്ച് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുന്നവർക്ക് മാത്രമേ അനുയോജ്യമായ തൊഴിലിൽ പരിശീലനം നൽകാൻ പാടുള്ളൂ. എന്നാൽ ഗ്രൂപ്പുകൾ രൂപീകരിക്കുകയോ, മറ്റു പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങുകയോ ചെയ്യാതെയാണ് തൊഴിൽ പരിശീലനങ്ങൾ നൽകിയിട്ടുള്ളത്. 2010-11, 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ വൻ തുക ചെലവിട്ട് പരിശീലനം നൽകിയ സംരംഭങ്ങളിൽ ഒന്നുപോലും നാളിതുവരെ ആരംഭിക്കുകയോ, പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുകയോ ചെയ്തിട്ടില്ല. ഇതുവഴി സർക്കാർ നിർദ്ദേശങ്ങൾക്കും പദ്ധതി മാർഗ്ഗരേഖകൾക്കും വിരുദ്ധമായി പഞ്ചായത്ത് പൊതുഫണ്ട് ദുരുപയോഗം ചെയ്തു.

2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ (ജി.ഒ(പി)നം.259/2010/എൽ.എസ്.ജി.ഡി. തീയതി 8.11.2010) പ്രകാരം ഒരു ലക്ഷം രൂപയിൽ കൂടുതൽ മതിപ്പുവിലയുള്ള സേവനങ്ങൾക്ക് ഓപ്പൺ ടെൻഡർ രീതി അവലംബിക്കേണ്ടതുണ്ട്. വ്യാപകമായ പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപ്പത്രത്തിലും മലയാളം ദിനപ്പത്രത്തിലും പരസ്യം ചെയ്ത് സേവനദാതാക്കളുടെ ടെൻഡർ ക്ഷണിക്കേണ്ടതുണ്ട്. ടെൻഡർ ഫോറത്തിന്റെ വിൽപ്പനയ്ക്കും, സമർപ്പണത്തിനും പരസ്യ തീയതി മുതൽ 21 ദിവസം നൽകണം. ഉത്തരവിൽ നിഷ്കർഷിക്കുന്ന നിരക്കിൽ ടെൻഡർ ഫോറത്തിന്റെ വില ഈടാക്കണം. ടെൻഡർ സമർപ്പിച്ചവരുടെയും സോഷ്യൽ ഓഡിറ്റ്

കമ്മിറ്റിയിലെ അംഗത്തിന്റെയും സാന്നിദ്ധ്യത്തിൽ ടെൻഡറുകൾ പരസ്യമായി തുറക്കണം. സേവനകരാറുകാരുടെ കാര്യത്തിൽ, ഉയർന്ന ഗുണനിലവാരം, സാമ്പത്തിക ലാഭവും കാര്യക്ഷമതയും, യോഗ്യരായവർക്ക് മത്സരിക്കാൻ അവസരം നൽകൽ, തെരഞ്ഞെടുപ്പ് പ്രക്രിയയിൽ സുതാര്യത എന്നിവയും ഉറപ്പുവരുത്തേണ്ടതുണ്ട്.

എന്നാൽ ഈ നിബന്ധനകളെല്ലാം പാടെ അവഗണിച്ചാണ് പരിശീലന പരിപാടി സംഘടിപ്പിച്ചിട്ടുള്ളതും, പരിശീലന സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടുള്ളതും. അപ്സര ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തതുമായി ബന്ധപ്പെട്ട പഞ്ചായത്ത് കമ്മിറ്റി തീരുമാനം (നം.2 തീയതി: 30.1.2014) വ്യാജമാണെന്നും പരിശോധനയിൽ വ്യക്തമായി.

ഭരണസമിതി അംഗങ്ങൾ 28.2.2014-ൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിച്ച പരാതിയിൽ (നം.എ 1-1756 തീയതി: 28.2.2014) "ഇങ്ങനെ തീരുമാനമെടുത്തതായി ഞങ്ങൾക്ക് അറിയില്ല. മിനിട്ട്സിൽ തിരുത്തൽ വരുത്തിയാണ് മേൽപ്പറഞ്ഞ സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടുള്ളത്" എന്ന് പറയുന്നു.

ജനപ്രതിനിധികളിൽ നിന്നും ലഭിച്ച പരാതി പഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ ചർച്ച ചെയ്യുന്നതിനോ, തുടർനടപടികൾ സ്വീകരിക്കുന്നതിനോ സെക്രട്ടറി തയ്യാറായില്ല.

3. പരിശീലന പരിപാടികളുടെ കാര്യത്തിൽ, സർക്കാർ ഉത്തരവ് (എം.എസ്).നം.248/2012/തസ്വഭവ. തീയതി: 29.9.12-ലെ നിബന്ധന പ്രകാരം തൊഴിൽ പരിശീലനത്തിനു മാത്രമായി പ്രോജക്ടുകൾ അനുവദനീയമല്ലാത്തതിനാൽ, ആയവ വായ്പാബന്ധിത പ്രോജക്ടുകളാക്കി മാറ്റണമെന്നും, അതിൽ പരിശീലനത്തിനുള്ള തുക വകയിരുത്തണമെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ പഞ്ചായത്ത് കമ്മിറ്റിയ്ക്ക് 23.1.2014-ൽ കത്ത് നൽകിയിട്ടുണ്ട്. 2010-11 വർഷം മുതൽ പൂർത്തിയാക്കിയ വിവിധ തൊഴിൽ പരിശീലനങ്ങളുടെ തുടർ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തേണ്ടതുണ്ടെന്നും സംഘങ്ങൾക്ക് ബാങ്ക് ലോണും സബ്സിഡിയും ലഭിക്കത്തക്ക രീതിയിലുള്ള പ്രോജക്ടുകൾക്ക് രൂപം

നൽകണമെന്നും, നിർവ്വഹണോദ്യോഗസ്ഥൻ 20.1.2014, 30.1.2014, 05.3.2014 തീയതികളിലെ കത്തുകൾ മുഖേന പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്.

4. തൊഴിൽ പരിശീലനവുമായി ബന്ധപ്പെട്ട് പരിശോധനയ്ക്ക് സമർപ്പിച്ച ഫയലുകൾ, പരിശീലനാർത്ഥികളുടെ ഹാജർ പട്ടികകൾ എന്നിവ പരിശോധിച്ചതിൽ, ഒരേ സമയം (രാവിലെ മുതൽ വൈകുന്നേരം വരെ) നടത്തപ്പെട്ട വിവിധ പരിശീലന പരിപാടികളിൽ ഒരേ വ്യക്തികൾ തന്നെ പങ്കെടുത്തതായി കാണുന്നു. ഉദാഹരണങ്ങൾ അനുബന്ധമായി കൊടുക്കുന്നു. പദ്ധതി നടത്തിപ്പിലെ അപാകതകളിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് താൻ പരിവർത്തിതാവധിയിലായിരുന്ന കാലയളവിലാണ് ഭരണസമിതി തീരുമാനം സംബന്ധിച്ച അപാകങ്ങൾ ഉടലെടുത്തതെന്നും, മാർച്ച് 31-നകം ബിൽ മാറുന്നതിന് വേണ്ടിയാണ് അക്രഡിറ്റഡ് ഏജൻസിയെ പരിശീലന ചുമതല ഏൽപ്പിച്ചതെന്നുമുള്ള സെക്രട്ടറിയുടെ മറുപടി നിരുത്തരവാദപരവും അംഗീകരിക്കാൻ കഴിയാത്തതുമാണ്.

ഭരണസമിതി അംഗങ്ങളുടെയും നിർവ്വഹണ ഉദ്യോഗസ്ഥന്റെയും വിയോജനക്കുറിപ്പുകൾ, സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ, പഞ്ചായത്ത് രാജ് നിയമം, ധനവിനിയോഗവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ എന്നിവ പരിഗണിക്കാതെ പദ്ധതി നടപ്പിലാക്കിയതുമൂലമുള്ള നഷ്ടം (8,33,650/-രൂപ) വിയോജിപ്പ് അറിയിച്ച 8 ഭരണസമിതി അംഗങ്ങൾ ഒഴികെയുള്ള ഭരണസമിതി അംഗങ്ങളിൽ നിന്നും, പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

തൊഴിൽ പരിശീലന പദ്ധതികളുടെ വിശദവിവരം അനുബന്ധം 10, 11 എന്നിവയായി ചേർക്കുന്നു.

## അനുബന്ധം - 10

### തൊഴിൽ പരിശീലന പദ്ധതികൾ - (എസ്.സി.പി.)

### പരിശീലനാർത്ഥികൾ ഒരേ സമയം രണ്ട് വ്യത്യസ്ത കോഴ്സുകളിൽ പങ്കെടുത്തതിന്റെ വിശദാംശങ്ങൾ

| ക്രമ. നം. | പരിശീലനാർത്ഥിയുടെ പേര് | പരിശീലന ഇനം, കാലയളവ് | ഹാജർ പട്ടിക റോൾ നമ്പറും, പരിശീലനാർത്ഥി പങ്കെടുത്ത കാലയളവും | പരിശീലനാർത്ഥി മറ്റു കോഴ്സുകളിൽ പങ്കെടുത്തതിന്റെ വിശദാംശങ്ങൾ | | പരിശീലനാർത്ഥി രണ്ട് കോഴ്സുകളിലും പങ്കെടുത്തതായി കാണുന്ന ഒരേ തീയതികൾ |
|---|---|---|---|---|---|---|
| | | | | പരിശീലന ഇനം, കാലയളവ് | ഹാജർ പട്ടിക റോൾ നമ്പറും, പരിശീലനാർത്ഥി പങ്കെടുത്ത കാലയളവും | |
| 1 | വിനോദിനി പി.കെ. | ഗാർമെന്റ് നിർമ്മാണം (എസ്.സി.പി) 01.03.2013 മുതൽ 20.05.2013 വരെ (60 ദിവസം) | റോൾ നമ്പർ (1) 01.03.2013 മുതൽ 20.05.2013 വരെ (60 ദിവസം) | ആഭരണ നിർമ്മാണം (എസ്.സി. പി) (12.03.2013 മുതൽ 23.03.2013 വരെ )11 പ്രവൃത്തി ദിവസം) | റോൾ നമ്പർ (20) 13.03.2013 മുതൽ 23.03.2013 വരെ (10 ദിവസം) | 13.03.2013 മുതൽ 23.03.2013 വരെ (10 ദിവസം) ഈ പരിശീലനാർത്ഥി തന്നെ 16.03.2013 മുതൽ 27.03.2013 വരെയുള്ള കാലയളവിൽ പേപ്പർ ബാഗ് നിർമ്മാണത്തിൽ റോൾ നമ്പർ (6), റോൾ നമ്പർ (36) എന്നിവ പ്രകാരം പങ്കെടുത്തതായി കാണുന്നു. |
| 2 | സുമന്യ വി.എസ്. | ടി | റോൾ നമ്പർ (4) 01.03.2013 മുതൽ 20.05.2013 വരെ (60 ദിവസം) | ടി | റോൾ നമ്പർ (4) 13.03.2013 മുതൽ 23.03.2013 വരെ (10 ദിവസം) | 13.03.2013 മുതൽ 23.03.2013 വരെ (10 ദിവസം) |

| | | | | | | |
|---|---|---|---|---|---|---|
| 3 | സിന്ധു കെ.വി | ടി | റോൾ നമ്പർ (5) 01.03.2013 മുതൽ 20.05.2013 വരെ (60 ദിവസം) | ടി | റോൾ നമ്പർ (10) 01.03.2013 മുതൽ 23.03.2013 വരെ (10 ദിവസം) | 01.03.2013 മുതൽ 23.03.2013 വരെ (10 ദിവസം) |
| 4 | സന്ധ്യ സി.പി | ടി | റോൾ നമ്പർ (6) 01.03.2013 മുതൽ 20.05.2013 വരെ (60 ദിവസം) | ടി | റോൾ നമ്പർ (5) 13.03.2013 മുതൽ 23.03.2013 വരെ (10 ദിവസം) | 13.03.2013 മുതൽ 23.03.2013 വരെ (10 ദിവസം) |
| 5 | പ്രിയ ബാബുരാജ് വി. | ടി | റോൾ നമ്പർ (2) 01.03.2013 മുതൽ 20.05.2013 വരെ (60 ദിവസം) | പേപ്പർ ബാഗ് & നൈലോൺ ബിഗ് ഷോപ്പർ നിർമ്മാണം 16.03.2013 മുതൽ 27.03.2013 വരെ (10 ദിവസം) | റോൾ നമ്പർ (7) 16.03.2013 മുതൽ 27.03.2013 വരെ (10 ദിവസം) | 16.03.2013 മുതൽ 27.03.2013 വരെ (10 ദിവസം) |
| 6 | ജയ പി.കെ | ടി | റോൾ നമ്പർ (8) 01.03.2013 മുതൽ 20.05.2013 വരെ (60 ദിവസം) | ടി | റോൾ നമ്പർ (19) 16.03.2013 മുതൽ 27.03.2013 വരെ (10 ദിവസം) | 16.03.2013 മുതൽ 27.03.2013 വരെ (10 ദിവസം) |
| 7 | കാർത്ത്യായനി എം. പി | ടി | റോൾ നമ്പർ (9) 01.03.2013 മുതൽ 20.05.2013 വരെ (60 ദിവസം) | ടി | റോൾ നമ്പർ (9) 16.03.2013 മുതൽ 27.03.2013 വരെ (10 ദിവസം) | 16.03.2013 മുതൽ 27.03.2013 വരെ (10 ദിവസം) |
| 8 | പ്രമീള കെ. എസ്. | ടി | റോൾ നമ്പർ (11) 01.03.2013 മുതൽ 20.05.2013 വരെ (60 ദിവസം) | ടി | റോൾ നമ്പർ (17) 16.03.2013 മുതൽ 27.03.2013 വരെ (10 ദിവസം) | 16.03.2013 മുതൽ 27.03.2013 വരെ (10 ദിവസം) |

| | | | | | | |
|---|---|---|---|---|---|---|
| 9 | ലീല എൻ. പി. | ടി | റോൾ നമ്പർ (14) 01.03.2013 മുതൽ 20.05.2013 വരെ (60 ദിവസം) | ടി | റോൾ നമ്പർ (18) 16.03.2013 മുതൽ 27.03.2013 വരെ (10 ദിവസം) | 16.03.2013 മുതൽ 27.03.2013 വരെ (10 ദിവസം) |
| 10 | ഗീത കെ. പി. | ടി | റോൾ നമ്പർ (15) 01.03.2013 മുതൽ 20.05.2013 വരെ (60 ദിവസം) | ടി | റോൾ നമ്പർ (20) 16.03.2013 മുതൽ 27.03.2013 വരെ (10 ദിവസം) | 16.03.2013 മുതൽ 27.03.2013 വരെ (10 ദിവസം) |
| 11 | പുഷ്പലത കെ. | ടി | റോൾ നമ്പർ (17) 01.03.2013 മുതൽ 20.05.2013 വരെ (60 ദിവസം) | ടി | റോൾ നമ്പർ (21) 16.03.2013 മുതൽ 27.03.2013 വരെ (10 ദിവസം) | 16.03.2013 മുതൽ 27.03.2013 വരെ (10 ദിവസം) |
| 12 | ഉഷ കെ. | ടി | റോൾ നമ്പർ (18) 01.03.2013 മുതൽ 20.05.2013 വരെ (60 ദിവസം) | ടി | റോൾ നമ്പർ (22) 16.03.2013 മുതൽ 27.03.2013 വരെ (10 ദിവസം) | |
| 13 | രാധിക എം. | ടി | റോൾ നമ്പർ (19) 01.03.2013 മുതൽ 20.05.2013 വരെ (60 ദിവസം) | ടി | റോൾ നമ്പർ (23) 16.03.2013 മുതൽ 27.03.2013 വരെ (10 ദിവസം) | 16.03.2013 മുതൽ 27.03.2013 വരെ (10 ദിവസം) |
| 14 | ഷജിനി വി. | ടി | റോൾ നമ്പർ (20) 01.03.2013 മുതൽ 20.05.2013 വരെ (60 ദിവസം) | ടി | റോൾ നമ്പർ (24) 16.03.2013 മുതൽ 27.03.2013 വരെ (10 ദിവസം) | 16.03.2013 മുതൽ 27.03.2013 വരെ (10 ദിവസം) |

| | | | | | | |
|---|---|---|---|---|---|---|
| 15 | ദിവ്യ വി. റ്റി. | ടി | റോൾ നമ്പർ (3) 01.03.2013 മുതൽ 20.05.2013 വരെ (60 ദിവസം) | ടെക്സ്റ്റൈൽസ് പ്രിന്റിംഗ് (01.03.2013 മുതൽ 15.03.2013 വരെ) | റോൾ നമ്പർ (11) 01.03.2013 മുതൽ 15.03.2013 വരെ (11 പ്രവൃത്തി ദിവസം) | 01.03.2013 മുതൽ 15.03.2013 വരെ (11 ദിവസം) |
| 16 | വിനിത കുമാരി കെ. റ്റി | ടി | റോൾ നമ്പർ (7) 01.03.2013 മുതൽ 27.05.2013 വരെ (60 ദിവസം) | ടി | റോൾ നമ്പർ (5) 01.03.2013 മുതൽ 15.03.2013 വരെ (11 ദിവസം) | റോൾ നമ്പർ (7) 01.03.2013 മുതൽ 15.03.2013 വരെ (11 ദിവസം) |
| 17 | അംബിക പി. | ടി | റോൾ നമ്പർ (10) 01.03.2013 മുതൽ 20.03.2013 വരെ (60 ദിവസം) | ടി | റോൾ നമ്പർ (12) 01.03.2013 മുതൽ 15.03.2013 വരെ (11 ദിവസം) | റോൾ നമ്പർ (7) 01.03.2013 മുതൽ 15.03.2013 വരെ (11 ദിവസം) |
| 18 | ദീപ്തി പ്രതീഷ് | ആഭരണ നിർമ്മാണം (എസ്.സി.പി) (12.03.2013 മുതൽ 23.03.2013 വരെ )11 പ്രവൃത്തി ദിവസം) | റോൾ നമ്പർ (1) 12.03.2013 മുതൽ 23.03.2013 വരെ (11 പ്രവൃത്തി ദിവസം) | ടി | റോൾ നമ്പർ (2) 01.03.2013 മുതൽ 15.03.2013 വരെ (11 ദിവസം) | 13.03.2013, 14.03.2013 |
| 19 | അനുപമ കെ. കെ. | ടി | റോൾ നമ്പർ (2) 12.03.2013 മുതൽ 23.03.2013 വരെ (11 പ്രവൃത്തി ദിവസം) | ടി | റോൾ നമ്പർ (4) 01.03.2013 മുതൽ 15.03.2013 വരെ | 13.03.2013, 14.03.2013, 15.3.2013 |
| 20 | ലീല കെ. | ടി | റോൾ നമ്പർ (11) 12.03.2013 മുതൽ 23.03.2013 വരെ | ടി | റോൾ നമ്പർ (10) 01.03.2013 മുതൽ 15.03.2013 വരെ | ടി |

| | | | | | | |
|---|---|---|---|---|---|---|
| 21 | പ്രസീതാ രത്നം | ടി | റോൾ നമ്പർ (12) 12.03.2013 മുതൽ 23.03.2013 വരെ | ടി | റോൾ നമ്പർ (16) 01.03.2013 മുതൽ 15.03.2013 വരെ | ടി |
| 22 | രമ്യ എ. ബി. | ടി | റോൾ നമ്പർ (13) 12.03.2013 മുതൽ 23.03.2013 വരെ | ടി | റോൾ നമ്പർ (15) 01.03.2013 മുതൽ 15.03.2013 വരെ | ടി |
| 23 | പാഞ്ചാലി. കെ. പി. | ടി | റോൾ നമ്പർ (15) 12.03.2013 മുതൽ 23.03.2013 വരെ | ടി | റോൾ നമ്പർ (15) 01.03.2013 മുതൽ 15.03.2013 വരെ | ടി |
| 24 | വിജിത കെ. പി. | ടി | റോൾ നമ്പർ (14) 12.03.2013 മുതൽ 23.03.2013 വരെ | ടി | റോൾ നമ്പർ (17) 01.03.2013 മുതൽ 15.03.2013 വരെ (11 പ്രവൃത്തി ദിവസം) | ടി |
| 25 | സബിത വി.വി. | ടി | റോൾ നമ്പർ (16) 12.03.2013 മുതൽ 23.03.2013 വരെ (11 പ്രവൃത്തി ദിവസം) | ടി | റോൾ നമ്പർ (18) 01.03.2013 മുതൽ 15.03.2013 വരെ (11 പ്രവൃത്തി ദിവസം) | ടി |

## അനുബന്ധം - 11

### തൊഴിൽ പരിശീലന പദ്ധതികൾ - ജനറൽ

### പരിശീലനാർത്ഥികൾ ഒരേ സമയം രണ്ട് കോഴ്സുകളിൽ പങ്കെടുത്തതിന്റെ വിശദാംശങ്ങൾ

| ക്രമ. നം. | പരിശീലനാർത്ഥിയുടെ പേര് | പരിശീലന ഇനം, കാലയളവ് | ഹാജർ പട്ടിക റോൾ നമ്പറും, പരിശീലനാർത്ഥി പങ്കെടുത്ത കാലയളവും | പരിശീലനാർത്ഥി മറ്റു കോഴ്സുകളിൽ പങ്കെടുത്തതിന്റെ വിശദാംശങ്ങൾ | | പരിശീലനാർത്ഥി രണ്ട് കോഴ്സുകളിലും പങ്കെടുത്തതായി കാണുന്ന ഒരേ തീയതികൾ |
|---|---|---|---|---|---|---|
| | | | | പരിശീലന ഇനം, കാലയളവ് | ഹാജർ പട്ടിക റോൾ നമ്പറും, പരിശീലനാർത്ഥി പങ്കെടുത്ത കാലയളവും | |
| 1 | അനീഷമോൾ | ഗാർമെന്റ് നിർമ്മാണം (ജനറൽ) 01.03.2013 മുതൽ 20.05.2013 വരെ (60 ദിവസം) | റോൾ നമ്പർ (1) 01.03.2013 മുതൽ 20.05.2013 വരെ | ആഭരണ നിർമ്മാണം (ജനറൽ) 12.03.2013 മുതൽ 23.03.2013 വരെ ) | റോൾ നമ്പർ (13) 12.03.2013 മുതൽ 23.03.2013 വരെ | 12.03.2013 മുതൽ 23.03.2013 വരെ |
| 2 | സീനത്ത് ഷമീർ | ടി | റോൾ നമ്പർ (2) 01.03.2013 മുതൽ 20.05.2013 വരെ | ടി | റോൾ നമ്പർ (12) 12.03.2013 മുതൽ 23.03.2013 വരെ | 12.03.2013 മുതൽ 23.03.2013 വരെ |
| 3 | ആഷിഫ പി. വി. | ടി | റോൾ നമ്പർ (5) 01.03.2013 മുതൽ 20.05.2013 വരെ | ടി | റോൾ നമ്പർ (17) 12.03.2013 മുതൽ 23.03.2013 വരെ | 12.03.2013 മുതൽ 23.03.2013 വരെ |
| 4 | അനിത എ. വി. | ടി | റോൾ നമ്പർ (6) 01.03.2013 മുതൽ 20.05.2013 വരെ | ടി | റോൾ നമ്പർ (10) 12.03.2013 മുതൽ 23.03.2013 വരെ | 12.03.2013 മുതൽ 23.03.2013 വരെ |

| | | | | | | |
|---|---|---|---|---|---|---|
| 5 | സുമയ്യത്ത് എൻ.എം. | ടി | റോൾ നമ്പർ (12) 01.03.2013 മുതൽ 20.05.2013 വരെ | ടി | റോൾ നമ്പർ (17) 12.03.2013 മുതൽ 23.03.2013 വരെ | 12.03.2013 മുതൽ 23.03.2013 വരെ |
| 6 | ഷമീറ പി. പി. | ടി | റോൾ നമ്പർ (14) 01.03.2013 മുതൽ 20.05.2013 വരെ | ടി | റോൾ നമ്പർ (20) 12.03.2013 മുതൽ 23.03.2013 വരെ | 12.03.2013 മുതൽ 23.03.2013 വരെ |
| 7 | ആയിഷക്കുട്ടി എം. പി. | ടി | റോൾ നമ്പർ (17) 01.03.2013 മുതൽ 20.05.2013 വരെ | സാനിട്ടറി നാപ്കിൻ നിർമ്മാണം (13.3.2013 മുതൽ 23.03.2013) വരെ | റോൾ നമ്പർ (13) 13.03.2013 മുതൽ 23.03.2013 വരെ | 13.03.2013 മുതൽ 23.03.2013 വരെ |
| 8 | ദേവിക എം. വി. | ടി | റോൾ നമ്പർ (22) 01.03.2013 മുതൽ 20.05.2013 വരെ | ടെക്സ്റ്റൈൽസ് പ്രിന്റിംഗ് 01.03.2013 മുതൽ 15.03.2013 വരെ | 1.03.2013 മുതൽ 15.03.2013 വരെ | 01.03.2013 മുതൽ 15.03.2013 വരെ |
| 9 | അനിത വി. | ടി | റോൾ നമ്പർ (9) 01.03.2013 മുതൽ 20.05.2013 വരെ | ടി | റോൾ നമ്പർ (27) 01.03.2013 മുതൽ 15.03.2013 വരെ | 01.03.2013 മുതൽ 15.03.2013 വരെ |
| 10 | ആയിഷ എം. | ടി | റോൾ നമ്പർ (28) | പേപ്പർ ബാഗ് & നൈലോൺ ബിഗ് ഷോപ്പർ നിർമ്മാണം 16.03.2013 മുതൽ 27.03.2013 വരെ | റോൾ നമ്പർ (11) 16.03.2013 മുതൽ 27.03.2013 വരെ | 16.03.2013 മുതൽ 27.03.2013 വരെ |

ഉൾപ്പെടുത്തുന്നതിൽ നിന്നും ഒഴിവാക്കണമെന്നും 30.05.2016-ലെ എ 1-3124/16-58 നമ്പർ കത്ത് പ്രകാരം സെക്രട്ടറി ആവശ്യപ്പെട്ടു. എന്നാൽ ഓഡിറ്റ് ചൂണ്ടിക്കാട്ടിയ അപാകതകൾക്കൊന്നും മറുപടി നൽകിയിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 8.17)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

44. കുടുംബശ്രീ തൊഴിൽ പരിശീലനം നൽകുന്നതിനായി അപ്സര ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തതുമായി ബന്ധപ്പെട്ട പഞ്ചായത്ത് കമ്മിറ്റി തീരുമാനം വ്യാജമാണെന്ന് പരിശോധനയിൽ വ്യക്തമായിരുന്നുവെന്നും എങ്കിൽ പഞ്ചായത്ത് ആർക്കാണ് തുക കൈമാറിയതെന്നത് സംബന്ധിച്ച വ്യക്തത ലഭിച്ചാൽ മാത്രമേ സർചാർജ് നടപടികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂവെന്നും കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ അറിയിച്ചപ്പോൾ ഓഡിറ്റ് വകുപ്പ് സർചാർജ് നോട്ടീസ് നൽകിയാൽ മാത്രമേ സർക്കാരിന് തുക ഈടാക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂവെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി. ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള നഷ്ടം ഈടാക്കാനായി പാലക്കാട് ജില്ലാ ഓഡിറ്റ് കാര്യാലയം ശിപാർശ ചെയ്തിട്ടുള്ള സർചാർജ് നോട്ടീസ് നൽകുന്നതിനുള്ള നടപടികൾ ആരംഭിക്കാൻ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കി പാലക്കാട് ജില്ലാ ഓഡിറ്റ് മേധാവിക്ക് നിർദ്ദേശം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായാണ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതെന്നും ആയതു പ്രകാരം സർചാർജ് നോട്ടീസ് നൽകുന്നതിനുള്ള നടപടികൾ വേഗത്തിലാക്കണമെന്നും സമിതി നിർദ്ദേശിച്ചു. കൂടാതെ ഈ വിഷയത്തിൽ വളരെ നിരുത്തരവാദപരമായ മറുപടിയാണ് പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയിരിക്കുന്നതെന്നും ക്രമക്കേട് സംഭവിച്ചുവെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പറയുന്ന എല്ലാ കാര്യങ്ങളും ക്രമാനുസൃതമായാണ് നടന്നതെന്നുമാണ് പഞ്ചായത്ത് പറയുന്നതെന്നും മറ്റംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തിയിട്ടില്ലെന്ന് പഞ്ചായത്തും വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഓഡിറ്റ് വകുപ്പും പറയുന്നതെങ്ങനെ ശരിയാകുമെന്ന് സമിതി ആരാഞ്ഞതിന് പദ്ധതി നടപ്പാക്കുന്നതിന് വി.ഇ.ഒയ്ക്ക് മുൻ പരിചയമില്ലെന്ന് പറഞ്ഞതിനാലാണ് കുടുംബശ്രീ സ്റ്റേറ്റ്

നഷ്ടത്തിനുത്തരവാദികളായവരുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. എം.ഹരികൃഷ്ണൻ, സെക്രട്ടറി | സെക്രട്ടറി, തൃക്കടീരി ഗ്രാമപഞ്ചായത്ത്, പാലക്കാട് | മണ്ണടി സാകേതം, കടമ്പഴിപ്പുറം പി.ഒ., പാലക്കാട് |
| ശ്രീമതി സ്വർണ്ണകുമാരി കെ.പി, പ്രസിഡന്റ് | തൃത്താല ഗ്രാമപഞ്ചായത്ത് | അരുണോദയം, മേഴത്തൂർ |
| ശ്രീ. ശ്രീനിവാസൻ കെ. പി., വൈസ് പ്രസിഡന്റ് | തൃത്താല ഗ്രാമപഞ്ചായത്ത് | കളരിപ്പറമ്പിൽ വീട്, തൃത്താല |
| ശ്രീമതി അനിത സി.പി., മെമ്പർ | തൃത്താല ഗ്രാമപഞ്ചായത്ത് | പിള്ളക്കാട്ടിൽ, കണ്ണന്നൂർ, തൃത്താല |
| ശ്രീമതി ജയശ്രീ പി. വി., മെമ്പർ | തൃത്താല ഗ്രാമപഞ്ചായത്ത് | വെട്ടുകാട്ടു വളപ്പിൽ, കണ്ണന്നൂർ, ഞാങ്ങാട്ടിരി |
| ശ്രീ. അരവിന്ദാക്ഷൻ ടി, മെമ്പർ | തൃത്താല ഗ്രാമപഞ്ചായത്ത് | തച്ചോത്ത്, മാട്ടായ, ഞാങ്ങാട്ടിരി |
| ശ്രീമതി സറീന പി. മെമ്പർ | തൃത്താല ഗ്രാമപഞ്ചായത്ത് | പാറക്കാട്ടിൽ, മാട്ടായ, ഞാങ്ങാട്ടിരി |
| ശ്രീ. മുഹമ്മദ് ഉണ്ണി കെ. വി, മെമ്പർ | തൃത്താല ഗ്രാമപഞ്ചായത്ത് | കല്ലിങ്ങൽ വളപ്പിൽ, ഉള്ളന്നൂർ |
| ശ്രീമതി നിഷ പി. മെമ്പർ | തൃത്താല ഗ്രാമപഞ്ചായത്ത് | കോക്കിരിമാരിൽ, ഞാങ്ങാട്ടിരി |
| ശ്രീമതി ബിന്ദു ദേവദാസ് എം.വി, മെമ്പർ | തൃത്താല ഗ്രാമപഞ്ചായത്ത് | മുണ്ടായ വളപ്പിൽ, തുരുത്ത്, മേഴത്തൂർ |

പ്രസ്തുത പരാമർശം സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേക്ക് ശിപാർശ ചെയ്യുന്ന വിവരം 30.04.2016-ലെ കെ.എസ്.എ.-പി.കെ.ഡി-4/661/16-ാം നമ്പർ കത്ത് പ്രകാരം തൃത്താല ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചു. 27.05.2016-ൽ കൂടിയ ഭരണസമിതിയോഗം വിഷയം ചർച്ച ചെയ്തുവെന്നും, പരിശീലന പരിപാടി മികച്ച രീതിയിൽ സംഘടിപ്പിച്ചതിനാലും, ഇത് സംബന്ധിച്ച് പരാതിയോ ആക്ഷേപമോ ഉണ്ടായിട്ടില്ലാത്തതിനാലും പ്രസ്തുത പരാമർശം സമാഹൃത റിപ്പോർട്ടിൽ

[redacted]



മിഷൻ അംഗീകരിച്ച അപ്സര ഏജൻസിയെ ഏൽപ്പിക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതി യോഗം തീരുമാനിച്ചതെന്നും 2014 ജനുവരിയിലെ യോഗത്തിലാണ് അംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തിയതെന്നും പദ്ധതി നടപ്പിലാക്കിയ 2013 ഫെബ്രുവരി-മാർച്ച് മാസങ്ങളിലെ പഞ്ചായത്ത് സമിതി യോഗങ്ങളിൽ വിയോജിപ്പ് രേഖപ്പെടുത്തിയിട്ടില്ലെന്നും തൃത്താല ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി മറുപടി നൽകി.

45. കുടുംബശ്രീയുടെ സ്റ്റേറ്റ് മിഷൻ അംഗീകരിച്ചിട്ടുള്ള വേറെ സ്ഥാപനങ്ങളില്ലേയെന്നും അപ്സര ഏജൻസിയെ പരിഗണിച്ചത് ഏത് മാനദണ്ഡത്തിലാണെന്നും സമിതി അന്വേഷിച്ചതിന് അക്രഡിറ്റഡ് ഏജൻസിയായതുകൊണ്ടാണ് അപ്സര ഏജൻസിയ്ക്ക് കരാർ നൽകിയതെന്ന് തൃത്താല ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി മറുപടി നൽകി.

46. യാതൊരു മാനദണ്ഡവുമില്ലാതെ ഒരു സ്ഥാപനത്തെ ട്രെയിനിംഗിനായി തെരഞ്ഞെടുത്തിരിക്കുകയാണെന്നും സമിതിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ "അനുമാനിക്കാവുന്നതാണ്, പങ്കെടുത്തിട്ടുണ്ടാവാം" എന്നിങ്ങനെയുള്ള മറുപടികൾ നൽകിയതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും ഇതു സംബന്ധിച്ച് സർക്കാർ നടപടികളുമായി മുന്നോട്ട് പോകുന്നതിന് സമിതി നിർദ്ദേശിക്കുകയും ചെയ്തു.

## നിഗമനങ്ങൾ/ശിപാർശകൾ

**47. നിർവ്വഹണോദ്യോഗസ്ഥന്റെ നിർദ്ദേശങ്ങളും ഭരണസമിതി അംഗങ്ങളുടെ വിയോജന കുറിപ്പുകളും പരിഗണിക്കാതെയും സർക്കാർ നിർദ്ദേശങ്ങൾക്കും മാനദണ്ഡങ്ങൾക്കും വിരുദ്ധവുമായിട്ടാണ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പരിശീലന പരിപാടി നടപ്പിലാക്കിയതെന്ന് സമിതി വിലയിരുത്തുന്നു. കൂടാതെ അപ്സര ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്ത പഞ്ചായത്തിന്റെ തീരുമാനത്തിലും അവ്യക്തത നിലനിൽക്കുന്നതായി സമിതി വിലയിരുത്തുന്നു.**

**48. ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള നഷ്ടം ഈടാക്കുന്നതിനായി നഷ്ടോത്തരവാദികൾക്ക് എതിരെ അടിയന്തരമായി സർചാർജ് നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഇത് സംബന്ധിച്ച് സംസ്ഥാന ഓഡിറ്റ്**

വകുപ്പ് സ്വീകരിച്ച നടപടികളുടെ റിപ്പോർട്ട് രണ്ട് മാസത്തിനുള്ളിൽ സമിതിയ്ക്കും സർക്കാരിനും ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

49. തൊഴിൽ പരിശീലനം നൽകുന്നതിനായി യാതൊരു മാനദണ്ഡവുമില്ലാതെ അപ്സര ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്ത നടപടി സർക്കാർ നിർദ്ദേശങ്ങൾക്കും മാർഗ്ഗരേഖകൾക്കും നിബന്ധനകൾക്കും വിരുദ്ധമായതിനാൽ ഇക്കാര്യത്തിൽ സർക്കാർ ഉചിതമായ തുടർ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

ടി. പി. രാമകൃഷ്ണൻ,
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2021 ആഗസ്റ്റ് 10

# അനുബന്ധം - I

## പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട സ്ഥാപനം/ വകുപ്പ് | നിഗമനങ്ങളും ശിപാർശകളും |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 3 | തദ്ദേശ സ്വയംഭരണ വകുപ്പ് | അംഗീകരിച്ച പദ്ധതിയിൽ നിന്നും വ്യതിചലിച്ച് സബ്സിഡി നൽകിയ നടപടിയാണ് ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ളതെന്നും എന്നാൽ അപ്രകാരം സബ്സിഡി നൽകിയതിന് വ്യക്തമായ മറുപടി സമർപ്പിച്ചിട്ടില്ലായെന്ന് സമിതി നിരീക്ഷിക്കുന്നു. ഒരു പ്രോജക്ടുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഡി.പി.സി. അംഗീകരിച്ചു കഴിഞ്ഞാൽ നിർവ്വഹണോദ്യോഗസ്ഥന് അതിൽ മാറ്റം വരുത്താനോ സബ്സിഡി നൽകാനോ അധികാരമില്ല. അപ്രകാരം മാറ്റം വരുത്തണമെങ്കിൽ പഞ്ചായത്ത് പ്രോജക്ടിൽ ഭേദഗതി വരുത്തേണ്ടത് അനിവാര്യമാണ്. എന്നാൽ ഈ വിഷയത്തിൽ ഇത്തരമൊരു നടപടി കൈക്കൊള്ളാതിരുന്ന ജില്ലാ പഞ്ചായത്തിന്റെ നടപടിയെ സമിതി രൂക്ഷമായി വിമർശിക്കുന്നു. സർക്കാരിന്റെ അനുമതിയില്ലാതെ പാട്ടത്തുക അനുവദിച്ചതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും വ്യതിചലനത്തിനുള്ള സാധൂകരണവും വാങ്ങിയിട്ടില്ല എന്നത് സമിതി ശ്രദ്ധയിൽപ്പെടുത്തുന്നു. ആയതിനാൽ സബ്സിഡി പാട്ടത്തുക |

| | | | |
|---|---|---|---|
| | | | അനുവദിച്ച നടപടിക്ക് സർക്കാരിന്റെ സാധൂകരണം വാങ്ങി റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 2 | 6,7 | തദ്ദേശ സ്വയംഭരണ വകുപ്പ് | 6. കോട്ടത്തറ വില്ലേജിലെ വട്ടലക്കിയിൽ കെട്ടിടം നിർമ്മാണം നടത്തുന്നതിനായി വാങ്ങിയ ഒരേക്കർ സ്ഥലം തിരിച്ചെടുക്കുകയും പ്രസ്തുത തുക തിരിച്ചടവാക്കുകയും ചെയ്തെങ്കിലും പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ലെന്നത് ന്യൂനതയായി സമിതി വിലയിരുത്തുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ പഞ്ചായത്ത് അധികൃതർ ശുഷ്കാന്തി കാണിക്കാതിരുന്ന നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.<br>7. പട്ടികവർഗ്ഗക്കാർക്കുവേണ്ടി മാറ്റി വയ്ക്കുന്ന തുക കൃത്യമായി വിനിയോഗിക്കുന്നുണ്ടോയെന്നും നിർവ്വഹണോദ്യോഗസ്ഥർ അതിൽ കൃത്യവിലോപം നടത്തിയിട്ടുണ്ടോയെന്നും സൂക്ഷ്മമായി നിരീക്ഷിക്കുന്നതിനുള്ള സംവിധാനം വകുപ്പുതലത്തിൽ ഉണ്ടാകണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 3 | 10 | തദ്ദേശ സ്വയംഭരണ വകുപ്പ് | അട്ടപ്പാടി മേഖലയിലെ ആദിവാസികൾക്ക് ഭവന നിർമ്മാണത്തിനായി കോസ്റ്റ് ഫോർഡ് തൃശ്ശൂർ എന്ന സ്ഥാപനത്തിന് മുൻകൂർ നൽകിയ തുകയിൽ നിന്നും ചെലവായ തുക, വീടുകളുടെ പൂർത്തീകരണം എന്നിവ സംബന്ധിച്ചുള്ള റിപ്പോർട്ട് ഏജൻസി ലഭ്യമാക്കാതിരുന്നിട്ടും സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിൽ ജില്ലാ പഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുള്ളതായും സാധ്യതാപഠനം |

| | | | |
|---|---|---|---|
| | | | നടത്താതെ പദ്ധതികൾക്കായി തുക ചെലവഴിച്ചതായും പരാമർശ വിധേയമായ ഖണ്ഡികകളിൽ നിന്നും സമിതി മനസ്സിലാക്കുന്നു. ഇത്തരം പ്രവണതകൾ ഭാവിയിൽ ആവർത്തിക്കരുതെന്ന് സമിതി കർശന നിർദ്ദേശം നൽകുന്നു. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവർ തന്നെയാണോ വീടുകളിൽ താമസിക്കുന്നതെന്ന് അന്വേഷിച്ച് റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കാമെന്ന് നൽകിയ ഉറപ്പ് നാളിതുവരെ പാലിക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. എന്നിരുന്നാലും പരാമർശ ഖണ്ഡികകളിൽ ഉൾപ്പെട്ടിട്ടുള്ള ബാക്കി വീടുകൾ ലൈഫ് മിഷനിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയും പുതിയ വീടുകൾ നിർമ്മിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് നിലവിൽ സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ സംബന്ധിച്ച വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 4 | 12 | തദ്ദേശ സ്വയംഭരണ വകുപ്പ് | പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 5 | 16 | തദ്ദേശ സ്വയംഭരണ വകുപ്പ് | അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിൽ എസ്.ജി.ആർ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 2001-02 വർഷത്തിലേക്ക് ഏറ്റെടുത്ത 45 പ്രവൃത്തികളുടെ ധാന്യ വിഹിതം അനുവദിച്ചതു സംബന്ധിച്ച് സമിതി നിർദ്ദേശ പ്രകാരം സർക്കാർ |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കിയ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 6 | 18 | തദ്ദേശ സ്വയംഭരണ വകുപ്പ് | പുതുശ്ശേരി ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി യഥാസമയം പിരിച്ചെടുക്കാതിരുന്നതിനാൽ 1,42,374/- രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ ഇതിൽ 98,583/- രൂപ 22 സ്ഥാപനങ്ങളിൽ നിന്നും പിരിച്ചെടുത്തിട്ടുള്ളതായും സിലിക്കൽ മെറ്റലർജിക്, ടാറ്റാഫോൺ എന്നീ സ്ഥാപനങ്ങൾ 2002-ൽ അടച്ചുപൂട്ടുകയുണ്ടായെന്നും പാലക്കാട്ടുള്ള ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്ന് പിരിച്ചെടുക്കാനുള്ള 26,944/- രൂപയ്ക്ക് പുതുശ്ശേരി ഗ്രാമപഞ്ചായത്ത് അധികൃതർ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സമിതിയ്ക്ക് ബോധ്യപ്പെട്ടു. ആയതിനാൽ തൊഴിൽ നികുതിയിനത്തിലെ കുടിശ്ശിക തുക അടിയന്തരമായി ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 7 | 20 | തദ്ദേശ സ്വയംഭരണ വകുപ്പ് | അകത്തേത്തറ ഗ്രാമപഞ്ചായത്തിൽ ധനാപഹരണം നടത്തിയ ഉദ്യോഗസ്ഥനായ ശ്രീ. എം. പി. ശരത്ചന്ദ്രനിൽ നിന്നും ഈടാക്കേണ്ട തുക പ്രതിമാസ തവണകളായി ഒടുക്കിയതിന്റെ രേഖകൾ സംസ്ഥാന ഓഡിറ്റ് വകുപ്പ് പ്രാദേശിക പരിശോധന നടത്തിയതായി സമിതിയ്ക്ക് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത |

| | | | |
|---|---|---|---|
| | | | ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 8 | 24 | തദ്ദേശ സ്വയംഭരണ വകുപ്പ് | പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 9 | 26 | തദ്ദേശ സ്വയംഭരണ വകുപ്പ് | പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ ഉത്തരവാദിയായ ഉദ്യോഗസ്ഥൻ തുക തിരിച്ചടച്ചതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 10 | 28 | തദ്ദേശ സ്വയംഭരണ വകുപ്പ് | ഓഡിറ്റ് പരാമർശത്തിന്മേലുള്ള തുകകളുടെ വിനിയോഗം പരിശോധിച്ച് ബോധ്യപ്പെട്ടുവെന്ന സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 11 | 30 | തദ്ദേശ സ്വയംഭരണ വകുപ്പ് | കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പമ്പ് സെറ്റ് വിതരണ പദ്ധതിയിൽ അധിക സബ്സിഡി അനുവദിച്ച തുക ടിയാൻ പഞ്ചായത്തിൽ ഒടുക്കിയതിന്റെ കൃത്യത സംസ്ഥാന ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ഈ ഇനത്തിൽ പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടില്ലെന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെയും, സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 12 | 32 | തദ്ദേശ സ്വയംഭരണ വകുപ്പ് | ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ നൽകിയ മറുപടിയിൽ സർക്കാരിൽ നിന്നും |

| | | | |
|---|---|---|---|
| | | | സാധൂകരണം തേടിയിട്ടുണ്ടെന്ന് മങ്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സാധൂകരണം ലഭിച്ചത് സംബന്ധിച്ച വിവരം സംസ്ഥാന ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 13 | 35 | തദ്ദേശ സ്വയംഭരണ വകുപ്പ് | ശ്രീ. ടി. പി. മുഹമ്മദ് ഏറ്റെടുത്ത നരിമട വട്ടാട്ടുകുന്ന് റോഡ് മെറ്റലിംഗ് ടാറിംഗ് പ്രവൃത്തിയുടെ പാർട്ട് ബിൽ സമർപ്പിച്ച് പ്രവൃത്തി അവസാനിപ്പിക്കുകയും തുക മുൻകൂർ ക്രമീകരിച്ചത് സംസ്ഥാന ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെടുകയും ചെയ്തിട്ടുള്ളതിനാലും ശ്രീ. കുട്ടൻ എന്നയാൾക്ക് മാനുഷിക പരിഗണന നൽകി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 14 | 37 | തദ്ദേശ സ്വയംഭരണ വകുപ്പ് | ഓഡിറ്റ് പരാമർശം സംബന്ധിച്ച് മലമ്പുഴ ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ രേഖകൾ പരിശോധിച്ച് അധിക സബ്സിഡി നൽകിയിട്ടില്ലെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബോധ്യപ്പെട്ടുയെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 15 | 39 | തദ്ദേശ സ്വയംഭരണ വകുപ്പ് | പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 16 | 43 | തദ്ദേശ സ്വയംഭരണ വകുപ്പ് | പറളി ഗ്രാമപഞ്ചായത്തിലെ എൽ.എസ്.ജി.ഡി സെക്ഷനിലെ സീനിയർ ക്ലാർക്കായ ശ്രീ. സുരേഷ് കുമാർ മരാമത്ത് ബില്ലുകളിൽ ക്രമക്കേട് നടത്തി 5 കരാറുകാരുടെ ഡി.ഡി. മാറി പണാപഹരണംനടത്തിയതിനു ടിയാനെതിരെ വിജിലൻസ് കേസ് നിലനിൽക്കുമ്പോൾ തന്നെ കരാറുകാർക്ക് തുക തിരികെ നൽകിയ നടപടിയിൽ പഞ്ചായത്ത് വളരെ നിരുത്തരവാദപരമായ നിലപാടാണ് സ്വീകരിച്ചതെന്നും സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തയാളെ സസ്പെൻഷൻ പീരിഡ് റദ്ദാക്കി മാതൃവകുപ്പായ പൊതുമരാമത്ത് വകുപ്പിലേയ്ക്ക് തിരിച്ചെടുത്ത നടപടി ഗുരുതരമായ ക്രമക്കേടാണെന്ന് സമിതി വിലയിരുത്തുന്നു. കൂടാതെ വിജിലൻസ് കേസിന്റെ വിധി വരുന്ന മുറയ്ക്ക് ടിയാനെതിരെ നടപടി കൈക്കൊള്ളണമെന്നും മാതൃവകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു. ഉത്തരവാദിയായ ഉദ്യോഗസ്ഥൻ തുക നേരിട്ട് കരാറുകാർക്ക് തിരികെ നൽകിയ നടപടി തെറ്റാണെന്നും ഇക്കാര്യത്തിൽ പഞ്ചായത്തധി കൃതരുടെ മൗനാനുവാദം ഉണ്ടായിരുന്നുവെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ പ്രസ്തുത കാലഘട്ടത്തിൽ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ഉദ്യോഗസ്ഥനെതിരെ നടപടി കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 17 | 47, 48, 49 | തദ്ദേശ സ്വയംഭരണ വകുപ്പ് | 47. നിർവ്വഹണോദ്യോഗസ്ഥന്റെ നിർദ്ദേശങ്ങളും ഭരണസമിതി അംഗങ്ങളുടെ |

| | | | |
|---|---|---|---|
| | | | വിയോജന കുറിപ്പുകളും പരിഗണിക്കാതെയും സർക്കാർ നിർദ്ദേശങ്ങൾക്കും മാനദണ്ഡങ്ങൾക്കും വിരുദ്ധവുമായിട്ടാണ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പരിശീലന പരിപാടി നടപ്പിലാക്കിയതെന്ന് സമിതി വിലയിരുത്തുന്നു. കൂടാതെ അപ്സര ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്ത പഞ്ചായത്തിന്റെ തീരുമാനത്തിലും അവ്യക്തത നിലനിൽക്കുന്നതായി സമിതി വിലയിരുത്തുന്നു.<br>48. ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള നഷ്ടം ഈടാക്കുന്നതിനായി നഷ്ടോത്തരവാദികൾക്ക് എതിരെ അടിയന്തരമായി സർചാർജ് നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഇത് സംബന്ധിച്ച് സംസ്ഥാന ഓഡിറ്റ് വകുപ്പ് സ്വീകരിച്ച നടപടികളുടെ റിപ്പോർട്ട് രണ്ട് മാസത്തിനുള്ളിൽ സമിതിയ്ക്കും സർക്കാരിനും ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.<br>49. തൊഴിൽ പരിശീലനം നൽകുന്നതിനായി യാതൊരു മാനദണ്ഡവുമില്ലാതെ അപ്സര ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്ത നടപടി സർക്കാർ നിർദ്ദേശങ്ങൾക്കും മാർഗ്ഗരേഖകൾക്കും നിബന്ധനകൾക്കും വിരുദ്ധമായതിനാൽ ഇക്കാര്യത്തിൽ സർക്കാർ ഉചിതമായ തുടർ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |

## എം.ഐ.പി - സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2015-16 ,2006-2007 പാലക്കാട്

## ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

| ക്രമ നം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക | സർക്കാർ സ്വീകരിച്ച നടപടി | നിലവിലെ സ്ഥിതി | ചോദ്യാവലി |
|---|---|---|---|---|
| | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2015-16 | ഗ്രാമപഞ്ചായത്ത് അധികൃതർ ലഭ്യമാക്കിയ മറുപടി | | |
| 1 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2015-16<br>8.16. മരാമത്ത് ബില്ലുകളിൽ ക്രമക്കേട് - സെക്ഷൻ ക്ലാർക്ക് അപഹരിച്ചത് 7,96,284/-രൂപ<br>പറളി ഗ്രാമപഞ്ചായത്ത് -പാലക്കാട് ജില്ല<br>~~പറളി ഗ്രാമപഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട് 2012-13, 2013-14, 2014-15 ഖണ്ഡിക 3, 15~~<br>• വ്യാജ ഒപ്പിട്ട് പണം അപഹരിച്ചു<br>• ക്യാഷ് ബുക്ക്/ഡി.ഡി.രജിസ്റ്റർ എന്നീ പ്രധാന രേഖകൾ സൂക്ഷിച്ചിട്ടില്ല<br>• ധനവിനിയോഗം കണക്ക് സൂക്ഷിപ്പ് എന്നിവയിൽ ഗുരുതര വീഴ്ച<br>പറളി ഗ്രാമപഞ്ചായത്തിലെ എൽ.എസ്.ജി.ഡി. വിഭാഗത്തിലെ സീനിയർ ക്ലാർക്കായിരുന്ന ശ്രീ.സുരേഷ് കുമാറായിരുന്നു മരാമത്ത് പ്രവൃത്തികളുടെ ബില്ല് സംബന്ധമായ എല്ലാ ജോലികളും കൈകാര്യം ചെയ്തിരുന്നത്. പ്രവൃത്തികളുടെ ബില്ലിന്റെ അലോട്ട്മെന്റ് വാങ്ങുന്നതിനും, ട്രഷറിയിൽ നിന്നും പി.ഒ.സി. വാങ്ങുന്നതിനും, ബാങ്കിൽ നിന്നും ഡിമാന്റ് ഡ്രാഫ്റ്റാക്കി കരാറുകാരന് നൽകുന്നതിനും ശ്രീ. സുരേഷ് കുമാറിനെ യായിരുന്നു അസിസ്റ്റന്റ് എഞ്ചിനീയർ ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ 2015 ഫെബ്രുവരി മുതൽ മാർച്ച് വരെയുള്ള ചില പ്രവൃത്തികളുടെ ബിൽ തുകകൾ ഡിമാന്റ് ഡ്രാഫ്റ്റാക്കി മാറ്റിയത് കരാറുകാരന് നൽകിയില്ല. കരാറുകാർക്ക് നൽകേണ്ട ബിൽ തുകയുള്ള പി.ഒ.സി. ട്രഷറിയിൽ നിന്നും ക്യാഷാക്കി ബാങ്കിൽ നിക്ഷേപിച്ച്, അസിസ്റ്റന്റ് എഞ്ചിനീയറുടെ വ്യാജ ഒപ്പിട്ട ഡി.ഡി. സ്ലിപ്പ് ഉപയോഗിച്ച് ശ്രീ.സുരേഷ് കുമാർ തന്റെയും ബന്ധുക്കളുടെയും പേരിൽ ഡി.ഡി. മാറി പണാപഹരണം നടത്തുകയായിരുന്നു. താഴെപ്പറയുന്ന അഞ്ച് പ്രവൃത്തികളുടെ കരാറുകാർക്ക് നൽകാനുണ്ടായിരുന്ന 7,96,284/-രൂപയാണ് മേൽപ്പറഞ്ഞ പ്രകാരം | പറളി ഗ്രാമപഞ്ചായത്തിലെ എൽ.എസ്.ജി.ഡി സെക്ഷനിലെ സീനിയർ ക്ലാർക്ക് ശ്രീ.സുരേഷ്കുമാർ കരാറുകാർക്ക് കൊടുക്കേണ്ടവരാനുള്ള തുകയുടെ ഡി.ഡി യിൽ അസി. എഞ്ചിനീയറുടെ വ്യാജ ഒപ്പിട്ട് തിരിമറി നടത്തിയിട്ടുണ്ടെന്നും ആയതിന് യുക്തമായ ശിക്ഷാ നടപടികൾ സ്വീകരിക്കണ മെന്നും കാണിച്ച് 16-05-2015 ൽ അസിസ്റ്റന്റ് എഞ്ചിനീയർ ഗ്രാമപഞ്ചായത്തിന് കത്ത് നൽകിയിരുന്നു.<br>കരാറുകാരായ സി.കെ.രത്നകുമാരൻ, ശിവരാജൻ. സി.സുദേവൻ, കെ.വി.കൃഷ്ണൻ, പി.എസ്.രാജേഷ് എന്നിവരുടെ അപേക്ഷയും അസി.എഞ്ചിനിയറുടെ കത്തും സമർപ്പിച്ച സാഹചര്യത്തിൽ ശ്രീ.സുരേഷ്കുമാറിനെ സർവ്വീസിൽ തുടരുന്നത് പൊതു താല്പര്യങ്ങൾക്ക് എതിരാണെന്നും ടിയാൻ സർവ്വീസിൽ തുടരുന്നത് അന്വേഷണത്തിന് തടസ്സമാകുമെന്നും ഉത്തമ ബോധ്യമുള്ളതിനാൽ പ്രസിഡന്റ് (ഉത്തരവ് നമ്പർ.എ 3.3633/2015 തീയതി 17/05/2015) ശ്രീ. സുരേഷ്കുമാറിനെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തു. ക്രമക്കേട് നടന്നു എന്ന് മനസ്സിലാക്കിയ ഉടൻതന്നെ മങ്കര പോലീസ് സ്റ്റേഷനിൽ രേഖാമൂലം 16-05-2015 ൽ കേസ് ഫയൽ ചെയ്തു. | തുക നഷ്ടമായ 5 കരാറുകാർ ബഹു. ഓംബുഡ്സ്മാനിൽ പരാതി നൽകുകയും ശ്രീ.സുരേഷ്കുമാർ തുക തിരികെ നൽകിയതിനെ തുടർന്ന് 16-2-2016 ന് പരാതി തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മരാമത്ത് പണികളുമായി ബന്ധപ്പെട്ട് ക്ഷേമനിധി ബോർഡിലേക്ക് കെട്ടിട നിർമ്മാണ ക്ഷേമനിധി വിഹിതം ഒടുക്കിയതിന്റെ രേഖകൾ ഗ്രാമപപഞ്ചായത്തിൽ ലഭ്യമായിട്ടില്ല. മങ്കര പൊലീസ് സ്റ്റേഷനിൽ നിലവിലുണ്ടായിരുന്ന കേസ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലേക്ക് കൈമാറ്റം ചെയ്തിട്ടുള്ളതായി മങ്കര സ്റ്റേഷൻ ഹൗസ് ഓഫീസർ മങ്കര ഗ്രാമപഞ്ചായത്ത് | |

| ക്രമ നം | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | പി.ഒ.സി തുക | പി.ഒ.സി പണമാക്കിയ തീയതി | ട്രഷറി ബിൽ നം. |
|---|---|---|---|---|---|
| 1 | എടക്കുന്നത്ത് പടി എസ്.സി കോളനി, കുടിവെള്ള പദ്ധതി (പ്രോജക്റ്റ് നം. 148/14-15) | ശ്രീ.സി. സുദേവൻ | 67725 | 2.4.15 | 61/14-15 |
| 2 | അയ്യപ്പൻകാവ് ക്ലൂട്ടാലപ്പടി റോഡ് (പ്രോജ. നം. 90/14-15) | ശ്രീ.പി. എം. ശിവ രാജൻ | 284605 | 2.3.15 | 38/14-15 |
| 3 | ലക്ഷംവീട് പട്ടിപടി കുടിവെള്ള പദ്ധതി | ശ്രീ.പി. എസ്. രാജേഷ് | 83960 | 31.3.15 | 51/14-15 |
| 4 | താമരക്കുന്ന് ഭാഗത്തേക്ക് പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ (പ്രോജ. നം.105/14-15) | ശ്രീ.സി. കെ.രത്ന കുമാരൻ | 137830 | 13.3.15 | 39/14-15 |
| 5 | ഗ്രാമപറമ്പ് കുടിവെള്ള പദ്ധതി | ശ്രീ.കെ.വി. കൃഷ്ണൻ | 222164 | 2.4.15 | 59/14-15 |
| ആകെ | | | 796284 | | |

ഇത് സംബന്ധിച്ച് മങ്കര പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചതിലുപരിയായി കേരള പഞ്ചായത്ത് രാജ് (ഉദ്യോഗസ്ഥന്മാരുടെ മേലുള്ള നിയന്ത്രണം) ചട്ടങ്ങളിലെ, ചട്ടം 8 അനുസരിച്ച് പഞ്ചായത്ത് പ്രസിഡന്റ് 18.5.2015 തീയതി മുതൽ

(കേസ് നമ്പർ. പി.എസ്. ക്രൈം. 322/2015 U/S 409, 465, 467, 468, 420 ഐ.പി.സി) സുരേഷ്കുമാർ തിരിമറി നടത്തിയ തുക തിരിച്ചു പിടിച്ചിട്ടില്ല. എന്നാൽ ലഭിക്കാനുള്ള തുക സുരേഷ്കുമാറിൽ നിന്നും പിന്നീട് കിട്ടിയതായി ശ്രീ.സി.കെ.രത്നകുമാരൻ, ശ്രീ.ശിവരാജൻ. ശ്രീ.സി.സുദേവൻ, ശ്രീ.കെ.വി.കൃഷ്ണൻ, ശ്രീ. പി.എസ്.രാജേഷ് എന്നിവർ രേഖാമൂലം അറിയിച്ചതിന്റെ പകർപ്പ് ഈ ഓഫീസിൽ അസി.എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട്.

ക്രമക്കേട് സംബന്ധിച്ച് എൽ.എസ്.ജി.ഡി പാലക്കാട് ജില്ലാ പഞ്ചായത്ത് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിരുന്നു. 14-05-2015 ന് തിരുവനന്തപുരം എൽ. എസ്. ജി. ഡി ചീഫ് എഞ്ചിനീയറുടെ ഇ 3-2100/08/സിഇ/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം അസി.എഞ്ചിനീയർ ശ്രീമതി കെ. വി. ആശാമോളെ പാലക്കാട് കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിലെ മാത്തൂർ/കോട്ടായി ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറ്റിയിട്ടുണ്ട്.

സർക്കാർ സർവ്വീസിൽ അധിക പരിചയമില്ലാത്തതും, സർവ്വീസ് നടപടിക്രമത്തെ കുറിച്ചോ രജിസ്റ്ററുകളെ കുറിച്ചോ യാതൊരുവിധ പരിശീലനവും ലഭിച്ചിട്ടില്ലാത്തതിനാലും മാത്രമാണ് ധനവിനിയോഗവും കണക്ക് സൂക്ഷിക്കലും കാര്യക്ഷമമായി നിർവ്വഹിക്കാൻ കഴിയാതെ വന്നത് എന്നും മനപൂർവ്വം ശ്രദ്ധിക്കാതിരുന്നതല്ലെന്നും അസി.എഞ്ചിനീയർ രേഖാമൂലം അറിയിച്ചിട്ടുണ്ട്.

ആയത് പഞ്ചായത്ത് കമ്മിറ്റി 6-7-2017 ലെ യോഗത്തിൽ ചർച്ച ചെയ്യുകയും ടിയാരി മനപൂർവ്വം ചെയ്തതല്ലെന്ന് ഉത്തമ ബോധ്യമുള്ളതിനാൽ അസി.എഞ്ചിനീയറുടെ പേരിൽ മറ്റു നടപടികൾ

സെക്രട്ടറിയെ 5-4-2018 ന് അറിയിച്ചിട്ടുണ്ട്.

നിലവിൽ രേഖകൾ തൃപ്തികരമായി സൂക്ഷിക്കുന്നുണ്ട്.

| | | | | |
|---|---|---|---|---|
| | ശ്രീ.സുരേഷ് കുമാറിനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുമുണ്ട്. ശ്രീ.സുരേഷ് കുമാറിനെ സർവ്വീസിൽ പ്രസ്തുത കാലയളവിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ പ്രസ്തുത കാലയളവിൽ സുപ്രധാന രേഖകൾ ക്യാഷ് ബുക്ക്, ഡി.ഡി. ഇഷ്യു രജിസ്റ്റർ മുതലായ സുപ്രധാന രേഖകൾ എഴുതി സൂക്ഷിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുള്ളതായി ഓഡിറ്റ് നടത്തിയ പരിശോധനയിൽ ബോധ്യപ്പെട്ടു. ധനവിനിയോഗം, കണക്ക് സൂക്ഷിപ്പ് എന്നിവ ജി.ഒ.(പി) നം.177/2006/ധനം തീയതി: 12.4.2006 പ്രകാരം കാര്യക്ഷമമായി നിർവ്വഹിക്കുന്നതിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഗുരുതരമായ വീഴ്ചയാണ് വരുത്തിയിട്ടുള്ളത്. രജിസ്റ്ററുകളും രേഖകളും ക്രമപ്രകാരം സൂക്ഷിക്കാതിരുന്നതും, അവ യഥാസമയങ്ങളിൽ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്താതിരുന്നതുമാണ് പണാപഹരണത്തിന് വഴിതെളിച്ചത് എന്നതിനാൽ ഇതിനുത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയർക്കെതിരെയും ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതാണ്.<br>പ്രസ്തുത പരാമർശം സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേക്ക് ശുപാർശ ചെയ്യുന്ന വിവരം 30.4.2016 ലെ കെ.എസ്.എ-പി.കെ.ഡി/4/661/2016-ാം നമ്പർ കത്ത് പ്രകാരം പറളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല. | എടുക്കേണ്ടതില്ലായെന്ന് ശുപാർശ ചെയ്യുന്നതിന് 06-07-2017 ലെ 18(1) നമ്പർ തീരുമാനപ്രകാരം തീരുമാനിച്ചു. | | |
| 2 | **8.17 കുടുംബശ്രീ തൊഴിൽ പരിശീലന പദ്ധതികൾ - സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം - പദ്ധതി നടത്തിപ്പിൽ ക്രമക്കേട് - 8,33,650/-രൂപയുടെ ധനദുർവിനിയോഗം : തൃത്താല ഗ്രാമപഞ്ചായത്ത് - പാലക്കാട് ജില്ല ഓഡിറ്റ് റിപ്പോർട്ട് 2012-13, 2013-14 ഖണ്ഡിക 3-1**<br>• സർക്കാർ നിർദ്ദേശങ്ങൾക്കും പദ്ധതി മാർഗ്ഗരേഖകൾക്കും വിരുദ്ധമായി പൊതു ഫണ്ട് ദുരുപയോഗം ചെയ്തു<br>• ടെണ്ടർ നടപടിയിൽ വ്യാപക ക്രമക്കേട്<br>• പരിശീലന സ്ഥാപനത്തെ തെരഞ്ഞെടുത്ത പഞ്ചായത്ത് കമ്മിറ്റി തീരുമാനം വ്യാജം<br>തൃത്താല ഗ്രാമപഞ്ചായത്തിന്റെ 2012-13, 2013-14 വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി കുടുംബശ്രീ വനിതകൾക്കുവേണ്ടി താഴെപ്പറയുന്ന തൊഴിൽ പരിശീലന പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.<br>പരിശീലനം നൽകിയ സ്ഥാപനം - അപ്സര ഇൻസ്റ്റിറ്റ്യൂട്ട്, പുലാപ്പറ്റ, പാലക്കാട് | **തൃത്താല ഗ്രാമപഞ്ചായത്ത് അധികൃതർ ലഭ്യമാക്കിയ മറുപടി**<br>കുടുംബശ്രീ തൊഴിൽ പരിശീലനത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ പ്രോജക്ട് തയ്യാറാക്കി ക്ഷമതയുള്ള മേലുദ്യോഗസ്ഥൻ പരിശോധിച്ച് ഓൺലൈൻ ആയിട്ടാണ് ഡി.പി.സി അംഗീകാരം വാങ്ങുന്നത്. വനിതകൾക്ക് പത്ത് ശതമാനം നിർബന്ധിതമായി നീക്കി വയ്ക്കേണ്ട മേഖലയുമാണ്. തന്റെ പ്രോജക്ടുകൾ നടപ്പാക്കുന്നതിന് വിമുഖത കാണിച്ച വി.ഇ.ഒ.വിന് ടെണ്ടർ നടപടി കൂടാതെ തന്നെ ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്ന അക്രഡിറ്റഡ് ഏജൻസിക്ക് സർക്കാർ നിശ്ചയിച്ച നിരക്കിൽ 22.02.2013 ന് ഭരണ സമിതി യോഗത്തിൽ ചുമതല ഏൽപ്പിക്കുകയാണ് ഉണ്ടായത്. | ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള നഷ്ടം ഈടാക്കാനായി പാലക്കാട് ജില്ലാ ഓഡിറ്റ് കാര്യാലയം ശിപാർശ ചെയ്തിട്ടുള്ള സർചാർജ് നടപടിയിൽ സർചാർജ് നടപടികൾ ആരംഭിക്കാൻ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് പാലക്കാട് ജില്ലാ ഓഡിറ്റ് മേധാവിക്ക് നിർദ്ദേശം നൽകുന്നതിനുള്ള | |

2012-13 വർഷം നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരം

| ക്രമ നം. | പ്രോജക്ട് നം, പേര്, വർഷം | ചെലവഴിച്ച തുക | ബിൽ നം. തീയതി | പരിശീലന സ്ഥാപനം എഗ്രിമെന്റ് വെച്ച തീയതി | പരിശീലനാർത്ഥികളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 073/13 - പേപ്പർ ബാഗുകൾ/ നൈലോൺ ബിഗ് ഷോപ്പർ സ്ക്രീൻ പ്രിന്റിംഗ് പരിശീലനം (എസ്.സി.പി) | 90000 | 11/12-13 26.03.13 | 16.3.13 | 36 |
| 2 | 076/13- പേപ്പർ ബാഗുകൾ /നൈലോൺ ബിഗ് ഷോപ്പർ സ്ക്രീൻ പ്രിന്റിംഗ് പരിശീലനം (ജനറൽ) | 74800 | 21/12-13 31.03.13 | 16.3.13 | 30 |
| 3 | 077/12-13- ആഭരണ നിർമ്മാണം (എസ്.സി.പി) | 60000 | 12/12-13 26.03.13 | 16.3.13 | 20 |
| 4 | 078/12-13 - ആഭരണ നിർമ്മാണം (ജനറൽ) | 89750 | 22/12-13 31.03.13 | 11.3.13 | 30 |

ഈ യോഗത്തിൽ ആരും ആക്ഷേപമോ വിയോജനമോ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ യോഗ നടപടിക്രമം രേഖപ്പെടുത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ജൂനിയർ സൂപ്രണ്ട് കാൻസർ രോഗം മൂർച്ഛിച്ച അവസ്ഥയിൽ രേഖപ്പെടുത്താൻ വിട്ടുപോയി എന്നതൊഴിച്ചാൽ പദ്ധതി നിർവ്വഹണത്തിൽ ആക്ഷേപങ്ങളോ പരാതികളോ 31.03.2013 കാലയളവിൽ ഉണ്ടായിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ആക്ഷേപങ്ങളും മറ്റും ഉന്നയിച്ചിട്ടുമില്ല. വി.ഇ.ഒ. പദ്ധതി നിർവ്വഹണം പൂർത്തിയാക്കി റിക്വസിഷൻ ലെറ്റർ നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസിഡന്റിന്റെ ഓതറൈസേഷൻ പ്രകാരം സെക്രട്ടറി അലോട്ട്മെന്റ് നൽകുകയാണ് ഉണ്ടായത്. തൽ സമയത്തും ഇതു സംബന്ധമായി യാതൊരു പ്രശ്നങ്ങളും ശ്രദ്ധയിൽ പെട്ടിരുന്നില്ല. ഏതെങ്കിലും മെമ്പർമാർ ഈ കാലയളവിൽ ഇതു സംബന്ധമായി ഒരു ആക്ഷേപവും ഉന്നയിച്ചിട്ടില്ല. ഇതിൽ നിന്നും ടി പദ്ധതികൾ നല്ല രീതിയിൽ നടന്നുവെന്നും അനുമാനിക്കാവുന്നതാണ്.

പരിശീലനാർത്ഥികൾക്ക് ഏറെ പ്രയോജനം കിട്ടുന്ന തരത്തിൽ ദീർഘ കാലത്തേക്കുള്ള പരിശീലനമാണ് നൽകപ്പെട്ടത്. വിവിധ കോഴ്സുകളിലേക്ക് ഒരേ സമയത്ത് വിവിധ ബാച്ചുകളായിട്ടാണ് പരിശീലനം സജ്ജീകരിച്ചിരുന്നത്. രാവിലെ 7 മണി മുതൽ തുടങ്ങുന്ന പരിശീലനം വൈകുന്നേരം 6 മണിവരെ നീണ്ടു നിന്നിരുന്നു.

ഒരേ ദിവസം തന്നെ പരിശീലനാർത്ഥികൾ വിവിധ സമയങ്ങളിലായി രണ്ട് പരിശീലനങ്ങളിൽ പങ്കെടുത്തിട്ടുണ്ടാവാം. അതോടൊപ്പം പരിശീലനാ

നടപടികൾ ഈ കാര്യാലയം സ്വീകരിച്ചുവരുന്നു.

| | | | | | |
|---|---|---|---|---|---|
| 5. | 80/12-13 - ഷൺ കൃഷി പരിശീലനം (ജനറൽ) | 49350 | 9/13 31.03.13 | 15.3.13 | 30 |
| 6 | 081/12-13 - ടെക്സ്റ്റൈൽസ് പ്രിന്റിംഗ് (എസ്.സി.പി) | 50000 | 13/12-13 26.03.13 | 25.2.13 | 20 |
| 7 | 082/12-13 - ടെക്സ്റ്റൈൽസ് പ്രിന്റിംഗ് (ജനറൽ) | 74750 | 23/12-13 31.03.13 | 25.2.13 | 30 |
| 8 | 86/12-13- സാനിട്ടറി നാപ്കിൻ | 105000 | 20/12-13 31.03.13 | 8.3.13 | 30 |
| ആകെ | | 593650 | | | |

2013-14 വർഷം നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരം:

| ക്രമ നം. | പ്രോജക്ട് നം., പേര്, വർഷം | ചെലവഴിച്ച തുക | ബിൽ നം. തീയതി | പരിശീലന സ്ഥാപനം എഗ്രിമെന്റ് വച്ച തീയതി | പരിശീല നാർത്ഥികളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 160/13-14 - ഗാർമെന്റ് മേക്കിംഗ് (എസ്.സി.പി) | 100000 | 01/13-14 30.10.13 | 1.3.13 | 20 |

ർത്ഥികൾ തങ്ങളുടെ കോഴ്സുകളിൽ പൂർണ്ണമായി പ്രാവീണ്യം നേടിയെടുക്കുന്നതുവരെ കോഴ്സുകൾ തുടർന്നു പോയതായും കാണുന്നു. പ്രോജക്ടിന്റെ കാലാവധി മാർച്ച് 31 ന് അവസാനിച്ചുവെങ്കിലും മെയ് മാസം വരെ പരിശീലനം തുടർന്നു പോയതായും കാണുന്നു. പരിശീലനം നേടിയവരിൽ സ്വന്തം നിലയിൽ ഇന്നും തൊഴിൽ ചെയ്ത് വരുന്നതായും മനസ്സിലാക്കുന്നു. പ്രോജക്ടുകളെ കുറിച്ച് ജില്ലാ പ്ലാനിംഗ് ഓഫീസ് പഞ്ചായത്തിനെ അഭിനന്ദിച്ചിട്ടുള്ളതുമാണ്. ആയതിനാൽ നിരാകരിച്ച തുക ഒഴിവാക്കി തരുന്നതിന് അപേക്ഷിക്കുന്നു.

| | | | | | |
|---|---|---|---|---|---|
| 2 | 161/13-14 ഗാർമെന്റ് മേക്കിംഗ് (ജനറൽ) - | 140000 | 05/12-13 30.10.13 | - | - |
| ആകെ | | 240000 | | | |

മേൽപ്പറഞ്ഞ പ്രോജക്ടുകളുടെ നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1. 12-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ [ജി.ഒ(എം.എസ്) നം.225/2012/തസ്വഭവ. തീയതി: 18.8.2012 ഖണ്ഡിക (5)] പ്രകാരം സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനു വേണ്ടി ഗ്രൂപ്പുകൾ രൂപീകരിച്ച് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുന്നവർക്ക് മാത്രമേ അനുയോജ്യമായ തൊഴിലിൽ പരിശീലനം നൽകാൻ പാടുള്ളൂ. എന്നാൽ ഗ്രൂപ്പുകൾ രൂപീകരിക്കുകയോ, മറ്റു പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങുകയോ ചെയ്യാതെയാണ് തൊഴിൽ പരിശീലനങ്ങൾ നൽകിയിട്ടുള്ളത്. 2010-11, 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ വൻ തുക ചെലവിട്ട് പരിശീലനം നൽകിയ സംരംഭങ്ങളിൽ ഒന്നുപോലും നാളിതുവരെ ആരംഭിക്കുകയോ, പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുകയോ ചെയ്തിട്ടില്ല. ഇതുവഴി സർക്കാർ നിർദ്ദേശങ്ങൾക്കും പദ്ധതി മാർഗ്ഗരേഖകൾക്കും വിരുദ്ധമായി പഞ്ചായത്ത് പൊതുഫണ്ട് ദുരുപയോഗം ചെയ്തു.

2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ (ജി.ഒ.(പി)നം.259/2010/ എൽ.എസ്.ജി.ഡി. തീയതി: 8.11.2010) പ്രകാരം ഒരു ലക്ഷം രൂപയിൽ കൂടുതൽ മതിപ്പു വിലയുള്ള സേവനങ്ങൾക്ക് ഓപ്പൺ ടെണ്ടർ രീതി അവലംബിക്കേണ്ടതുണ്ട്. വ്യാപകമായ പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപ്പത്രത്തിലും മലയാളം ദിനപ്പത്രത്തിലും പരസ്യം ചെയ്ത് സേവനദാതാക്കളുടെ ടെൻഡർ ക്ഷണിക്കേണ്ടതുണ്ട്. ടെണ്ടർ ഫോറത്തിന്റെ വിൽപ്പനയ്ക്കും, സമർപ്പണത്തിനും പരസ്യ തീയതി മുതൽ 21 ദിവസം നൽകണം. ഉത്തരവിൽ നിഷ്കർഷിക്കുന്ന നിരക്കിൽ ടെൻഡർ

...മാറത്തിന്റെ വില ഈടാക്കണം. ടെൻഡർ സമർപ്പിച്ചവരുടേയും സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയിലെ അംഗത്തിന്റെയും സാന്നിദ്ധ്യത്തിൽ ടെൻഡറുകൾ പരസ്യമായി തുറക്കണം. സേവന കരാറുകാരുടെ കാര്യത്തിൽ, ഉയർന്ന ഗുണനിലവാരം, സാമ്പത്തിക ലാഭവും കാര്യക്ഷമതയും, യോഗ്യരായവർക്ക് മത്സരിക്കാൻ അവസരം നൽകൽ, തെരഞ്ഞെടുപ്പ് പ്രക്രിയയിൽ സുതാര്യത എന്നിവയും ഉറപ്പുവരുത്തേണ്ടതുണ്ട്.

എന്നാൽ ഈ നിബന്ധനകളെല്ലാം പാടെ അവഗണിച്ചാണ് പരിശീലന പരിപാടി സംഘടിപ്പിച്ചിട്ടുള്ളതും, പരിശീലന സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടുള്ളതും. അപ്സര ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തതുമായി ബന്ധപ്പെട്ട പഞ്ചായത്ത് കമ്മിറ്റി തീരുമാനം (നം.2 തീയതി:30.1.2014) വ്യാജമാണെന്നും പരിശോധനയിൽ വ്യക്തമായി. ഭരണസമിതി അംഗങ്ങൾ 28.2.2014 ൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിച്ച പരാതിയിൽ (നം.എ 1-1756 തീയതി : 28.2.2014) "ഇങ്ങനെ തീരുമാനമെടുത്തതായി ഞങ്ങൾക്ക് അറിയില്ല. മിനിട്ട്സിൽ തിരുത്തൽ വരുത്തിയാണ് മേൽപ്പറഞ്ഞ സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടുള്ളത് "എന്ന് പറയുന്നു.

ജനപ്രതിനിധികളിൽ നിന്നും ലഭിച്ച പരാതി പഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ ചർച്ച ചെയ്യുന്നതിനോ, തുടർ നടപടികൾ സ്വീകരിക്കുന്നതിനോ സെക്രട്ടറി തയ്യാറായില്ല.

3. പരിശീലന പരിപാടികളുടെ കാര്യത്തിൽ, സർക്കാർ ഉത്തരവ് (എം.എസ്)നം.248/2012/തസ്വഭവ. തീയതി : 29.9.12 ലെ നിബന്ധന പ്രകാരം തൊഴിൽ പരിശീലനത്തിനു മാത്രമായി പ്രോജക്ടുകൾ അനുവദനീയമല്ലാത്തതിനാൽ, ആയവ വായ്പാബന്ധിത പ്രോജക്ടുകളാക്കി മാറ്റണമെന്നും, അതിൽ പരിശീലനത്തിനുള്ള തുക വകയിരുത്തണമെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ പഞ്ചായത്ത് കമ്മിറ്റിയ്ക്ക് 23.1.2014 ൽ കത്ത് നൽകിയിട്ടുണ്ട്. 2010-11 വർഷം മുതൽ പൂർത്തിയാക്കിയ വിവിധ തൊഴിൽ പരിശീലനങ്ങളുടെ തുടർ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തേണ്ടതുണ്ടെന്നും സംഘങ്ങൾക്ക് ബാങ്ക് ലോണും സബ്സിഡിയും ലഭിക്കത്തക്ക രീതിയിലുള്ള പ്രോജക്ടുകൾക്ക് രൂപം നൽകണമെന്നും, നിർവ്വഹണോദ്യോഗസ്ഥൻ 20.1.2014, 30.1.2014, 5.3.2014 തീയതികളിലെ കത്തുകൾ മുഖേന പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്.

4. തൊഴിൽ പരിശീലനവുമായി ബന്ധപ്പെട്ട് പരിശോധനയ്ക്ക് സമർപ്പിച്ച ഫയലുകൾ, പരിശീലനാർത്ഥികളുടെ ഹാജർ പട്ടികകൾ എന്നിവ

പരിശോധിച്ചതിൽ, ഒരേ സമയം (രാവിലെ മുതൽ വൈകുന്നേരം വരെ) നടത്തപ്പെട്ട വിവിധ പരിശീലന പരിപാടികളിൽ ഒരേ വ്യക്തികൾ തന്നെ പങ്കെടുത്തതായി കാണുന്നു. ഉദാഹരണങ്ങൾ അനുബന്ധമായി കൊടുക്കുന്നു. പദ്ധതി നടത്തിപ്പിലെ അപാകതകളിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് താൻ പരിവർത്തിതാവധിയിലായിരുന്ന കാലയളവിലാണ് ഭരണസമിതി തീരുമാനം സംബന്ധിച്ച അപാകങ്ങൾ ഉടലെടുത്തതെന്നും, മാർച്ച് 31-നകം ബിൽ മാറുന്നതിന് വേണ്ടിയാണ് അക്രഡിറ്റഡ് ഏജൻസിയെ പരിശീലനച്ചുമതല ഏൽപ്പിച്ചതെന്നുമുള്ള സെക്രട്ടറിയുടെ മറുപടി നിരുത്തരവാദപരവും അംഗീകരിക്കാൻ കഴിയാത്തതുമാണ്.

ഭരണസമിതി അംഗങ്ങളുടെയും നിർവ്വഹണ ഉദ്യോഗസ്ഥന്റെയും വിയോജനക്കുറിപ്പുകൾ, സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ, പഞ്ചായത്ത് രാജ് നിയമം, ധനവിനിയോഗവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ എന്നിവ പരിഗണിക്കാതെ പദ്ധതി നടപ്പിലാക്കിയതുമൂലമുള്ള നഷ്ടം (8,33,650/- രൂപ) വിയോജിപ്പ് അറിയിച്ച 8 ഭരണസമിതി അംഗങ്ങൾ ഒഴികെയുള്ള ഭരണസമിതി അംഗങ്ങളിൽ നിന്നും, പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

തൊഴിൽ പരിശീലന പദ്ധതികളുടെ വിശദവിവരം അനുബന്ധം 10, 11 എന്നിവയായി ചേർക്കുന്നു

**നഷ്ടത്തിനുത്തരവാദികളായവരുടെ പേരുവിവരം ചുവടെ ചേർക്കുന്നു.**

| പേരും, ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഓദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എം.ഹരികൃഷ്ണൻ, സെക്രട്ടറി | സെക്രട്ടറി, തൃക്കടീരി ഗ്രാമപഞ്ചായത്ത്, പാലക്കാട് | മണ്ണൂടി സാകേതം, കടമ്പഴിപ്പുറം.പി.ഒ, പാലക്കാട് |
| ശ്രീമതി.സ്വർണ്ണകുമാരി. കെ.പി, പ്രസിഡന്റ് | തൃത്താല ഗ്രാമപഞ്ചായത്ത് | അരുണോദയം, മേഴത്തൂർ |

5

| | | |
|---|---|---|
| ശ്രീ.ശ്രീനിവാസൻ. കെ.പി, വൈസ് പ്രസിഡന്റ് | തൂത്താല ഗ്രാമപഞ്ചായത്ത് | കളരിപ്പറമ്പിൽ വീട്, തൂത്താല |
| ശ്രീമതി.അനിത.സി.പി മെമ്പർ | തൂത്താല ഗ്രാമപഞ്ചായത്ത് | പിള്ളക്കാട്ടിൽ, കണ്ണന്നൂർ, തൂത്താല |
| ശ്രീമതി.ജയശ്രീ.പി.വി മെമ്പർ | തൂത്താല ഗ്രാമപഞ്ചായത്ത് | വെട്ടുകാട്ടു വളപ്പിൽ, കണ്ണന്നൂർ, ഞാങ്ങാട്ടിരി |
| ശ്രീ.അരവിന്ദാക്ഷൻ.ടി മെമ്പർ | തൂത്താല ഗ്രാമപഞ്ചായത്ത് | തച്ചോത്ത്, മാട്ടായ, ഞാങ്ങാട്ടിരി |
| ശ്രീമതി.സറീന.പി മെമ്പർ | തൂത്താല ഗ്രാമപഞ്ചായത്ത് | പാറക്കാട്ടിൽ, മാട്ടായ, ഞാങ്ങാട്ടിരി |
| ശ്രീ.മുഹമ്മദ് ഉണ്ണി.കെ.വി, മെമ്പർ | തൂത്താല ഗ്രാമപഞ്ചായത്ത് | കല്ലിങ്ങൽ വളപ്പിൽ, ഉള്ളന്നൂർ |
| ശ്രീമതി.നിഷ.പി മെമ്പർ | തൂത്താല ഗ്രാമപഞ്ചായത്ത് | കോക്കിരിമാരിൽ, ഞാങ്ങാട്ടിരി |
| ശ്രീമതി.ബിന്ദു ദേവദാസ്.എം.പി, മെമ്പർ | തൂത്താല ഗ്രാമപഞ്ചായത്ത് | മുണ്ടായ വളപ്പിൽ, ഇരുത്ത്, മേഴത്തൂർ |

പ്രസ്തുത പരാമർശം സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേക്ക് ശുപാർശ ചെയ്യുന്ന വിവരം 30.4.2016 ലെ കെ.എസ്.എ-പി.കെ.ഡി-4/661/16-ാം നമ്പർ കത്ത് പ്രകാരം തൂത്താല ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചു. 27.05.2016 ൽ കൂടിയ ഭരണസമിതിയോഗം വിഷയം ചർച്ച ചെയ്യുവെന്നും, പരിശീലന പരിപാടി മികച്ച രീതിയിൽ സംഘടിപ്പിച്ചതിനാലും, ഇത് സംബന്ധിച്ച് പരാതിയോ ആക്ഷേപമോ ഉണ്ടായിട്ടില്ലാത്തതിനാലും പ്രസ്തുത പരാമർശം സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിൽ നിന്നും ഒഴിവാക്കണമെന്നും 30.05.2016 ലെ എ.1-3124/16-ാം നമ്പർ കത്ത് പ്രകാരം സെക്രട്ടറി ആവശ്യപ്പെട്ടു. എന്നാൽ ഓഡിറ്റ് ചൂണ്ടിക്കാട്ടിയ അപാകതകൾക്കൊന്നും മറുപടി നൽകിയിട്ടില്ല.

**സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2006-07**

**3.61 പാലക്കാട് ജില്ലാ പഞ്ചായത്ത്**

**3.61.1 തരിശുഭൂമിയിൽ കൂട്ടുകൃഷി - ധനവിനിയോഗം -**

**പദ്ധതി നിർദ്ദേശത്തിനു വിരുദ്ധം**

**(ഓഡിറ്റ് റിപ്പോർട്ട് 2000-01 ഖണ്ഡിക 2(9))**

കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഹോർട്ടികൾച്ചർ) നിർവ്വഹണ ഉദ്യോഗസ്ഥനായി 1998-99 വർഷത്തിൽ ആരംഭിച്ച തരിശുഭൂമിയിൽ കൂട്ടുകൃഷി എന്ന പദ്ധതി പ്രകാരം 2000-01 വർഷത്തിൽ വാഴ പരിപാലന സബ്സിഡിയായും പാട്ടത്തുകയായും ഒട്ടാകെ രൂപ 6,08,403/- ചെലവഴിച്ചിട്ടുണ്ട്. പാട്ടത്തുക ഇനത്തിൽ നൽകിയ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കൃഷി ഓഫീസിന്റെ പേര് | തുക (രൂപ) |
|---|---|---|
| 1 | കാവശ്ശേരി | 80000 |
| 2 | മുതുതല | 80000 |
| 3 | മുതലമട | 80000 |
| 4 | കോട്ടായി | 80000 |
| 5 | പട്ടിത്തറ | 38200 |
| | ആകെ | 358200 |

പ്രോജക്ട് പ്രകാരം ഗുണഭോക്താക്കൾ തന്നെയാണ് പാട്ടത്തുക വഹിക്കേണ്ടത്. ആയതിനാൽ 6,08,403/- രൂപയിൽ പാട്ടത്തുകയായി നൽകിയ 3,58,200/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ബാക്കി തുകയായ 2,50,203/- രൂപ വാഴ പരിപാലനത്തിനുള്ള സബ്സിഡിക്കാണ് നൽകിയിട്ടുള്ളത്. പ്രോജക്ട് പ്രകാരം കുഴിയെടുക്കൽ, ജൈവവളം എന്നിവയ്ക്ക് മാത്രമേ സബ്സിഡി നൽകുന്നതിന് തുക വകയിരുത്തിയിട്ടുള്ളൂ. എന്നാൽ പ്രവൃത്തി കണക്കിലെടുക്കാതെ ഓരോ വാഴച്ചെടിക്കും ഗ്രൂപ്പ് കൺവീനർമാർ മുഖേന ഗുണഭോക്താക്കൾക്ക് 4.20 രൂപ വീതം സബ്സിഡി അനുവദിച്ചിട്ടുണ്ട്. ഈ പ്രോജക്ടിന് ആസൂത്രണ സമിതിയുടെയും വിദഗ്ധ സമിതിയുടെയും അംഗീകാരം ലഭിച്ചതായും കാണുന്നില്ല. പദ്ധതി

**പാലക്കാട് ജില്ലാ പഞ്ചായത്ത് അധികൃതരുടെ മറുപടി**

പദ്ധതി പ്രകാരം വാഴകൃഷിക്ക് 17,97,000/- രൂപ ജില്ലയിലെ 11 കൃഷിഭവനുകൾക്ക് അനുവദിച്ചിരുന്നു. അതിൽ 3,68,000/- രൂപ 92000 വാഴക്കന്നിന്റെ വിലയായി പഴകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്.

പദ്ധതിയനുസരിച്ച് പട്ടികജാതി വിഭാഗത്തിലുള്ള കർഷകർക്ക് കൃഷിഭൂമി പാട്ടത്തിനെടുക്കുന്നതിനും, വാഴ പരിപാലന സബ്സിഡിയായി അനുവദിക്കുന്നതിനും ബാക്കി തുക വകയിരുത്തിയിട്ടുണ്ട്.

തുടക്കത്തിൽ പ്രോജക്ടിൽ ഗുണഭോക്താക്കൾ പാട്ടത്തുക വഹിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥനായ ഡെപ്യൂട്ടി ഡയറക്ടർ (എച്ച്) ശ്രീ.വി.ഒ.ഡേവിഡ് 26.10.1999 ന് കൃഷി ഓഫീസർമാർക്ക് നൽകിയ ഉത്തരവിൽ (സി3-3665/91) ഏക്കറൊന്നിന് 10,000/- രൂപ നിരക്കിൽ നൽകാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

പട്ടിക വർഗ്ഗ വിഭാഗത്തിലുള്ള കർഷകർ പാട്ടക്കൂലി സ്വയം കണ്ടെത്തുക എന്നത് പ്രായോഗികമാകില്ല എന്ന തിരിച്ചറിവാകണം ഈ ഉത്തരവിന് അടിസ്ഥാനമായത്. നിലവിൽ സർവ്വീസിൽ നിന്നും വിരമിച്ച പദ്ധതി നിർവ്വഹണോദ്യോഗസ്ഥൻ പദ്ധതിയിൽ മാറ്റം വരുത്തിയതിന്റെ അടിസ്ഥാനം ഫയലിൽ വ്യക്തമാക്കിയിട്ടില്ല. ജില്ലാ പഞ്ചായത്ത് അധികൃതർ ഇതു സംബന്ധിച്ച തീരുമാനം മീറ്റിംഗുകളിൽ കൈക്കൊണ്ടതിന്റെ അടിസ്ഥാന

സ.ഉ(സാ) നം. 702/ 07/ കൃഷി തിയതി 24-4-2007 ഓഡിറ്റിന് ഹാജരാക്കിയത് പരിശോധിച്ചു.

ശ്രീ.വി.ഒ. ഡേവിഡിനെ സർവീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും പിന്നീട് മേൽ ഉത്തരവ് പ്രകാരം വകുപ്പുതല അച്ചടക്ക നടപടി തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

വാഴക്കന്നുകൾ പഴകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ നിന്നും വാങ്ങിയതിലെ ക്രമക്കേടുകളിന്മേലാണ് വിജിലൻസ് അന്വേഷണവും വകുപ്പുതല നടപടിയും ഉണ്ടായിട്ടുള്ളത്. ആയത് തീർപ്പാക്കിയിട്ടുണ്ട്.

അംഗീകരിച്ച പദ്ധതിയിൽ നിന്നും വ്യതിചലിച്ച് സബ്സിഡി നൽകിയതിലെ ക്രമക്കേടുകളാണ് ഓഡിറ്റ് ഖണ്ഡികയിൽ പ്രധാനമായും

| | | | |
|---|---|---|---|
| ...ത്തിപ്പുമായി ബന്ധപ്പെട്ട വിവിധ രേഖകളുടെ അഭാവത്തിൽ സബ്സിഡിയിനത്തിൽ നൽകിയ 2,50,203/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തു .ം. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട്. അന്വേഷണത്തിന്റെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമായിട്ടില്ല. | ത്തിലാവണം പദ്ധതിയിൽ മാറ്റം വരുത്തിയത്.<br>പ്രസ്തുത ഉത്തരവിൽ പാട്ടത്തുക അനുവദിക്കുന്നത് സ്ഥലുടമയും ഗുണഭോക്താവും തമ്മിലുള്ള കരാർ വാങ്ങിയതിന് ശേഷമായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.<br><br>വാഴയ്ക്ക് കുഴിയെടുക്കുന്നതിനും ജൈവവളം ഇടുന്നതിനും മാത്രമാണ് സബ്സിഡി തുക വകയിരുത്തിയിട്ടുള്ളത് എന്ന് ഓഡിറ്റ് പരാമർശിച്ചിരിക്കുന്നു.<br><br>എന്നാൽ പദ്ധതി നിർവ്വഹണോദ്യോഗസ്ഥൻ 26/10/1999 ന് പുറപ്പെടുവിച്ച സി (3)3665/91 ഉത്തരവിൽ (വാഴ) കൃഷി ചെലവ് എ.കുഴി, ബി. ജൈവവളം, സി. ഇടയിളക്കൽ, ഡി. രാസവളം, ഇ. മറ്റ് ചിലവുകൾ എന്നിവയ്ക്ക് ഏക്കറൊന്നിന് 4200 രൂപ എന്ന നിരക്കിൽ സബ്സിഡിയായി നൽകാവുന്നതാണെന്ന് കൃഷി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>മേൽ പറഞ്ഞ ഉത്തരവ് ജില്ലാ പഞ്ചായത്തിന്റെ കൂടിയുള്ള അറിവോടെയായിരിക്കാമെന്ന് അനുമാനിക്കുന്നു. അനുവദിച്ച തുകകൾക്കുള്ള രശീതികൾ ഗുണഭോക്താക്കളിൽ നിന്നും ശേഖരിച്ചത് ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുള്ളതാണ്.<br><br>കൊഴിഞ്ഞാമ്പാറ, മുതല കൃഷിഭവനുകളിൽ പദ്ധതി സംബന്ധിച്ച ഫയലുകൾ വിജിലൻസ് വകുപ്പ് പിടിച്ചെടുത്തുകൊണ്ടു പോയതാണ് ഓഡിറ്റ് ടീം പരാമർശിച്ചിട്ടുള്ള ' രേഖകളും ചെലവു രേഖകളും ലഭ്യമല്ല' എന്നതിനടിസ്ഥാനം.<br><br>പാലക്കാട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ 16/08/2013 ലെ വി.ഇ.22/02/PKD | പരാമർശിച്ചിട്ടുള്ളത്. ആയതിന് വ്യക്തമായ മറുപടി സമർപ്പിച്ചിട്ടില്ല. | |

| | | | |
|---|---|---|---|
| | കത്തിൽ പദ്ധതി നിർവ്വഹണോദ്യോ ഗസ്ഥനായിരുന്ന ഓഫീസർക്കെതിരെ ഡിപ്പാർട്ട്മെന്റ് നടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുതായി അറിയിച്ചിട്ടുണ്ട്.<br>24/04/2007 ലെ സർക്കാർ ഉത്തരവ് (നം.702/07/കൃഷി) പ്രകാരം ശ്രീ.വി.ഒ.ഡേവിഡിന് സെൻഷർ ശിക്ഷ നൽകി അച്ചടക്ക നടപടികൾ അവസാനിപ്പിച്ച് ഉത്തരവായിട്ടുണ്ട്. | | |
| **3.61.2 അട്ടപ്പാടി പട്ടികവർഗ്ഗ കൃഷി ഉൽപ്പന്നങ്ങളുടെ സംഭരണവും വിതരണവും - പദ്ധതി നടപ്പിലായില്ല**<br>(ഓഡിറ്റ് റിപ്പോർട്ട് 2000-01 ഖണ്ഡിക 2(16) | **പാലക്കാട് ജില്ലാ പഞ്ചായത്ത് അധികൃതരുടെ മറുപടി** | | |
| ജില്ലാ വ്യവസായ കേന്ദ്രം മാനേജർ നിർവഹണ ഉദ്യോഗസ്ഥനായി 1998-99 വർഷത്തിൽ രൂപം നൽകിയ ഈ പ്രോജക്ട് 2000-01 വർഷത്തിൽ സ്പിൽ ഓവർ ആയി ഉൾപ്പെടുത്തുകയും 5,00,000/- രൂപ മാറ്റി വെക്കുകയും ചെയ്തു. 1998-99, 1999-2000 സാമ്പത്തിക വർഷങ്ങളിൽ പദ്ധതി നിർവഹണത്തിനായി 13,50,000/- രൂപ പി.ഡി.സി ബാങ്ക് അഗളി ബ്രാഞ്ചിൽ ഡി.ഐ.സി മാനേജരുടെയും അട്ടപ്പാടി ബ്ലോക്കിലെ എസ്.റ്റി കാർഷിക സംസ്കരണ വിപണന വ്യവസായ സഹകരണ സംഘം പ്രസിഡന്റിന്റെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിച്ചു. സ്ഥിരം മൂലധനമായി അനുവദിച്ച 5,00,000- രൂപയിൽ നിന്നും 3 ലക്ഷം രൂപക്ക് 3/2001-ൽ ഒരേക്കർ സ്ഥലം കോട്ടത്തറ വില്ലേജിലെ വട്ടലക്കിയിൽ കെട്ടിട നിർമ്മാണം നടത്താനായി സംഘം വാങ്ങി. കെട്ടിട നിർമ്മാണ ചുമതല കോസ്റ്റ് ഫോർഡ് എന്ന സ്ഥാപനത്തെ 28.08.2002-ന് ഏൽപ്പിച്ചുവെങ്കിലും 3 വർഷത്തിന് ശേഷവും പണി തുടങ്ങാത്തതിനാൽ റവന്യൂ റിക്കവറി മുഖേന തുക തിരിച്ചു പിടിക്കുകയുണ്ടായി. സംഘത്തിന്റെ ബാങ്ക് അക്കൗണ്ടിൽ 02.09.2002-ൽ 11,38,395/- രൂപ ചെലവഴിക്കാതെ അവശേഷിച്ചിട്ടുണ്ട്.<br>അട്ടപ്പാടി ബ്ലോക്കിൽപ്പെട്ട എസ്.റ്റി കാർഷിക സംസ്കരണ വിപണന വ്യവസായ സഹകരണ സംഘത്തിലെ 20-ഓളം വരുന്ന ഗിരിവർഗ്ഗ യുവതീയുവാക്കൾക്ക് ഗുണം ലഭിക്കുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്യപ്പെട്ട ഈ പദ്ധതിക്കായി 3 ലക്ഷം രൂപ മാത്രം ചെലവഴിച്ച് പ്രവർത്തനം ആരംഭിക്കാതിരുന്നത് പദ്ധതി നടത്തിപ്പിൽ സംഭവിച്ച | പരാമർശത്തിലെ വിഷയത്തിൽ സഹകരണ സംഘത്തിലെ അക്കൗണ്ടിൽ അവശേഷിക്കുന്ന 1138395/- രൂപ പലിശ സഹിതം 04.10.06 തീയതിയിലെ ചെക്ക് നം.07233 നമ്പരിൽ 1531318/- രൂപ പ്രസ്തുത സംഘത്തിൽ നിന്നും ഈടാക്കി 09.10.06 തീയതിയിലെ രശീതി നം.75 പ്രകാരം പാലക്കാട് ജില്ലാ പഞ്ചായത്തിൽ അടച്ചിട്ടുണ്ട്. ഈ പദ്ധതികൾക്കായി വാങ്ങിയ സ്ഥലം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ മാറ്റി രജിസ്റ്റർ ചെയ്ത ആധാരം സഹിതം ആ ഓഫീസിലെ 11.05.07-ലെ പി.3/2875/06 നമ്പർ നിർദ്ദേശ പ്രകാരം DIC ഓഫീസിലെ പി.3/8065/00 നമ്പർ കത്ത് സഹിതം അയച്ചതായി ബോധിപ്പിച്ചിരിക്കുന്നു. ആയത് പരിഗണിച്ച് പരാമർശം ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു. | ഓഡിറ്റ് പരാമർശ പ്രകാരമുള്ള തുക ഈടാക്കിയി ട്ടുണ്ടെന്നും സ്ഥലത്തിന്റെ ആധാരം ജില്ലാ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ടെന്നും ഓഡിറ്റിൽ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്.<br>15,31,318/- രൂപയുടെ ഒടുക്ക് 5-4-2018 ന് ഓഡിറ്റിൽ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്.<br>പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല എന്നത് ന്യൂനതയായി അവശേഷിക്കുന്നു. | |

| | | | | |
|---|---|---|---|---|
| | പാലിച്ചയാണ്. സ്ഥലം വാങ്ങുന്നതിന് മാത്രമായി 2,82,005/- രൂപ ചെലവഴിച്ചു. പാഴ്ചെലവായി വിലയിരുത്തുന്നു. സഹകരണ സംഘത്തിന്റെ അക്കൗണ്ടിൽ അവശേഷിക്കുന്ന 11,38,395/- രൂപ പലിശ സഹിതം ഈടാക്കേണ്ടതും പദ്ധതിക്കായി വാങ്ങിയ സ്ഥലം ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കേണ്ടതുമാണ്. | | | |
| 5 | **3.61.3 അട്ടപ്പാടി മേഖലയിലെ ആദിവാസികൾക്കുള്ള ഭവന നിർമ്മാണ പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല**<br>**(ഓഡിറ്റ് റിപ്പോർട്ട് 2001-02 ഖണ്ഡിക 3(5)**<br><br>**പ്രോജക്ട് നം.380/99-00**<br>അട്ടപ്പാടി മേഖലയിലെ അർഹരായ 109 ആദിവാസികൾക്ക് ഭവന നിർമ്മാണത്തിനായി 1999-00 വർഷത്തിൽ വിഭാവനം ചെയ്ത ഈ പദ്ധതിയുടെ നിർവ്വഹണത്തിനായി 24.03.2000-ന് കോസ്റ്റ്ഫോർഡ്, തൃശ്ശൂർ എന്ന സ്ഥാപനവുമായി 6 മാസത്തിനകം പണി പൂർത്തീകരിക്കണമെന്ന നിബന്ധനയോടെ സമ്മതപത്രം ഒപ്പു വച്ചു. 3/2000-ൽ രണ്ടു ഘട്ടങ്ങളിലായി ആകെ 18,31,200/- രൂപ കോസ്റ്റ് ഫോർഡിനു കൈമാറി. എന്നാൽ 25.05.00, 07.06.00, 14.06.00 എന്നീ തീയതികളിൽ മാത്രമാണ് പുതൂർ, ഷോളയൂർ, അഗളി ഗ്രാമപഞ്ചായത്തുകളിൽ നിന്നും ഗുണഭോക്തൃ ലിസ്റ്റ് ജില്ലാ പഞ്ചായത്തിൽ ലഭ്യമായത്. ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാകുന്നതിനു മുമ്പ് തന്നെ 18,31,200/- രൂപ നൽകിയത് ക്രമപ്രകാരമല്ല. നാളിതുവരെയുള്ള വീട് നിർമ്മാണം സംബന്ധിച്ച റിപ്പോർട്ടും, ചെലവാക്കിയ സംഖ്യയും ഹാജരാക്കാൻ ജില്ലാ പഞ്ചായത്ത് ആവശ്യപ്പെട്ടതിൽ 20.03.2002-ലെ കോസ്റ്റ് ഫോർഡിന്റെ മറുപടിയിൽ 71 വീടുകളുടെ പണി തുടങ്ങിയതായും, 38 വീടുകൾ കോൺക്രീറ്റ് ചെയ്തതായും അറിയിച്ചിട്ടുണ്ട്. എന്നാൽ ജില്ലാ പഞ്ചായത്ത് നടത്തിയ അന്വേഷണത്തിൽ 31.03.2002 വരെ 44 വീടുകളുടെ പണി ആരംഭിച്ചതായി കാണുന്നില്ല എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. ഇത്തരത്തിൽ നിർവ്വഹണ ഏജൻസി തെറ്റായ വിവരം നൽകിയതും, കരാർ ലംഘനം നടത്തിയതും ജില്ലാ പഞ്ചായത്തിന് നേരിട്ട് ബോദ്ധ്യമായിട്ടും സമയബന്ധിതമായ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. പദ്ധതിപ്പണം മുൻകൂർ കൈമാറിയിട്ടും നിർവ്വഹണ ഏജൻസിയുടെയും ജില്ലാ പഞ്ചായത്ത് അധികൃതരുടെയും വീഴ്ചമൂലം ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ആനുകൂല്യം അനുഭവവേദ്യമാക്കാനായില്ല. | **പാലക്കാട് ജില്ലാ പഞ്ചായത്ത് അധികൃതരുടെ മറുപടി**<br><br>ടി പരാമർശത്തിന് കോസ്റ്റ് ഫോർഡ് നൽകിയ മറുപടി താഴെ ചേർക്കുന്നു.<br><br>__പ്രോ.നം.380/99-00__<br><br>ജില്ലാ പഞ്ചായത്ത് മുഖേന നടപ്പാക്കിയ വീട് നിർമ്മാണ പദ്ധതിക്കായി കോസ്റ്റ്ഫോർഡ് കൈപ്പറ്റിയ തുകയും വീടുകളുടെ എണ്ണവും ബാക്കി തുക അഡ്ജസ്റ്റ് ചെയ്തതിന്റെ വിവരങ്ങളും തുക തിരിച്ചടച്ചതിന്റെ വിവരങ്ങളും താഴെ ചേർക്കുന്നു.<br><br>**പണി പൂർത്തീകരിച്ച വീടുകൾ ഊര് തിരിച്ചുള്ള വിവരം**<br><br>1998-1999 സാമ്പത്തിക വർഷം ലഭിച്ച തുക - 2985000 രൂപ<br>ചിണ്ടക്കി ഊര് - 23<br>മുലക്കൊമ്പ് ഊര് - 20<br>വച്ചപതി ഊര് - 28<br>------------------------------<br>ആകെ - 71<br>------------------------------<br>1999-2000 സാമ്പത്തിക വർഷം ലഭിച്ച തുക - | പ്രോ. നം. 380/ 99-00 പ്രകാരം ഏറ്റെടുത്ത ഭവന നിർമ്മാണ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. | |

| | | | | | |
|---|---|---|---|---|---|
| | പ്രോജക്ട് നം.353/2000-01<br>കറുമ്പ സമുദായത്തിൽപ്പെട്ട 37 ആദിവാസി കുടുംബങ്ങൾക്ക് ഭവനം നിർമ്മിച്ച് നൽകുക എന്ന ലക്ഷ്യത്തോടെ 2000-01 വർഷത്തിൽ വിഭാവനം ചെയ്ത ഈ പദ്ധതിയുടെ നിർവ്വഹണത്തിനായി 31.03.01-ന് കോസ്റ്റ്ഫോർഡ്, തൃശ്ശൂർ എന്ന സ്ഥാപനവുമായി കരാർ ഒപ്പ് വെച്ചു. കോസ്റ്റ്ഫോർഡിന് 31.03.01-ന് മുൻകൂറായി 3,10,800/- രൂപ നൽകിയെങ്കിലും നാളിതുവരെ പദ്ധതി നിർവ്വഹണം നടത്തിയിട്ടില്ല. റോഡുകളുടെ അപര്യാപ്തത മൂലം വീട് പണിക്കാവശ്യമായ വസ്തുക്കൾ ഓരോ സ്ഥലത്തേക്കും എത്തിക്കുവാൻ സാധ്യമല്ലെന്നും, മുൻകൂർ തിരിച്ചടക്കുവാൻ തയ്യാറാണെന്നും 20.03.02-ൽ കോസ്റ്റ്ഫോർഡ് ജില്ലാ പഞ്ചായത്തിനെ അറിയിക്കുകയുണ്ടായി. ഏറ്റെടുക്കുന്ന പദ്ധതികളുടെ ഫലപ്രാപ്തിയെ സംബന്ധിച്ച് സാധ്യതാ പഠനം നടത്താതെ പദ്ധതികൾക്കായി തുക ചെലവഴിക്കുന്ന നടപടി ആശാസ്യമല്ല. ആയതിനാൽ അയഥാർത്ഥമായി വിഭാവനം ചെയ്യപ്പെട്ട ടി പദ്ധതിക്കായി മുൻകൂർ നൽകിയ തുക പിഴപലിശ സഹിതം തിരിച്ച് പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1831200 രൂപ<br>നെല്ലിപ്പതി - 4<br>മുലക്കൊമ്പ് - 1<br>ലക്ഷം വീട് - 2<br>വട്ടലക്കി - 1<br>താഴെ മുള്ളി - 3<br>കാവുണ്ടിക്കൽ - 13<br>കോട്ടത്തറ - 3<br>ഉമ്മത്തുംപടി - 1<br>തച്ചംപടി - 2<br>സ്വർണ്ണഗദ - 1<br>കൊല്ലംകടവ് - 13<br>ആകെ 44 | | | |
| | | | പ്രോ.നം.353/2000-01<br>അട്ടപ്പാടിയിലെ ആദിവാസികൾക്കുള്ള ഭവന നിർമ്മാണത്തിന് വേണ്ടി ജില്ലാ പഞ്ചായത്തിൽ നിന്നും അഡ്വാൻസായി 310800/- രൂപ കോസ്റ്റ് ഫോർഡ് ഓഫീസിൽ ലഭിച്ചിരുന്നുവെന്നും എഞ്ചിനീയർമാർ സ്ഥലം സന്ദർശിച്ചപ്പോൾ സാധന സാമഗ്രികൾ എത്തിക്കാൻ കഴിയാത്ത സ്ഥലമാണെന്നും മനസ്സിലായി. ആയത് ജില്ലാ പഞ്ചായത്ത് അധികൃതർ അന്വേഷിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി പ്രവൃത്തിയിൽ നിന്നും കോസ്റ്റ് ഫോർഡിനെ ഒഴിവാക്കിയിട്ടുള്ളതാണ്. ജില്ലാ ആശുപത്രിയിലെ മോർച്ചറി കെട്ടിടം പണിയുന്നതിനുവേണ്ടി ജില്ലാ പഞ്ചായത്തിൽ നിന്നും യഥാസമയം കിട്ടേണ്ട സംഖ്യ ആവശ്യപ്പെട്ടപ്പോൾ ഭവനനിർമ്മാണ പദ്ധതിക്ക് | പ്രോ.നം. 353/2000-01 പ്രകാരമുള്ള ഭവന നിർമ്മാണ പദ്ധതി ഉപേക്ഷിച്ചു.<br><br>ബാക്കിയുണ്ടായിരുന്ന 54,676/- രൂപയുടെ തിരിച്ചടവ് ഓഡിറ്റിൽ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്. | |

| | | | | |
|---|---|---|---|---|
| | | മുൻകൂറായി അനുവദിച്ച തുക മോർച്ചറിയുടെ പണിക്കായി ഉപയോഗിച്ചുകൊള്ളാൻ ജില്ലാ പഞ്ചായത്ത് നിർദ്ദേശിച്ചതനുസരിച്ച് പ്രസ്തുത പണി പൂർത്തീകരിച്ച് ഫൈനൽ ബില്ല് കൊടുക്കുകയും കോസ്റ്റ് ഫോർഡിന് വീട് നിർമ്മാണത്തിനു വേണ്ടി അനുവദിച്ച സംഖ്യയിൽ ജില്ലാ പഞ്ചായത്തിന്റെ ഉത്തരവ് നം.S4-544/03 തീയതി 30/03/2004 പ്രകാരം 54,676/- രൂപ കിഴിച്ച് ബാക്കി അഡ്ജസ്റ്റ് ചെയ്യുകയുമുണ്ടായി. 54,676/- രൂപ 17/04/09 ന് തിരിച്ച് അടക്കുകയും ചെയ്തു.<br><br>മേൽ കാണിച്ച മറുപടി അംഗീകരിച്ച് പിഴപ്പലിശയിൽ നിന്നും ഒഴിവാക്കിത്തരണമെന്നും പരാമർശം ഒഴിവാക്കണമെന്നും അപേക്ഷിച്ചിട്ടുണ്ട്. | | |
| 6 | **3.61.4 സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്ക് - പദ്ധതി പരാജയം (ഓഡിറ്റ് റിപ്പോർട്ട് 2001-02 ഖണ്ഡിക നമ്പർ 3-17)**<br>20 ഇൻഫർമേഷൻ ടെക്നോളജി യൂണിറ്റുകൾ സ്ഥാപിച്ച് 200 പേർക്ക് തൊഴിൽ നൽകുവാൻ ലക്ഷ്യമിട്ട ഈ പദ്ധതിയുടെ നടത്തിപ്പിനായി ജില്ലാ പഞ്ചായത്തിൽ നിന്നും 35.75 ലക്ഷം രൂപയും പാലക്കാട് നഗരസഭയിൽ നിന്നും 15 ലക്ഷം രൂപയും ജില്ലാ വ്യവസായ കേന്ദ്രം മാനേജരുടെ അക്കൗണ്ടിലേക്ക് കൈമാറുകയുണ്ടായി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനർ ആയും ഒരു ചാരിറ്റബിൾ സൊസൈറ്റി 12.01.99 ന് രൂപീകരിക്കപ്പെട്ടു.<br>കമ്പ്യൂട്ടറുകൾക്കും, അനുബന്ധ സാമഗ്രികൾക്കും, എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജിനത്തിലുമായി20,75,000/- രൂപ സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്ക് ഓഫ് ഇന്ത്യ, തിരുവനന്തപുരം എന്ന സ്ഥാപനത്തിനു നൽകിയെങ്കിലും ഇതിൽ 18,09,342/- രൂപ ചെലവഴിച്ചതായി മാത്രമേ കാണുന്നുള്ളൂ. ബാക്കി തുകയായ 2,65,658/- രൂപയുടെ വിനിയോഗത്തിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. പ്രതിമാസം 31,576.50 രൂപ നിരക്കിൽ വാടക നിശ്ചയിച്ച് 17.05.99 ന് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചുവെങ്കിലും 31.03.03-ന് വാടക കെട്ടിടം ഒഴിഞ്ഞതോടെ കെട്ടിടത്തിൽ പ്രവർത്തിച്ചു വന്ന 5 യൂണിറ്റുകളുടെയും പ്രവർത്തനം നിലച്ചു. | **പാലക്കാട് ജില്ലാ പഞ്ചായത്ത് അധികൃതരുടെ മറുപടി**<br><br>പരാമർശം സംബന്ധിച്ച് ജില്ലാ വ്യവസായ കേന്ദ്രം മാനേജർ 22/04/2014 തീയതിയിൽ സമർപ്പിച്ചിട്ടുള്ള മറുപടികൾ താഴെ കൊടുക്കുന്നു.<br><br>എസ്.ടി.പി യുമായി ബന്ധപ്പെട്ട് കമ്പ്യൂട്ടറുകൾക്കും അനുബന്ധ സാമഗ്രികൾക്കും മറ്റുമായി 20,75,000/- രൂപ സോഫ്റ്റ് വെയർ ടെക്നോളജി പാർക്ക് ഓഫ് ഇന്ത്യ, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് നല്കിയിരുന്നു. 01/04/2001 ലെ ബാലൻസ് തുകയായ 3,80,973/- രൂപയിൽ ഇന്റർനെറ്റ് ചാർജ്ജായി 2,77,194/- രൂപ ചെലവഴിക്കുകയും ബാക്കി 1,03,779/- രൂപ 03/01/2003 ന് തിരിച്ചടക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത തുക 10/01/2003 ന് SBI സിവിൽ സ്റ്റേഷൻ ശാഖയിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്കിന് കെട്ടിടം | സോഫ്റ്റ് വെയർ ടെക്നോളജി പാർക്ക് ഓഫ് ഇന്ത്യ എന്ന സ്ഥാപനത്തിന്റെ കൈവശമുണ്ടായിരുന്ന തുക 1,03,779/- രൂപ തിരികെ ഈടാക്കിയിട്ടുണ്ട്. ആയത് ഓഡിറ്റിൽ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്.<br><br>സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്കിനായി 2004 വർഷത്തിൽ 21 യൂണിറ്റുകൾക്ക് പ്രവർത്തിക്കുവാൻ സൗകര്യങ്ങളുള്ള കെട്ടിടം ജില്ലാ പഞ്ചായത്ത്നിർമ്മിച്ചിട്ടുണ്ട്. | |

| | | | |
|---|---|---|---|
| 17.05.99 മുതൽ 31.03.2003 വരെയുള്ള 45 മാസത്തെ വാടകയായ 14,20,942.50 രൂപയുടെ അധിക ബാദ്ധ്യത ഈ ഇനത്തിൽ ഉണ്ടായിട്ടുണ്ട്. കെട്ടിടം ഒഴിയുമ്പോൾ ഉണ്ടായിരുന്ന കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ സാമഗ്രികളും ജില്ലാ പഞ്ചായത്തിന് തിരിച്ചേൽപ്പിച്ചതിന് രേഖകളില്ല.<br>1,77,000/- രൂപ ചെലവഴിച്ച് 1 ഏക്കർ സ്ഥലം കഞ്ചിക്കോട് വ്യവസായ മേഖലയിൽ 4/02-ൽ വാങ്ങുകയും, കെട്ടിട നിർമ്മാണത്തിനായി 15,65,359/- രൂപ ചെലവഴിക്കുകയും ചെയ്തു. വൈദ്യുതീകരണത്തിനായി 1,88,599/- രൂപയും ചെലവു വന്നു. 6/04-ൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും ഈ കെട്ടിടത്തിൽ നാളിതുവരെ ഒരു ഐ.ടി യൂണിറ്റു പോലും പ്രവർത്തനം ആരംഭിച്ചിട്ടില്ല. അനുദിനം മാറിക്കൊണ്ടിരിക്കുന്ന ഐ.ടി മേഖലയിൽ എസ്.റ്റി.പി പോലെയുള്ള സംരംഭങ്ങൾ തുടങ്ങുമ്പോൾ പ്രകടിപ്പിക്കേണ്ടിയിരുന്ന ദീർഘവീക്ഷണം നിർവ്വഹണാധികാരികൾക്ക് ഇല്ലാതെ പോയതാണ് ഈ പദ്ധതിയുടെ പരാജയത്തിന് കാരണം. ഈ സംരംഭത്തിനായി ചെലവിട്ട തുക പാഴ്ചെലവായി വിലയിരുത്തുന്നു. നഷ്ടം തിട്ടപ്പെടുത്തുവാൻ ഉന്നതതല അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. | വാടകയ്ക്ക് കൊടുക്കുന്നതിന് സ്ക്വയർ ഫീറ്റിന് 4.50 രൂപ ക്രമത്തിൽ വാടക നിശ്ചയിച്ച് നൽകുന്നതിന് ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ 28/04/2000 ലെ V(2) ാം തീരുമാന പ്രകാരം അനുവദിച്ചിട്ടുണ്ട്. അത് അനുസരിച്ചാണ് സ്ഥാപനം ആരംഭിച്ച 17/05/1999 മുതൽ 31/03/2003 ന് കെട്ടിടം ഒഴിഞ്ഞ തീയതി വരെ വാടക നിശ്ചയിച്ച് നൽകിയത്. എന്നാൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സ്ക്വയർ ഫീറ്റിന് 8/- രൂപയും തൊള്ളായിരം സ്ക്വയർ ഫീറ്റിന് മുകളിൽ 6.50 രൂപയും നിശ്ചയിച്ചാണ് സംരംഭങ്ങൾക്ക് നൽകിയത്. നിലവിൽ ടി സ്ഥാപനത്തിന്റെ താഴത്തെ നിലയിൽ മുറികൾ ഉണ്ട്. 8-ാമത്തെ മുറി വലിപ്പം കൂടിയതിനാൽ മുറികളായി ഭാഗിച്ചിട്ടുണ്ട്. താഴത്തെ നിലയിലെ എല്ലാ മുറികളും വാടകയ്ക്ക് നല്കിയിട്ടുണ്ട്. സ്ഥാപനത്തിന്റെ മുകൾ നിലയിൽ 11 മുറികൾ ഉണ്ട്. അതിൽ ഒരു മുറി മാത്രം വാടകയ്ക്ക് നൽകിയിട്ടുണ്ട്. മുറികളിൽ വൈദ്യുതീകരണം പൂർത്തിയായിട്ടില്ല. ബാക്കി മുറികൾ വാടകയ്ക്ക് നല്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഓരോ മുറികൾക്കും 750/- രൂപ വീതം വാടകയും 8,250/- രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റുമായി ഈടാക്കുന്നു. വാടക ഇനത്തിൽ സ്ഥാപനത്തിന് 3/2014 വരെ ആകെ 11,72,008/- രൂപ ലഭിച്ചിട്ടുണ്ട്. മേൽ പറഞ്ഞ സാഹചര്യത്തിൽ സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്കിന് വാടക നിശ്ചയിച്ച് നല്കിയതനുസരിച്ച് ബാധ്യത ഒന്നും ഉണ്ടായിട്ടില്ല എന്ന് ജില്ലാ വ്യവസായ കേന്ദ്രം അറിയിച്ചിരിക്കുന്നു. ആയതിനാൽ ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള പരാമർശങ്ങൾ ഒഴിവാക്കി തരണമെന്നും അഭ്യർത്ഥിച്ചിരിക്കുന്നു. | നിലവിൽ 13 കമ്പ്യൂട്ടർ അധിഷ്ഠിത യൂണിറ്റുകൾ പാർക്കിൽ പ്രവർത്തിക്കുന്നുണ്ട്. 8 മുറികൾ താത്കാലികമായി ഒഴിഞ്ഞു കിടക്കുന്നുണ്ട്.<br>ജില്ലാ പഞ്ചായത്തിന്റേയും വ്യവസായ വകുപ്പിന്റേയും തുടർ പ്രവർത്തനങ്ങളുടെ ഫലമായി ഒരു പരിധിവരെ സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്ക് ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടുള്ളതായി വിലയിരുത്തുന്നു.<br>19-2-2018 ന് ഓഡിറ്റ് ജില്ലാ പഞ്ചായത്തിൽ നടത്തിയ പരിശോധനയിൽ വസ്തുതകൾ ബോധ്യപ്പെട്ടിട്ടുണ്ട്. | |

| | | | | |
|---|---|---|---|---|
| 7 | **3.62 അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത്**<br>**3.62.1 എസ്.ജി.ആർ.വൈ പ്രത്യേക ഘടക പദ്ധതി - ധാന്യ വിഹിതം അധികമായി അനുവദിച്ചു**<br>**(ഓഡിറ്റ് റിപ്പോർട്ട് 2002-03 ഖണ്ഡിക നമ്പർ:3-12 (എ.ബി.സി))**<br>പാലക്കാട് ജില്ലയിലെ വരൾച്ച ബാധിത പ്രദേശങ്ങളിൽ തൊഴിൽദിനങ്ങൾ സൃഷ്ടിക്കാനും അതുവഴി വരൾച്ച മൂലമുണ്ടാകുന്ന കെടുതികളെ ഫലപ്രദമായി തടയുവാനും ലക്ഷ്യമിട്ട് എസ്.ജി.ആർ.വൈ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് നടപ്പിലാക്കിയ പദ്ധതിയാണിത്. പ്രത്യേക ഘടക പദ്ധതി അനുസരിച്ച് 1000 ടൺ അരി പാലക്കാട് ജില്ലാ കളക്ടറുടെ നിർദ്ദേശ പ്രകാരം ജില്ലാ ഗ്രാമ വികസന ഏജൻസി അട്ടപ്പാടി ബ്ലോക്കിനു നൽകിയിട്ടുണ്ട്. അതിൽ 921.547 ടൺ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. ബാക്കി 78.453 ടൺ ഭക്ഷ്യധാന്യത്തിന്റെ വിനിയോഗം പരിശോധിക്കുവാൻ കഴിയുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഭക്ഷ്യധാന്യവില 9,49,281/- രൂപ (78453X12.10) ചെലവിനുത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കണം. ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനങ്ങളുടെ രേഖ പരിശോധിച്ചതിൽ അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്ട് ഗോഡൗണിൽ നിന്നും അട്ടപ്പാടി സഹകരണ ഫാമിംഗ് സംഘത്തിൽ ഇറക്കി സംഭരിച്ചത് 1856 ക്വിന്റലും ട്രാൻസ്പോർട്ട് ചെയ്തത് 2000 ക്വിന്റലുമാണ്. 144 ക്വിന്റൽ അരിയുടെ വില 14400 X12.10=1,74,240 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കണം. | **അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് അധികൃതരുടെ മറുപടി**<br>പദ്ധതിയുടെ ഫയൽ (നം.എ 1-4247/02), ഭക്ഷ്യധാന്യ വിതരണത്തിന്റെ സ്റ്റോക്ക് രജിസ്റ്ററുകൾ എന്നിവ 7-4-2018 ന് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഡിറ്റ് കാര്യാലയം പാലക്കാട് മുമ്പാകെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്.<br>ഖണ്ഡികയിലെ പരാമർശ പ്രകാരമുള്ള തുക ഉത്തരവാദിയായ ഉദ്യോഗസ്ഥൻ നാളിതുവരെ ഒടുക്കിയിട്ടില്ല. | 7-4-2018 ന് അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിന്റെ , വിശദാംശങ്ങൾ താഴെ ചേർക്കുന്നു.<br>1. 1000 ടൺ ഭക്ഷ്യധാന്യ മാണ് ആദ്യ ഘട്ടത്തിൽ ബ്ലോക്ക് പഞ്ചായത്തിന് അനുവദിച്ചിട്ടുള്ളത്.എന്നാൽ 3/2003 വരെ യഥാർത്ഥ ത്തിൽ ലഭ്യമായത് 897.395 ടൺ ഭക്ഷ്യ ധാന്യമാണ്.<br>മൂന്നു ഘട്ടങ്ങളായാണ് എഫ്.സി.ഐ യിൽ നിന്നും 897.395 ടൺ അരി ലഭ്യമായത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.<br>1. 13-1-03 - 200 ടൺ<br>2. 6-3-03 - 200 ടൺ<br>3. 16-3-03 - 497.395 ടൺ<br>**ആകെ - 897.395 ടൺ**<br>2002-03 വർഷത്തെ എസ്.ജി.ആർ.വൈ പദ്ധതിയുടെ ഭക്ഷ്യ ധാന്യ | |

| | | | |
|---|---|---|---|
| | | വിതരണത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ 44 പ്രവൃത്തികളുടെ വിവരം രേഖപ്പെടുത്തിയിട്ടുണ്ട്. ആയതനുസരിച്ച് ആകെ 928.094 ടൺ അരി വിതരണം ചെയ്തിട്ടുണ്ട്.<br>ആകെ ലഭ്യമായത് - 897.395 ടൺ<br><br>രജിസ്റ്റർ പ്രകാരം വിതരണം ചെയ്തത് - 928.094<br><br>വ്യത്യാസം= - 30.699 ടൺ<br><br>ലഭ്യമായതിലും അധികം അരി വിതരണം ചെയ്തതായാണ് സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ സൂചിപ്പിക്കുന്നത്.<br><br>3/2003 ന് ശേഷം എഫ്.സി.ഐ യിൽ നിന്നും ലഭ്യമായ അരിയുടെ കണക്ക് ഫയലിൽ സൂക്ഷിക്കാത്തതിനാൽ സ്റ്റോക്കിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. കൃത്യമായ വിശദീകരണവും | |

<table>
<tr><td></td><td></td><td></td><td>ലഭ്യമായിട്ടില്ല.<br><br><u>ട്രാൻസ്പോർട്ടേഷൻ</u><br><br>2000 ക്വിന്റൽ അരി ലഭ്യമായതിൽ 1856 ക്വിന്റൽ അരി ട്രാൻസ്പോർട്ട് ചെയ്തതിന്റെ രേഖകളാണ് ലഭ്യമാക്കിയിരുന്നത്. 144 ക്വിന്റൽ അരി ട്രാൻസ്പോർട്ട് ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.</td><td></td></tr>
<tr><td>8</td><td>3.63 പുതുശ്ശേരി ഗ്രാമപഞ്ചായത്ത്<br>3.63.1 തൊഴിൽ നികുതി - കുടിശ്ശിക പിരിവ് - പിഴപലിശ ഈടാക്കിയില്ല<br>(ഓഡിറ്റ് റിപ്പോർട്ട് : 2000-01 ഖണ്ഡിക നമ്പർ : 2-8)<br>പുതുശ്ശേരി ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി യഥാസമയം ഒടുക്കാതെ കുടിശ്ശിക വരുത്തി ഒടുക്കിയപ്പോൾ കേരളാ പഞ്ചായത്ത് രാജ് ആക്ട് 209-ാം വകുപ്പ് പ്രകാരം ഈടാക്കേണ്ടിയിരുന്ന പിഴപലിശ ഈടാക്കാതിരുന്നതു മൂലം 142374/- രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായതായി കണ്ടെത്തി. പിഴപലിശ ഈടാക്കുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് സർക്കുലർ നം.51457/എൻ.1/തഭവ തീയതി 24.08.2000 പ്രകാരം സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. നിയമാനുസൃതമായി ഈടാക്കേണ്ട പിഴപലിശ ഈടാക്കാതിരുന്നതുമൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.</td><td>സർക്കാർ ലഭ്യമാക്കിയ മറുപടി<br>താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും പിഴപ്പലിശ ഇനത്തിൽ ഈടാക്കേണ്ട സംഖ്യയും, ഈടാക്കിയ സംഖ്യയുടെ വിവരങ്ങളും ചുവടെ ചേർക്കുന്നു.<br>
<table>
<tr><th>ക്രമ നം.</th><th>സ്ഥാപനത്തിന്റെ പേര്</th><th>ഈടാക്കേണ്ട തുക</th><th>ഈടാക്കിയ തുക</th><th>രശീതി നമ്പർ</th></tr>
<tr><td>1</td><td>FCRI</td><td>7004</td><td></td><td></td></tr>
<tr><td>2</td><td>Indo Tech Transformers</td><td>399</td><td>399</td><td>185096 17/02/07</td></tr>
<tr><td>3</td><td>AVP Coimbatore</td><td>3772</td><td>3772</td><td>12/1063 2.2.07</td></tr>
<tr><td>4</td><td>Hindustan Petrolium</td><td>5246</td><td>--</td><td>--</td></tr>
<tr><td>5</td><td>Malabar Cements</td><td>27320</td><td>--</td><td>--</td></tr>
</table></td><td>കണക്കാക്കിയ പിഴ പലിശയിൽ രേഖകളുടെ അടിസ്ഥാനത്തിൽ ഒഴിവാക്കി നൽകാവുന്ന തുക 15565 രൂപയാണ്.<br><br>1. ഗ്രാമലക്ഷ്മി മുദ്രാലയം - 2302<br>2. പാറ്റ്സ്പിൻ - 6259<br>3. എഫ്.സി.ആർ. ഐ - 7004<br>ആകെ - 15565 രൂപ<br>നിലവിൽ പ്രവർത്തിക്കാത്ത സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുവാനുള്ള തുക 12887 രൂപയാണ്. ടി തുക എഴുതി തള്ളുന്നതിനായി കേരള പഞ്ചായത്ത് രാജ്</td><td></td></tr>
</table>

| | | | | | |
|---|---|---|---|---|---|
| 6 | Patspin | 786 | 786 | 33/1063<br>1.02.07 | (വസൂലാക്കാൻ സാധിക്കാത്ത തുകകൾ എഴുതിതള്ളൽ) ചട്ടങ്ങൾ, 1998 അനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. മേൽ തുകകൾ കുറച്ചുള്ള 26944 രൂപ ഈടാക്കുവാൻ അവശേഷിക്കുന്നുണ്ട്. ടി തുക ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റേതാണ് ആർ.ആർ നടപടിയിലൂടെ തുക ഈടാക്കുവാനായി യൂസർ നെയിം, പാസ്‌വേർഡ് എന്നിവ അനുവദിക്കുവാൻ 25-8-2014 ന് ജില്ലാ കളക്ടറേറ്റിൽ അപേക്ഷിച്ചിട്ടുണ്ടെങ്കിലും പുരോഗതി ഉണ്ടായിട്ടില്ല. |
| 7 | ESI | 48 | 48 | 8/3325<br>12.4.10 | |
| 8 | Silical Mettallargic | 8070 | | | |
| 9 | KSEB | 3226 | | | |
| 10 | Marico | 2596 | | | |
| 11 | Tata Phone | 4817 | | | |
| 12 | KTC | 79 | 79 | 12/5096<br>15.2.07 | |
| 13 | ITI | 27713 | | | |
| 14 | Kerala Distilaries | 2440 | 1952 | 12/5096<br>15.02.07 | |
| 15 | RP Check Post | 67 | 67 | 54 to<br>58/23311<br>27.6.06 | |
| 16 | GAD Kanjikode | 65 | 65 | 20/3325<br>13.4.10 | |
| 17 | Bristo Foods | 380 | | | |
| 18 | CPM Polymer | 134 | 134 | 30/3325<br>13.4.2010 | |
| 19 | AVP | 907 | 907 | 12/1063<br>2.2.07 | |
| 20 | AVP | 518 | 518 | 12/1063<br>2.2.07 | |

| | | | | |
|---|---|---|---|---|
| 21 | Precot Mil | 4350 | | |
| 22 | Instrumentation Ltd | 26944 | | |
| 23 | SNM Rolling Mills | 505 | | |
| 24 | Paragon Steels | 455 | 455 | 10/1066 1.2.07 |
| 25 | FCRI | 4582 | | |
| 26 | Carborandum | 4502 | | |
| 27 | Gramalakshmi Mudralayam | 2302 | | |
| 28 | SBI Kanjikode | 1140 | 1140 | 61/1063 12.02.07 |
| | | 140367 | 10322 | |

NB: Audit സമാഹൃത റിപ്പോർട്ടിൽ IL, Patspin, MCL, Kerala Distilleries എന്നീ സ്ഥാപനങ്ങളുടെ 2000-2001 സാമ്പത്തിക വർഷങ്ങളിലെ തൊഴിൽ നികുതിയുടെ പിഴപ്പലിശ കണക്കാക്കിയതിലുള്ള വ്യത്യാസമാണ് 2007/- രൂപയുടെ വ്യത്യാസമായി കാണപ്പെടുന്നത്. (1,40,367+2007= 142374)

ആകെ പിരിച്ചെടുക്കുവാനുള്ള സംഖ്യയായ 1,40,367/- രൂപയിൽ 10,322/- രൂപ 2010 വർഷത്തിൽ പിരിച്ചെടുത്തിട്ടുണ്ട്. ബാക്കി പിരിച്ചെടുക്കേണ്ട സംഖ്യയായ 1,30,045/- രൂപയിൽ ക്രമ നമ്പർ 8, 11 എന്നീ സ്ഥാപനങ്ങൾ 2002 മുതൽ പൂട്ടികിടക്കുകയാണ്. ആയത് പിരിച്ചെടുക്കുവാൻ കഴിയാത്ത സ്ഥിതി വിശേഷമാകയാൽ

| | | | |
|---|---|---|---|
| | ഒഴിവാക്കുന്നതിനായി ഭരണസമിതി തീരുമാനം എടുത്തിട്ടുണ്ട്. കൂടാതെ 2012 വർഷത്തിനകം 4730/- രൂപ പിരിച്ചെടുത്തിട്ടുണ്ടെന്നും ഇനി പിരിക്കുവാനുള്ള 1,12,428/- രൂപ പിരിച്ചെടുക്കുവാനുള്ള തീവ്രശ്രമം തുടരുന്നുണ്ടെന്ന വിവരം വിനയപൂർവ്വം ബോധിപ്പിക്കുന്നു. | | |
| **3.64 അകത്തേത്തറ ഗ്രാമപഞ്ചായത്ത്**<br>**3.64.1 വരവിനങ്ങളിലെ ക്രമക്കേടുകൾ - പണാപഹരണം**<br>**(ഓഡിറ്റ് റിപ്പോർട്ട്: 2001-02 ഖണ്ഡിക നമ്പർ:2-8(എ), 8(ബി))**<br>അകത്തേത്തറ ഗ്രാമപഞ്ചായത്തിലെ 2001-02 വർഷത്തെ വാർഷിക ഓഡിറ്റിന്റെ ഭാഗമായി വരവിനങ്ങളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചപ്പോൾ തൊഴിൽ നികുതി, കെട്ടിട നികുതി ഇടങ്ങിയ പ്രധാന വരവിനങ്ങൾ അക്കൗണ്ട് ചെയ്യുന്നതിൽ വ്യാപകമായ ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി. 1/99 മുതൽ 7/2003 വരെയുള്ള കാലയളവിൽ നികുതി ദാതാവിന് നൽകുന്ന രസീതിയിൽ കാണിച്ചിട്ടുള്ള തുകയെക്കാളും കുറഞ്ഞ തുക പഞ്ചായത്തിലെ രേഖകളിൽ കാണിച്ച് ശ്രീ.എം.പി.ശരത്ചന്ദ്രൻ, യു.ഡി ക്ലാർക്ക് 431776/- രൂപ അപഹരിച്ചതായി ശ്രദ്ധയിൽപ്പെട്ടു. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നിർദ്ദേശ പ്രകാരം രസീതി നം.70633/63 തീയതി 04.07.03 അനുസരിച്ച് 400000/- രൂപ ടിയാൻ അകത്തേത്തറ സഹകരണ ബാങ്കിൽ അടച്ചിട്ടുള്ളതായി ബോധ്യപ്പെട്ടു. എന്നാൽ അപഹരിക്കപ്പെട്ട 31776/- രൂപ പിഴപ്പലിശ സഹിതം ഈടാക്കിയിട്ടില്ല. 1/99 മുതൽ 7/03 വരെയുള്ള കാലയളവിൽ ഇപ്രകാരം വ്യാപകമായ രീതിയിൽ തിരിമറി നടന്നിട്ടും ഉന്നതാധികാരികൾ ഈ വിഷയം ശ്രദ്ധിച്ചതായോ നടപടികൾ സ്വീകരിച്ചതായോ കാണുന്നില്ല. | **സർക്കാർ ലഭ്യമാക്കിയ മറുപടി**<br>ധനാപഹരണം നടത്തിയതിന്റെ പേരിൽ 27.05.2006 മുതൽ സസ്പെൻഷനിലായിരുന്ന ശ്രീ.എം.പി.ശരത്ചന്ദ്രൻ മലപ്പുറം ജില്ലയിലെ കാളികാവ് ഗ്രാമപഞ്ചായത്തിൽ യു.ഡി ക്ലാർക്കായി 08.04.2009-ന് ജോലിയിൽ പുനഃപ്രവേശനം നേടിയിട്ടുണ്ട്. ഓഡിറ്റിലെ പരാമർശമനുസരിച്ച് ടിയാനിൽ നിന്ന് തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുകയും അതനുസരിച്ച് അടക്കുവാനുണ്ടായിരുന്ന 31,776/- രൂപ ആയതിന്റെ പിഴപ്പലിശ 110862/- രൂപയും സഹിതം 142638/- രൂപ 9/09 മുതൽ എല്ലാ മാസവും 3000 രൂപ വെച്ച് ഈ ഓഫീസിൽ അടച്ചു വരുന്നുണ്ട്. നാളിതുവരെ 81000/- രൂപ തിരിച്ചടച്ചിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു. | ശ്രീ. ശരത്ചന്ദ്രൻ 142638/- രൂപ 09/2009 മുതൽ 11/2013 വരെയുള്ള കാലയളവിൽ പ്രതിമാസ തവണകളായി ഒടുക്കിയതിന്റെ രേഖകൾ 8-5-2014 ന് ഓഡിറ്റ് പ്രാദേശിക പരിശോധന നടത്തി ബോധ്യപ്പെട്ടിട്ടുണ്ട്.<br><br>ശ്രീ. ശരത് ചന്ദ്രൻ, യുഡിസി സേവനത്തിൽ നിന്നും വിരമിച്ചു. | |
| **3.65 പട്ടാമ്പി ഗ്രാമപഞ്ചായത്ത്**<br>**3.65.1 വാർഷിക വാടക വർദ്ധനവു വ്യവസ്ഥ ചെയ്യാതെ ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ ലേലത്തിൽ നൽകിയതു മൂലം നഷ്ടം**<br>**(ഓഡിറ്റ് റിപ്പോർട്ട്: 2002-03, ഖണ്ഡിക നമ്പർ:2-7)**<br>പട്ടാമ്പി ഗ്രാമപഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിലെ 46 മുറികൾ 2000-01, 2001-02, 2002-03 വർഷങ്ങളിലേക്ക് കരാർ ലേലത്തിലൂടെ വാടകക്ക് നൽകുകയുണ്ടായി. പ്രതിമാസ വാടകയിൽ 5% വാർഷിക | **പട്ടാമ്പി ഗ്രാമപഞ്ചായത്ത് അധികൃതരുടെ മറുപടി**<br>തദ്ദേശ (എബി) വകുപ്പ് സെക്രട്ടറിയുടെ 5.1.09 ലെ കത്ത് നം.59667/എബി3/ 08/തസ്വഭവ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ഭരണസമിതി അംഗങ്ങൾ, പഞ്ചായത്ത് സെക്രട്ടറി എന്നിവരിൽ നിന്ന് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മുൻ ഭരണസമിതി അംഗം | രണ്ട് മുൻ സെക്രട്ടറിമാരും, ഒരു ഭരണസമിതി അംഗവും ചേർന്ന് ആകെ 71949 രൂപ തിരിച്ചടച്ചിട്ടുണ്ട്.<br><br>117699 രൂപ ഈടാക്കുവാൻ | |

| | | | | |
|---|---|---|---|---|
| | വർദ്ധനവ് കരാറിൽ വ്യവസ്ഥ ചെയ്യാതിരുന്നതു മൂലം പഞ്ചായത്തിന് കുറഞ്ഞത 89648/- രൂപയുടെ നഷ്ടമുണ്ടായതായി ഓഡിറ്റിൽ കണ്ടെത്തി. പഞ്ചായത്ത് ഡയറക്ടറുടെ 13.12.94 ലെ സർക്കുലർ നമ്പർ സി 2-28497/94, ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 20.06.02 എസ്.എ.നം.380-1991 (സി) കേസിന്റെ വിധിന്യായം എന്നിവയിൽ വാർഷിക വാടക വർദ്ധനവ് സംബന്ധിച്ച നിർദ്ദേശങ്ങൾ നിലവിലുണ്ടെങ്കിലും ആയത് പാലിക്കപ്പെട്ടിട്ടില്ല. | ശ്രീ.കെ.ആർ. നാരായണ സ്വാമി 25000 രൂപയും, മുൻ സെക്രട്ടറിമാരായ ശ്രീ.പി.രാമചന്ദ്രൻ 30966 രൂപയും ശ്രീ.സി.എൻ.ബാബു 15983 രൂപയും തിരിച്ചടച്ചു. ആകെ 71949 രൂപ തിരിച്ചടച്ചിട്ടുണ്ട്. ബാക്കി തുക 117699 രൂപയാണ്.<br>മറ്റ് ഭരണ സമിതി അംഗങ്ങളിൽ നിന്ന് തുക ഈടാക്കുന്നതിനുള്ള നടപടി ഒഴിവാക്കി തരണമെന്ന് 6.3.2012 ലെ 4-ാം നമ്പർ പഞ്ചായത്ത് തീരുമാന പ്രകാരം സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. (2.4.12 ലെ എ 5/405/12 -ാം നമ്പർ കത്ത്) തുടർ നടപടികളുടെ വിവരം ലഭ്യമല്ല. | അവശേഷിക്കുന്നുണ്ട്.<br>തുടർനടപടികളുടെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. | |
| 11 | **3.66 കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത്**<br>**3.66.1 ബിറ്റുമിൻ വാങ്ങൽ - സ്റ്റോക്ക്, വിനിയോഗം- വിവരങ്ങൾ ലഭ്യമല്ല**<br>**(ഓഡിറ്റ് റിപ്പോർട്ട്: 1999-2000 ഖണ്ഡിക നമ്പർ:3-7)**<br>സിഡ്കോയിൽ നിന്നും രണ്ട് തവണയായി 18.12 മെട്രിക് ടൺ ബിറ്റുമിൻ 236020/- രൂപ ചെലവഴിച്ച് വാങ്ങിയിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തി. എന്നാൽ സ്റ്റോക്ക് വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലുകൾ, അളവു പുസ്തകം എന്നിവ പരിശോധിച്ചതിൽ 10401 കിലോഗ്രാം ടാർ വിതരണം ചെയ്തിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്. ബാക്കിയുള്ള 7719 കിലോഗ്രാം ടാറിന്റെ വിനിയോഗം സംബന്ധിച്ച യാതൊരു രേഖകളും ഹാജരാക്കിയിട്ടില്ല. ആയതിനാൽ കിലോഗ്രാമിന് 13/- രൂപ നിരക്കിൽ 7719 കിലോഗ്രാം ടാറിന്റെ വിലയായ 100347/- രൂപ ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടമായി കണക്കാക്കി ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരിച്ച് പിടിക്കേണ്ടതാണ്. | **ഗ്രാമപഞ്ചായത്ത് അധികൃതരുടെ മറുപടി**<br>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ശ്രീ.എ.സുബ്രമണ്യൻ, ഓവർസിയർ താഴെപറയും പ്രകാരം തുക തിരിച്ചടച്ചിട്ടുണ്ട്.<br>1. 11202101685/ 27-7-2012 - 80000<br>2. 11202102615/31-10-2012 - 20347<br>------------<br>ആകെ : 100347 രൂ.<br>------------ | 26-12-2012 ന് രസീതികളുടെ അസ്സൽ പരിശോധിച്ച് 100347 രൂപ ഒടുക്കിയതിന്റെ കൃത്യത ഉറപ്പു വരുത്തിയിട്ടുണ്ട്. | |
| 12 | **3.66.2 പദ്ധതി വിഹിതം - സെക്രട്ടറി സെൽഫ് ചെക്ക് മുഖേന പിൻവലിച്ച തുകകളുടെ വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല.**<br>**(ഓഡിറ്റ് റിപ്പോർട്ട്:2000-01 ഖണ്ഡിക നമ്പർ:3(2))**<br>താഴെ സൂചിപ്പിച്ച സെൽഫ് ചെക്കുകൾ പ്രകാരം കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പിൻവലിച്ച 75000/- രൂപയുടെ വിനിയോഗ രേഖകൾ രേഖാമൂലം ആവശ്യപ്പെട്ടുവെങ്കിലും ഓഡിറ്റിന് ലഭ്യമായിട്ടില്ല. | **സർക്കാർ ലഭ്യമാക്കിയ മറുപടി**<br>(1) 1999-2000 വർഷത്തെ ജനകീയാസൂത്രണ പദ്ധതി പ്രകാരം പദ്ധതി നിർവ്വഹണത്തിനായി ഗ്രാമവികസനം എന്ന പേരിൽ ഒരു ഇംപ്ലിമെന്റിംഗ് ഏജൻസിയെ 25000/- രൂപ ഏൽപ്പിക്കുകയായിരുന്നു. കൺവീനറായ | 26-12-2012 ന് തുകകളുടെ വിനിയോഗം ഓഡിറ്റ് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്. | |

<table>
<tr>
<td>
<table>
<tr><td>ചെക്ക് നമ്പർ/തീയതി</td><td>തുക (രൂപ)</td></tr>
<tr><td>064132/27.03.2000</td><td>25000</td></tr>
<tr><td>064147/29.08.2000</td><td>50000</td></tr>
<tr><td>ആകെ</td><td>75,000/-</td></tr>
</table>
ഈ തുകയുടെ വിനിയോഗത്തെക്കുറിച്ച് അന്വേഷണം നടത്തേണ്ടതാണ്.
</td>
<td>എം.വി.കൃഷ്ണൻ മാസ്റ്റർ (പാരതൻ) ഡി.ആർ.പി യുടെ അക്കൗണ്ടിൽ നിക്ഷേപിച്ച് ആവശ്യാനുസരണം ചെലവഴിച്ച് ചെലവ് പഞ്ചായത്തിനെ അറിയിക്കുന്ന രീതിയാണ് ഉണ്ടായിരുന്നത് എന്ന് ബോധിപ്പിക്കുന്നു. (2) പഞ്ചായത്ത് വി.പി.എഫ് അക്കൗണ്ടിൽ നിന്നും ചെലവഴിച്ച 50000 രൂപ പദ്ധതി വിഹിതം ലഭിച്ചതിനു ശേഷം തിരികെ വി.പി.എഫ് അക്കൗണ്ടിൽ നിക്ഷേപിച്ച സെൽഫ് ചെക്ക് ആണ് 064147/29.08.2000. ഈ തുക പഞ്ചായത്തിന്റെ വി.പി.എഫ് അക്കൗണ്ടിൽ ചെലാൻ നമ്പർ 288 തീയതി 29.08.2000 പ്രകാരം മണ്ണാർക്കാട് സബ് ട്രഷറിയിൽ അടവാക്കിയിട്ടുണ്ട്.</td>
<td></td>
<td></td>
</tr>
<tr>
<td>3.66.3 കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പമ്പ്സെറ്റ് വിതരണ പദ്ധതിയിൽ അധിക സബ്സിഡി അനുവദിച്ചു.<br>(ഓഡിറ്റ് റിപ്പോർട്ട് 1999-2000 ഖണ്ഡിക നമ്പർ 3(14))<br>1999-2000 വാർഷിക പദ്ധതിയിൽ ഉൽപ്പാദന മേഖലയിൽ ഉൾപ്പെടുത്തിയ സമഗ്ര നെൽകൃഷി വികസന പദ്ധതി പ്രകാരം 1.5 എച്ച്.പി പമ്പ്സെറ്റ് 34 ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (എം.എസ്)നം.20/99/പ്ലാനിംഗ് തീയതി 05.04.99 ഖണ്ഡിക 3-1(എ) പ്രകാരം പാലിക്കേണ്ടിയിരുന്ന സബ്സിഡി മാനദണ്ഡം പാലിക്കാതിരുന്നതിനാൽ 114555/- രൂപയുടെ നഷ്ടം ഉണ്ടായതായി കണ്ടെത്തി. ജനറൽ - നാമമാത്ര/ചെറുകിട കർഷകർക്ക് 50 ശതമാനം സബ്സിഡിക്കു മാത്രമേ അർഹത ഉണ്ടായിരുന്നുള്ളുവെങ്കിലും ആയത് പാലിച്ചിട്ടില്ല.</td>
<td>സർക്കാർ ലഭ്യമാക്കിയ മറുപടി<br>നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ ശ്രീ.സെബാസ്റ്റ്യന്റെ റിപ്പോർട്ട് പ്രകാരം സ.ഉ.20/99/പ്ലാനിംഗ് തീയതി 05.04.09-ൽ നിർദ്ദേശിച്ചിട്ടുള്ള സബ്സിഡി മാനദണ്ഡം അനുസരിച്ച് മാത്രമാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. ഈ പദ്ധതി പ്രകാരം 50% ഗുണഭോക്തൃ വിഹിതം 124064 രൂപ (രശീത് നമ്പർ 16977/1 മുതൽ 31 വരെ 33,34,35 കൂടിയും) അടവായിട്ടുണ്ട് എന്ന വിവരം ഇതിനാൽ ബോധിപ്പിക്കുന്നു.</td>
<td>ഗുണഭോക്തൃ വിഹിതമായ 1,24,064/- രൂപ പഞ്ചായത്തിൽ ഒടുക്കിയതിന്റെ കൃത്യത 26-12-2012 ന് ഓഡിറ്റ് നടത്തിയ പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ഈ ഇനത്തിൽ പഞ്ചായത്തിന് നഷ്ടം ഉണ്ടായിട്ടില്ല.</td>
<td></td>
</tr>
<tr>
